# ദീപനാളം

സാന്ത്വനപ്രകാശമേ നയിച്ചാലും
ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2021 ജനുവരി 21 | ദീപം 53 | നാളം 36 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org





പ്രഫ. റോണി കെ. ബേബി


# ചരിത്രമെഴുതുന്ന കർഷകമുന്നേറ്റം

**കാ**ർഷികനിയമങ്ങൾക്കെതിരേ ശക്തമായ പ്രതിഷേധമുയർത്തി കർഷകർ ഡൽഹി അതിർത്തികളിലെത്തിയിട്ട് അൻപതു ദിവസത്തോളമായിട്ടും വിഷയത്തിൽ ഫലപ്രദമായ ഇടപെടൽ നടത്താതെ സമരത്തെ നിർവീര്യമാക്കുന്നതിനുള്ള കുതന്ത്രങ്ങളുമായി കേന്ദ്രസർക്കാർ മുൻപോട്ടു പോവുകയാണ്. കാർഷികനിയമത്തിനെതിരായ കർഷകരുടെ സമരം കൈകാര്യം ചെയ്ത രീതിയിൽ സുപ്രീം കോടതിയും ശക്തമായ അതൃപ്തി പ്രകടിപ്പിച്ചതോടെ കർഷകപ്രക്ഷോഭം ദേശവ്യാപകമായി ശ്രദ്ധ നേടുകയാണ്. സുപ്രീം കോടതിയുടെ പ്രതികൂലപരാമർശത്തോടെ കോടതിയുടെ ഇടപെടലിലൂടെ സമരം പൊളിക്കാം എന്ന കേന്ദ്രസർക്കാരിന്റെ നീക്കവും പാളുകയാണ്. സമരം തടയാനാകില്ലെന്നു പറഞ്ഞ കോടതി കാർഷികനിയമം മരവിപ്പിച്ചുകൂടേയെന്ന് കേന്ദ്രസർക്കാരിനോടു ചോദിച്ചത് സർക്കാരിനു പ്രതികൂലമായി മാറുകയാണു ചെയ്തത്. യാതൊരു മുന്നൊരുക്കവും ഇല്ലാതെയാണ് കാർഷികനിയമങ്ങൾ കൊണ്ടുവന്നത് എന്ന വിമർശനവും കോടതിയുടെ ഭാഗത്തുനിന്നുണ്ടായി. സമരരംഗത്തുള്ള കർഷകർക്ക് വലിയ ധാർമികവിജയമാണ് കോടതിവിധിയിലൂടെ ഉണ്ടായത്.

കാർഷികനിയമങ്ങളിൽ ഇടപെടൽ ആവശ്യപ്പെട്ട് കർഷകസംഘടനയായ ഭാരതീയ കിസാൻ യൂണിയാണ് സുപ്രീം കോടതിയിൽ ഹർജി നൽകിയത്. മതിയായ ചർച്ച നടത്താതെയാണ് കേന്ദ്രസർക്കാർ കാർഷികനിയമങ്ങൾ തിടുക്കത്തിൽ പാസാക്കിയതെന്ന് ഹർജിയിൽ ഭാരതീയ കിസാൻ യൂണിയൻ പറഞ്ഞു. ഈ നിയമങ്ങൾ നടപ്പാക്കുന്നത് കർഷകസമൂഹത്തിനു ദുരന്തമുണ്ടാക്കുകയും, കർഷകരെ ചൂഷണം ചെയ്യുന്നതിനു മതിയായ ഇടം നൽകുകയും ചെയ്യുമെന്നും ഹർജിയിൽ പറഞ്ഞിരുന്നു. ഈ ആശങ്കകൾ ശരിവച്ചുകൊണ്ടുള്ള പരാമർശമാണ് ഇപ്പോൾ സുപ്രീം കോടതി നടത്തിയിരിക്കുന്നത്.

സെപ്തംബർ 27 നു നിലവിൽ വന്ന കാർഷികനിയമങ്ങളിലെ ആശങ്ക പലതവണ സർക്കാരിനെ അറിയിച്ചിട്ടും പ്രതിഷേധിച്ചിട്ടും കണ്ടില്ലെന്നു നടിച്ചതോടെയാണ് കർഷകർ ഡൽഹി അതിർത്തിയിലേക്കു നീങ്ങിയത്. നവംബർ 25 നു പലയിടങ്ങളിൽനിന്നായി പാർലമെന്റ് ലക്ഷ്യമാക്കി കർഷകർ ഡൽഹി ചലോ മാർച്ച് ആരംഭിച്ചു. 26 നു പഞ്ചാബ്, ഹരിയാന, യു.പി. സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷകർ ഡൽഹി അതിർത്തിയിൽ എത്തിയതോടെ കൊവിഡ് ചൂണ്ടിക്കാട്ടി പോലീസ് തടഞ്ഞു. ഇതോടെ കർഷകരുടെ പോരാട്ടം സിംഗു, ശംഭു, തിക്രി, ഗാസിപൂർ അതിർത്തികളിൽ ശക്തമാക്കി.

പല തവണ കർഷകരുമായി ചർച്ച എന്ന പേരിൽ ചില പ്രഹസനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായെങ്കിലും അതിലുള്ള ആത്മാർത്ഥതയിൽ കർഷകനേതാക്കൾക്കു സംശയമുണ്ട്. താങ്ങുവിലയിൽ രേഖാമൂലം ഉറപ്പുനൽകും, സർക്കാർനിയന്ത്രിത ചന്തകൾ നിലനിർത്തും, സ്വകാര്യമേഖലയെ നിയന്ത്രിക്കും, തർക്കങ്ങളിൽ നേരിട്ട് കോടതിയെ സമീപിക്കാം തുടങ്ങിയ അഞ്ചു നിർ ദ്ദേശങ്ങളാണ് കേന്ദ്രസർക്കാർ കർഷകർക്കു രേഖാമൂലം നല്കിയത്. എന്നാൽ, വിവാദനിയമനിർമാണങ്ങൾ പിൻവലിക്കുന്നതിൽ കുറഞ്ഞൊരു തീരുമാനവും തങ്ങൾക്കു സ്വീകാര്യമല്ല എന്നാണ് കർഷകനേതാക്കളുടെ പക്ഷം. മിനിമം സഹായവില സംബന്ധിച്ച ഉറപ്പ് എഴുതി നൽകാൻ ഗവൺമെന്റ് തയ്യാറാകുമ്പോൾ അത് അംഗീകരിക്കുകയായിരുന്നില്ലേ നല്ലത് എന്ന ചോദ്യത്തിനു കർഷകസംഘടനാനേതാവ് ധലിവാളിന്റെ മറുപടി, നിലവിലുള്ള നിയമം അതേരീതിയിൽ തുടരുമ്പോൾ, മണ്ഡികൾ അപ്രത്യക്ഷമായിക്കഴിയുമ്പോൾ മിനിമം സഹായവില കടലാസിൽ എഴുതി നൽകിയിട്ട് എന്തു നേട്ടമുണ്ടാകാനാണ് എന്നായിരുന്നു. മൂന്ന് കർഷകവിരുദ്ധനിയമങ്ങളും പൂർണമായും റദ്ദു ചെയ്തിരിക്കുന്നു എന്ന ഏഴു വാക്കുകൾ മാത്രമാണ് സർക്കാരിൽനിന്ന് ഞങ്ങൾ കേൾക്കാനാഗ്രഹിക്കുന്നത്, സ്വരാജ് ഇന്ത്യയുടെ നേതാവ് യോഗേന്ദ്ര യാദവ് പറയുന്നു.

പല സംസ്ഥാനങ്ങളും എതിർക്കുന്ന നിയമങ്ങളിൽ എന്തു കൂടിയാലോചന നടന്നു എന്നാണ് കോടതി കേന്ദ്രസർക്കാരിനോടു ചോദിച്ചത്. പഞ്ചാബ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങൾ കേന്ദ്ര നിയമങ്ങൾക്കു പകരമായി സംസ്ഥാനത്തിന്റേതായ കാർഷിക നിയമങ്ങൾ പാസാക്കുകയുണ്ടായി. കേരള നിയമസഭ പുതിയ കാർഷികനിയമങ്ങൾ റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ഏകകണ്ഠമായി പാസാക്കി. രാജ്യത്തിന്റെ ഫെഡറൽ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തതാണ് ഈ സംഭവങ്ങൾ. രാജ്യത്തെ ഒരു വലിയ വിഭാഗം ജനങ്ങളുടെ അനുദിനജീവിതത്തെ ബാധിക്കുന്ന സുപ്രധാന നിയമനിർമാണങ്ങൾ ആയിട്ടുകൂടി വിഷയത്തിൽ കേന്ദ്രസർക്കാർ പുലർത്തുന്ന നിസ്സംഗത വലിയ വിമർശനങ്ങൾക്കു കാരണമായിട്ടുണ്ട്.

കർഷകസമരം കോർപ്പറേറ്റ് വിരുദ്ധ സമരമായും മാറുകയാണ്. റിലയൻസ് പെട്രോൾ പമ്പുകൾ, മാളുകൾ, മൊബൈൽ സേവനങ്ങൾ എന്നിവയ്ക്കെതിരായ ബഹിഷ്കരണ ആഹ്വാനങ്ങൾ ഉത്തരേന്ത്യയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കർഷകസംഘടനകൾ റിലയൻസ് സ്ഥാപനങ്ങൾക്കു മുന്നിൽ ധർണകളും സത്യാഗ്രഹങ്ങളും തുടരുകയാണ്. ലക്ഷക്കണക്കിനു മൊബൈൽ ഉപയോക്താക്കൾ ജിയോ നെറ്റ് വർക്കിൽനിന്നു മറ്റു സേവനദാതാക്കളിലേക്കു തങ്ങളുടെ കണക്ഷൻ മാറ്റിക്കൊണ്ടിരിക്കുകയാണ്. കർഷകരോഷത്തിന്റെ പശ്ചാത്തലത്തിൽ തങ്ങൾ കരാർകൃഷിയിലേക്കു കടക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് പഞ്ചാബ് - ഹരിയാന ഹൈക്കോടതിയിൽ സത്യവാങ്മൂലംതന്നെ നൽകേണ്ടിവരികയുണ്ടായി. എന്നാൽ, കരാർ കൃഷിയിലേക്കു കടക്കാൻ റിലയൻസിന് ഉദ്ദേശ്യമില്ലെന്ന സത്യവാങ്മൂലം തികച്ചും നുണയാണെന്ന് കർഷകസംഘടനകൾ പറയുന്നു. മഹാരാഷ്ട്രയിലെ റായ്ഗഢിലും മറ്റു സ്ഥലങ്ങളിലും റിലയൻസ് വൻതോതിൽ കൃഷിഭൂമി കയ്യടക്കി വച്ചിരിക്കുകയാണെന്ന വസ്തുത മറച്ചുവെച്ചുകൊണ്ടാണ് കോടതിയെ ഇത്തരത്തിൽ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ ഭൂമി വിട്ടുകൊടുക്കാൻ റിലയൻസ് തയ്യാറാകണമെന്നും കർഷകസംഘടനകൾ ആവശ്യപ്പെടുന്നു.

രാജ്യമെമ്പാടും കർഷകസമരത്തിന് അനുകൂലമായി വലിയ വികാരം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രക്ഷോഭത്തെ തകർക്കാനുള്ള ശ്രമങ്ങളും ശക്തമായി നടക്കുന്നുണ്ട്. പല തവണ സമരക്കാർക്കുനേരേ പോലീസ് അതിക്രമങ്ങളുണ്ടായി. സമരക്കാരെ രാജ്യദ്രോഹികൾ എന്നു ചിത്രീകരിക്കാനുള്ള ആസൂത്രിതശ്രമങ്ങളുണ്ടായി. സർക്കാരിന് അനുകൂലമായ മാധ്യമങ്ങളുപയോഗിച്ച് സമരത്തിന്റെ വാർത്തകൾ മൂടിവയ്ക്കാനുള്ള ശ്രമങ്ങളും നടന്നു. പ്രക്ഷോഭത്തിനു നേതൃത്വം നൽകുന്ന പ്രധാന കർഷകസംഘടനയായ ഭാരതീയ കിസാൻ യൂണിയന് വിദേശസഹായം സ്വീകരിക്കാൻ അനുവാദമില്ലെന്ന കേന്ദ്ര സർക്കാരിന്റെ സമ്മർദത്തിന്റെ ഫലമായി ബാങ്കുകൾ നിലപാടുകൾ സ്വീകരിച്ചു. വിദേശവിനിമയ വകുപ്പിന്റെ നിർദേശത്തെത്തുടർന്നാണ് ബാങ്കുകളുടെ നടപടി. ഏതുവിധേനയും സമരത്തെ തകർക്കാനുള്ള നടപടികൾ പുരോഗമിക്കുമ്പോൾ അതിനെയെല്ലാം മറികടന്നുകൊണ്ട്, കോരിച്ചൊരിയുന്ന മഴയെയും മരംകോച്ചുന്ന തണുപ്പിനെയും അതിജീവിച്ചുകൊണ്ട് പോരാട്ടങ്ങളുടെ പുതിയ ചരിത്രം എഴുതാനുള്ള കുതിപ്പിലാണ് കർഷകസഹോദരർ.

# ദൈവമഹത്ത്വം എല്ലാവർക്കും കാണാം

## ജനുവരി 6 ദനഹാത്തിരുനാളിൽ പാലാ കത്തീഡ്രൽ പള്ളിയിൽ വി. കുർബാനമധ്യേ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ പ്രസംഗത്തിൽനിന്ന്:



മാർ ജോസഫ് കല്ലറങ്ങാട്ട്

ദനഹാത്തിരുനാളിലാണ് പൗരസ്ത്യസഭകളെല്ലാം കർത്താവിന്റെ മാമ്മോദീസാ അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതും. അക്കൂട്ടത്തിൽ പൂജരാജാക്കന്മാരുടെ സന്ദർശനവും സാന്നിധ്യവും അവർക്കു കിട്ടുന്ന ദർശനങ്ങളുമെല്ലാം ചേർത്തുവച്ചുകൊണ്ടാണ് ഒട്ടുമിക്ക ദേവാലയങ്ങളിലും ഈ തിരുനാൾ ആഘോഷിക്കുന്നത്.

91-ാം സങ്കീർത്തനം അഞ്ചു മുതൽ ഏഴു വരെയുള്ള തിരുവചനങ്ങൾ കൊറോണാ പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഏറെ പ്രസക്തവും ആശ്വാസദായകവുമാണെന്നാണ് എനിക്കു തോന്നുന്നത്. "രാത്രിയിലെ ഭീകരതയെയും പകൽ പറക്കുന്ന അസ്ത്രത്തെയും നീ ഭയപ്പെടേണ്ട. ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും നീ പേടിക്കേണ്ട. നിന്റെ പാർശ്വങ്ങളിൽ ആയിരങ്ങൾ മരിച്ചുവീണേക്കാം, നിന്റെ വലതുവശത്ത് പതിനായിരങ്ങളും; എങ്കിലും, നിനക്ക് ഒരനർഥവും സംഭവിക്കുകയില്ല."

വലിയ മഹാമാരി ഇരുട്ടിലോ നട്ടുച്ചയ്ക്കോ വരുമ്പോഴും നമ്മുടെ ഇടത്തും വലത്തുമുള്ളവർ മരിച്ചുവീഴുമ്പോഴും നാം ഭയപ്പെടേണ്ട, കർത്താവ് നമ്മുടെ കൂട്ടത്തിലുണ്ട്. ഈ മഹാമാരികളൊക്കെ വരുമ്പോഴും അതിന്റെ അനേകം മടങ്ങു കാരുണ്യം ദൈവം നമ്മോടു കാണിക്കുന്നു. അതാണ് നമ്മുടെ ആത്മീയതയുടെ അടിത്തറ. എത്ര വലിയ താത്പര്യത്തോടെയാണ് ദൈവം ഈ നാളുകളിൽ അവിടുത്തെ കാരുണ്യം കാണിച്ചുകൊണ്ടിരിക്കന്നത്. ആരോഗ്യവിദ്യാഭ്യാസസാമൂഹികമേഖലകളിൽ വിവിധ സന്നദ്ധസംഘടനകളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും ദൈവം തന്റെ കാരുണ്യം മൾട്ടിപ്ലൈ ചെയ്യുന്നുണ്ട് എന്നതാണു സത്യം. ആ സത്യം നമ്മൾ തിരിച്ചറിയണം.

മറ്റൊരു സങ്കീർത്തനത്തിൽ നാം വായിക്കുന്നുണ്ടല്ലോ: "തീയിലും വെള്ളത്തിലുംകൂടി അങ്ങു ഞങ്ങളെ നടത്തി; മറ്റുള്ളവർ ഞങ്ങളുടെ തലയിൽ ചവിട്ടി നടക്കുവാൻ നീ അനുവദിച്ചു. എങ്കിലും അതിന്റെയെല്ലാം അവസാനം ആനന്ദത്തിലേക്കു നീ ഞങ്ങളെ നയിച്ചു." ഇസ്രായേക്കാരുടെ വിശ്വാസം അതായിരുന്നു. എല്ലാ ക്രൈസ്തവരുടെയും വിശ്വാസം അതാണ്. ഈ ദനഹായിലും നമ്മൾ പ്രഖ്യാപിക്കുന്ന ദൈവത്തിന്റെ ഓർമയും നമുക്ക് ദൈവത്തിലുള്ള വിശ്വാസവും അതുതന്നെയാണ്.

രാക്കുളിത്തിരുനാൾ നമ്മെ സംബന്ധിച്ച്, രാത്രിയിൽ മീനച്ചിലാറ്റിലിറങ്ങി മുങ്ങിക്കുളിച്ച് കരയിലേക്കു കയറുമ്പോൾ, ഈശോ യോർദ്ദാൻ നദിയിൽനിന്ന് മാമ്മോദീസാ സ്വീകരിച്ച് കരയിലേക്കു കയറിയതിന്റെ പ്രതീകാത്മകമായ അനുസ്മരണമാണ്. രാത്രിയിൽ കുളിച്ചു കയറുന്നതുകൊണ്ടാണ് രാക്കുളി എന്നുള്ള പേര് അതിനു നല്കപ്പെട്ടത്. ഈശോയുടെ മാമ്മോദീസാ പാലാക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഒരു പ്രാദേശികാവിഷ്കരണമായാണ് രാക്കുളിത്തിരുനാളായി നിലനിർത്തിപ്പോരുന്നത്.

'ദനഹാ' എന്നാണ് സുറിയാനിയിൽ ഈ തിരുനാളിനെ വിശേഷിപ്പിക്കുന്നത്. പ്രത്യക്ഷീകരണം, മഹത്ത്വമുള്ള വെളിപ്പെടുത്തലുകൾ എന്നാണ് ഈ വാക്കിന്റെ അർഥം. കാനായിലെ അദ്ഭുതത്തെയും ദനഹാ ആയിക്കരുതുന്ന വേദപണ്ഡിതന്മാരുണ്ട്. ഈശോ തന്റെ ആദ്യ മഹത്ത്വം വെളിപ്പെടുത്തിയത് അവിടെയാണ്. കാനായിൽ സംഭവിച്ചതും പൂജരാജാക്കന്മാരുടെ സന്ദർശനവേളയിൽ അവർക്കു വെളിപ്പെടുത്തപ്പെട്ട രഹസ്യവും ഈശോയുടെ മാമ്മോദീസായുടെ സമയത്തു വെളിപ്പെടുത്തപ്പെട്ട രഹസ്യവും അതാണ്. ദനഹാ അഥവാ വലിയ വെളിപ്പെടുത്തലുകൾ, മഹത്ത്വമുള്ള വെളിപ്പെടുത്തലുകൾ എന്നൊക്കെയാണ് അറിയപ്പെടുന്നത്.

വേദപുസ്തകത്തിന്റെ ഗ്രീക്ക് ഭാഷയിൽ 'എപ്പിഫാനിയ' എന്നാണ് ഈ തിരുനാളിനെ വിശേഷിപ്പിക്കുന്നത്. എപ്പിഫാനിയ ദൈവമഹത്ത്വം. എല്ലാവർക്കും അതു കാണാം. ഏറ്റവും വലിയ മഹത്ത്വം ആട്ടിടയന്മാരാണ് കണ്ടത്, പുൽക്കൂട്ടിൽ. പിന്നീടു കണ്ടത് പൂജരാജാക്കന്മാരാണ്. പിന്നീട് ആ മഹത്ത്വം വെളിപ്പെട്ടതു കാനായിൽവച്ചാണ്. ഏറ്റവും വലിയ വെളിപ്പെടുത്തൽ നടന്നത് യോർദ്ദാൻ നദിയിലാണ്. എപ്പിഫിഫാനിയ കണ്ടു മനസ്സിലാക്കിയ വലിയ ഒരു സമൂഹത്തിന്റെ സജീവഭാഗമായി നില്ക്കുകയാണ് നാം. സുറിയാനിസഭകൾ ഈ ദനഹായെ, കർത്താവിന്റെ മാമ്മോദീസായെ, എപ്പിഫാനിയയെ കണ്ട രണ്ടു വിധങ്ങളിലൊന്നായിരുന്നു രാക്കുളി.


അതോടൊപ്പംതന്നെ പ്രധാനപ്പെട്ടതാണ് 'എൽപ്പയ്യാ' എന്നുച്ചരിച്ചുകൊണ്ട് ദീപങ്ങൾ തെളിച്ച് കർത്താവ് ലോകത്തിന്റെ പ്രകാശമാകുന്നുവെന്ന വലിയ സത്യത്തെ ഓർമപ്പെടുത്തുന്ന ചടങ്ങും. ഏൽ - ദൈവം, പയ്യാ - പ്രകാശം, ഏൽപ്പയ്യാ, ദൈവം പ്രകാശമാകുന്നു. അതാണ് നമ്മൾ ഒരു വിളക്കു തെളിക്കുമ്പോൾ, ഒരു കൽക്കുരിശിനു സമീപം ഒരു ദീപം തെളിക്കുമ്പോൾ അർഥമാക്കുന്നത്.

ഏൽപ്പയ്യാ - ഹെബ്രായക്കാർക്ക് വളരെ ഇഷ്ടമുള്ള പദമായിരുന്നു. ഈശോതന്നെയും ഉച്ചരിച്ച വാക്കാണ്. നമ്മളും ഈ നൂറ്റാണ്ടുകളിലൂടെയൊക്കെ കാത്തുസംരക്ഷിച്ച് കൈമാറ്റം ചെയ്തു നമ്മുടെ വിശ്വാസത്തിന്റെ ഭാഗമായി, അഭിമാനമായി കരുതുന്ന വാക്കാണ്. വിശുദ്ധ കുർബാനയുടെ ആദ്യഭാഗം അരമായ - സുറിയാനി ഭാഷയിൽ അർപ്പിക്കുന്നതും അതുകൊണ്ടാണ്. വളരെ ചരിത്രപരമായിട്ടും ഈശോയുടെ സുവിശേഷവത്കരണ ദൗത്യത്തോടു ചേർന്നു ഈശോ പറഞ്ഞ സുവിശേഷത്തിലെ വാക്കുകളോടു ബന്ധപ്പെട്ടും നോക്കുമ്പോൾ, അരമായ - സുറിയാനി ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഷയാണ്. ആ ഭാഷയിൽ ദൈവാരാധന (ലിറ്റർജി) നമുക്ക് കിട്ടിയതും ഭാഗികമായെങ്കിലും അതു പരികർമം ചെയ്യുന്നതുമൊക്കെ വളരെ പ്രസക്തിയുള്ള കാര്യമാണ്.

ഇന്നത്തെ കുർബാനയിൽ അനാഫൊറാഭാഗം മൂന്നാമത്തെ ക്രമമായ നെസ്തോറിയസിന്റെ കൂദാശക്രമമാണ് ചൊല്ലുന്നത്. ദൈവശാസ്ത്രപരമായി, കൂടുതൽ ഭദ്രമായ രണ്ടു ക്രമങ്ങളാണ് തിയഡോറിന്റെയും നെസ്തോറിയസിന്റെയും. രണ്ടു ക്രമങ്ങളും നാല്, അഞ്ച് നൂറ്റാണ്ടുകളിൽ എഴുതപ്പെട്ടതാണ്. അപ്പോഴേക്കും ദൈവശാസ്ത്രം വളർന്നു. അദ്ദായി - മാറിയുടെ ക്രമം വളരെ പുരാതനമാണ്. അത് നൂറ്റാണ്ടുകൾ പിറകിലാണ്. അതിനുശേഷം വലിയ കൗൺസിലുകൾ - നിഖ്യാ കൗൺസിലും കാൽസിഡൺ കൗൺസിലും - വന്നു. ആ കൗൺസിലുകളിൽ വലിയ ദൈവശാസ്ത്രചിന്തകൾ രൂപപ്പെട്ടു. അതിന്റെകൂടി പശ്ചാത്തലത്തിൽ എഴുതപ്പെട്ട കുർബാനക്രമങ്ങളാണ് തിയഡോറിന്റെയും നെസ്തോറിയസിന്റെയും. അതുകൊണ്ട് കൂടുതൽ സമ്പന്നമായ പ്രാർഥനകളാണ് ഇവയിലുള്ളതെന്നു മനസ്സിലാകും. നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളെയും കോർത്തിണക്കിക്കൊണ്ടുള്ള കുർബാനക്രമമാണ് ഇതെന്ന് ജീവിതാനുഭവത്തിൽനിന്ന് നമുക്കു മനസ്സിലാക്കാം.

ഈശോ യോർദാൻ നദിയിൽനിന്നു കയറുമ്പോൾ സ്വർഗം തുറക്കപ്പെടുന്നു. സ്വർഗം തുറന്നിരിക്കുന്നത് ഈശോ കണ്ടു. അതുമാത്രമല്ല, പരിശുദ്ധ റൂഹാ പ്രാവിന്റെ രൂപത്തിൽ ഇറങ്ങുന്നതും കണ്ടു. പിതാവായ ദൈവത്തിന്റെ 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്ന സ്വരവും കേട്ടു. അതാണ് ദനഹായുടെ പ്രത്യേകത. ഈ ദൈവശാസ്ത്രമാണ് ഈ തിരുനാളിന്റെ പ്രത്യേകത. ബാഹ്യമായി അനുഷ്ഠിക്കുന്ന കാര്യങ്ങളൊക്കെ അതിന്റെ ഒരു അംശം മാത്രമേ ആകുന്നുള്ളൂ. ദനഹായിൽ സ്വർഗം തുറക്കുന്നു. ഈശോ കരയിൽ നില്ക്കുന്നു. ദൈവപിതാവ് സംസാരിക്കുന്നു, പരിശുദ്ധ റൂഹാ ഇറങ്ങിവരുന്നു. അതാണ് പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള രഹസ്യവും സഭയുടെ സമസ്തരഹസ്യവും. ഈ രഹസ്യമാണ് നാം കൈമാറ്റം ചെയ്യേണ്ടത്. രാക്കുളിയിൽ നമ്മൾ പകർന്നുകൊടുക്കേണ്ടതും ഈ രഹസ്യമാണ്. വിശുദ്ധ കുർബാനയിൽ നമ്മൾ വിശദീകരിച്ചുകൊടുക്കേണ്ടതും ഈ രഹസ്യമാണ്.

ഈശോ യോഹന്നാൻ മാംദാനായിൽനിന്ന് മാമ്മോദീസാ സ്വീകരിക്കാനായി വന്നതുതന്നെ നമുക്ക് സ്വർഗത്തിലേക്കുള്ള വഴി ഒന്നുകൂടി തിരിച്ചുനല്കുന്നതിനുവേണ്ടിയായിരുന്നു. പൂജാരാജാക്കന്മാരുടെ യാത്രയുടെ, അവർ കണ്ട ദനഹായുടെ, അവർക്കു നല്കപ്പെട്ട വെളിപ്പെടുത്തലിന്റെ അനുസ്മരണംകൂടിയാണിത്. അവർ കിഴക്കുനിന്നുള്ളവരാണ്. അവർ കിഴക്കുനിന്ന് നക്ഷത്രം നോക്കി യാത്ര ചെയ്തു. അവർ എല്ലാം വിറ്റ് ദിവ്യപൈതലിനെ കാണണമെന്നുള്ള വലിയ ആഗ്രഹത്തോടെ യാത്രചെയ്തു. ഹേറോദേസിന്റെ സിംഹാസനത്തിന്റെ പരിസരത്തു ചെന്നപ്പോൾ അവരും ഒന്നു പരുങ്ങി. ഈ കെട്ടുപാടുകളും ആഘോഷങ്ങളും ഒക്കെ നല്ലതാണല്ലോ എന്നോർത്ത് അവർ അവിടെ ചുറ്റിപ്പറ്റി കയറിക്കൂടി. ദൈവത്തിന്റെ നക്ഷത്രം നമ്മെ നയിക്കുമ്പോഴും ലോകത്തിന്റെ ശക്തികൾ നമ്മെ വഴിതെറ്റിക്കും. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽകൊണ്ട് അവർ ഹേറോദേസിന്റെ ചതിയിൽപ്പെടാതെ വീണ്ടും കൊട്ടാരത്തിനു പുറത്തിറങ്ങി നക്ഷത്രവെളിച്ചത്തിൽ ഉണ്ണിയീശോ കിടക്കുന്ന സ്ഥലത്തേക്ക് എത്തിച്ചേർന്നു.



ജീവിതത്തിൽ ദൈവം നമുക്കു തന്ന വെളിച്ചം എത്ര മഹത്ത്വമുള്ളതാണ്. എത്രയോ നക്ഷത്രങ്ങൾ ദൈവം നമുക്കുവേണ്ടി അയച്ചു. എന്തെല്ലാം കാര്യങ്ങൾ ദൈവം നമ്മുടെ മനഃസാക്ഷിയിലൂടെ സംസാരിച്ചു. അതൊക്കെ കേൾക്കാതെ, ആ വെളിച്ചം തള്ളിക്കളഞ്ഞുകൊണ്ട് നമ്മുടെ സ്വാർത്ഥപരമായ കാര്യങ്ങൾക്കുവേണ്ടി നമ്മൾ പോയ ഒരുപാട് അവസരങ്ങളുണ്ട്.

ശേഷം 5-ാം പേജിൽ

# ഉള്ളിലൊരു ദൈവം ഉറങ്ങാതിരിക്കുന്നു



പ്രഫ. സിജു ജോസഫ്



"എല്ലാം പറഞ്ഞും പ്രവർത്തിച്ചും കഴിയുമ്പോൾ ജീവിതത്തിലെ ഒരേയൊരു വലിയ ദുരന്തം ഒരു വിശുദ്ധനാകാത്തതാണ്."

'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ലിയോൺ ബ്ലോയിയുടെ വാക്കുകൾ ഉദ്ധരിച്ച് ഫ്രാൻസീസ് മാർപാപ്പാ നല്കുന്ന സന്ദേശമാണിത്. വിശുദ്ധനാകാതെ ഒരാൾ ഈ ലോകത്തിൽനിന്നു കടന്നുപോയി എന്നതിനർത്ഥം അയാൾക്കുവേണ്ടി രൂപക്കൂടു പണിയപ്പെട്ടില്ല എന്നതോ അയാൾ അദ്ഭുതപ്രവർത്തകനോ രക്തസാക്ഷിയോ ആയിരുന്നില്ല എന്നതോ മാത്രമാണോ? കാലം നമുക്കു മുന്നിലേക്കു വച്ചുനീട്ടുന്ന അനുഭവങ്ങളോരോന്നിനോടും; അവ നല്ലതോ ചീത്തയോ ആകട്ടെ, നാം പ്രതികരിക്കുമ്പോഴും ഒളിഞ്ഞോ തെളിഞ്ഞോ കടന്നുവരുന്ന അവസരങ്ങളെ ഉപയോഗിക്കുമ്പോഴും തമ്പുരാന്റെ ചുറ്റുവട്ടങ്ങളിൽ നാമെവിടെയായിരുന്നു എന്നതല്ലേ വിശുദ്ധിയുടെ ഏറ്റവും ലളിതമായ വ്യാഖ്യാനം?

ഒരു തീരുമാനമെടുക്കുന്നതിനു മുൻപോ ആരുടെയെങ്കിലും നെഞ്ചിലേക്ക് വാക്കിന്റെ ലാവയൊഴുക്കുംമുൻപോ സെക്കന്റിന്റെ ചെറിയൊരംശംകൊണ്ടെങ്കിലും ദൈവത്തോടൊരു വാക്കു ചോദിക്കാൻ ശീലിപ്പിക്കപ്പെട്ട മനസ്സ് നമുക്കുണ്ടായിരുന്നെങ്കിൽ കുറച്ചുകൂടി സമാധാനപൂർണവും അനുഗ്രഹപൂർണവുമാകുമായിരുന്നു നമ്മുടെയൊക്കെ ലോകം.

അമ്മയുടെ നെഞ്ചിലാണ് പറ്റിക്കിടക്കുന്നത് എന്ന ഒരേയൊരുറപ്പിന്മേൽ കിനാവുകണ്ടുറങ്ങിയ കുഞ്ഞുങ്ങളെത്രയാണ് ആഴക്കയങ്ങളിൽ കാരണമറിയാതെ പിടഞ്ഞൊടുങ്ങിയത്! അച്ഛനാണ് വിളിക്കുന്നത് എന്നയുറപ്പിൽ യാത്ര പറഞ്ഞിറങ്ങിയ കുഞ്ഞുങ്ങളെത്രയാണ് കഴുത്തിലിറങ്ങുന്ന കഠാരത്തിളക്കം കണ്ട് അച്ഛായെന്നയൊടുക്കത്തെ നിലവിളിയുടെ നിസ്സഹായതയോടെ ജീവിച്ചു കൊതിതീരാതെ കടന്നുപോയത്! ഓർമിക്കാനും ഓർമിപ്പിക്കാനും ഇഷ്ടമില്ലാത്ത ഇത്തരം എത്രയോ സംഭവങ്ങളുടെ ഭാരം പേറിയാണ് നാമിന്ന് ദിവസങ്ങൾ പിന്നിടുന്നത്?

ഒരാളുടെ ജീവിതം വിശുദ്ധമാകുന്നില്ല എന്നതിനർത്ഥം അയാളുടെയും അയാളുടെ ജീവിതപരിസരങ്ങളിലുള്ളവരുടെയും നന്മയുടെ വെളിച്ചമണഞ്ഞുപോകുന്നു എന്നതു മാത്രമാണോ? അപഹരിക്കപ്പെടുന്ന വെളിച്ചത്തെക്കാൾ നമ്മെ ഭയപ്പെടുത്തേണ്ടതും അസ്വസ്ഥമാക്കേണ്ടതും അതേ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്ന ഹിംസാത്മകമായ ഇരുട്ടാണ്. കാരണം, വിശ്വസിക്കാൻ പോലുമാകാത്ത തരത്തിലുള്ള പൈശാചികവും നികൃഷ്ടവുമായ കർമങ്ങളിലേക്ക് അത് മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. ആനന്ദിന്റെ 'ഗോവർധന്റെ യാത്രകൾ' എന്ന നോവലിൽ ഒരു രംഗമുണ്ട്: വൃത്തിഹീനമായ തെരുവിലൂടെ നടന്നുപോകുന്ന ഗോവർധൻ വഴിവക്കിലെ തണലിൽ വട്ടമിട്ടിരുന്ന് എന്തോ വിനോദത്തിലേർപ്പെട്ടിരിക്കുന്ന കുറച്ചു കുട്ടികളെ കാണുന്നു. കൗതുകത്തോടെ അടുത്തു ചെന്നു നോക്കുമ്പോൾ ഭയാനകമായ കാഴ്ചയാണ് അയാൾ കാണുന്നത്. കുതറി രക്ഷപ്പെടാൻ ശ്രമിക്കുന്ന പൂച്ചയെ കുട്ടികളിൽ ചിലർ ബലമായി പിടിച്ചുവയ്ക്കുകയും മറ്റു കുട്ടികൾ പൊട്ടിച്ചിരിച്ചുകൊണ്ട് അതിന്റെ കണ്ണുകൾ കുത്തിപ്പൊട്ടിക്കുകയും ചെയ്യുന്നു. ചോരചിതറുന്ന കണ്ണുകളും പ്രാണനെടുക്കുന്ന നിലവിളിയുമായി പൂച്ചക്കുട്ടി നിലത്തുവീണുരുളുമ്പോൾ കുട്ടികൾ അതിനെ അനുകരിച്ച് ശബ്ദമുണ്ടാക്കുകയും ആഹ്ലാദനൃത്തം ചവിട്ടുകയും ചെയ്യുന്നു. ശബ്ദംകേട്ട് എങ്ങുനിന്നോ വന്ന അന്ധനായ ഒരു നായ മണംപിടിച്ച് പൂച്ചക്കുട്ടിയുടെ അടുത്തെത്തി അതിനെ ആശ്വസിപ്പിക്കാനെന്നവണ്ണം അതിന്റെ പിടയുന്ന ശരീരത്തെ മുഖംകൊണ്ടുതലോടുന്ന ചിത്രവും ആനന്ദ് ഇവിടെ കാണിച്ചുതരുന്നുണ്ട്.

നാം കുറച്ചുകൂടി വിശുദ്ധരായിരുന്നെങ്കിൽ നമ്മുടെ ജീവിതവും നമുക്കു ചുറ്റുമുള്ളവരുടെ ജീവിതവും നമ്മുടെ പ്രകൃതിയുമൊക്കെ കുറച്ചുകൂടി സുന്ദരവും സുരക്ഷിതവുമായിരുന്നേനെ എന്നു തോന്നേണ്ട കാലമല്ലേ ഇത്?

റോബർട്ട് പിർസിജിന്റെ 'സെൻ ആൻഡ് ദി ആർട് ഓഫ് മോട്ടോർസൈക്കിൾ മെയിന്റനൻസ്' എന്ന കൃതിയുടെ കവർച്ചിത്രം ഇലയുടെ ഞെട്ടിൽനിന്ന് ഒരു സ്പാനർ മുളച്ചുവരുന്നതാണ്. പ്രകൃതിദത്തമായ ലോകത്തെ മനുഷ്യനിർമിതമായ സാങ്കേതികതയുടെ ലോകം മാറ്റിമറിക്കുന്നതിന്റെ ആശയമാണ് ചിത്രം നല്കുന്നത്. മനുഷ്യൻ മനുഷ്യനോടു കാട്ടുന്ന ക്രൂരതയുടെയും നെറികേടിന്റെയും നൂറിരട്ടി ഏറ്റുവാങ്ങി മുടിയുന്ന പ്രകൃതിയും ജീവജാലങ്ങളും നമ്മുടെ അവിശുദ്ധജീവിതത്തിന്റെ ഇരകളല്ലെന്നു പറയാനാവുമോ? തൂങ്ങിമരിക്കുന്ന കർഷകർക്കു ധനസഹായം പ്രഖ്യാപിക്കുകയും സമരം ചെയ്യുന്ന കർഷകരെ രാജ്യദ്രോഹികളായി കരുതുകയും ചെയ്യുന്ന നിലപാട് ഒരേസമയം മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമാണ്. മണ്ണിൽ പണിയെടുക്കുന്ന അവസാനത്തെ മനുഷ്യനും പരാജയപ്പെട്ടു പിന്മാറുമ്പോൾ നാളെമുതൽ അന്നത്തിനായി നാം കൈനീട്ടേണ്ടത് ആരുടെ മുമ്പിലായിരിക്കുമെന്ന് അറിയാത്തവരായി ആരുമില്ലല്ലോ. കൃഷിയുടെ ആദിമവും വിശുദ്ധവുമായ സംസ്കൃതിയെ കോർപ്പറേറ്റുകൾക്കുവേണ്ടി കളങ്കപ്പെടുത്തി വലിച്ചെറിയുകയാണ് 'കർഷകരക്ഷകരായ' ഭരണകർത്താക്കൾപോലും.

'ഈ ഭൂമി നമ്മുടെ പൂർവപിതാക്കളിൽനിന്നു നമുക്കു പൈതൃകമായി കിട്ടയതല്ല. മറിച്ച്, നാമിത് നമ്മുടെ കുഞ്ഞുങ്ങളിൽനിന്നു കടം കൊണ്ടതത്രേ' എന്നൊരു ചൊല്ലുണ്ട്. നാം പുലർത്തുന്ന കുറ്റകരമായ ചില നിസംഗതകൾക്കും മൗനങ്ങൾക്കും വില കൊടുക്കേണ്ടിവരുന്നവർ നമ്മുടെ കുഞ്ഞുങ്ങളായിരിക്കുമെന്ന സത്യം മറക്കരുത്. അമിതചൂഷണത്തിന്റെയോ അത്യാഗ്രഹത്തിന്റെയോ പരദ്രോഹത്തിന്റെയോ കറപുരളാത്ത കൃത്യമായ ഒരു ആത്മീയത പ്രകൃതിയോടു ബന്ധപ്പെടുത്തി പുലർത്തിയവരായിരുന്നു നമ്മുടെ പൂർവികർ. മനുഷ്യനെയും ദൈവത്തെയും മാനിച്ചുപോന്നിരുന്ന വിശുദ്ധമായ ഇന്നലെകളെ നാളേക്കു വേണ്ടിയെങ്കിലും നമുക്കു തിരിച്ചുപിടിക്കണം.

ഉള്ളിലെ വിശുദ്ധി നഷ്ടമാകുമ്പോൾ നാം തകർക്കുന്ന രണ്ട് ഇടങ്ങളാണ് നമ്മുടെ കുടുംബങ്ങളും പ്രകൃതിയും.

'സമയപ്രവാഹവും സാഹിത്യകലയും' എന്ന പുസ്തകത്തിൽ ദൈവാനുഗ്രഹത്തിന്റേതായ ഒരു കാലത്തെ അന്വേഷിക്കുന്ന എഴുത്തുകാരെക്കുറിച്ച് കെ.പി. അപ്പൻ സൂചിപ്പിക്കുന്നുണ്ട്. ഭോഗതൃഷ്ണകൊണ്ടു ഭൂമി തരളിതമാകുമ്പോൾ അവയുടെ എല്ലാ പ്രലോഭനമണ്ഢലങ്ങളെയും അതിജീവിക്കുന്ന മനുഷ്യർ ഭൂമിയുടെമേൽ ഒരു സ്വർഗീയകാലത്തെ അന്വേഷിക്കുമെന്നും രാഷ്ട്രീയമായും സാംസ്കാരികമായും ധാർമികമായും കേരളം തകർച്ചയെ നേരിട്ട കാലത്ത് ഈ ധർമം നിറവേറ്റിയ കവിയായിരുന്നു എഴുത്തച്ഛൻ എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഇതിഹാസപുരാണങ്ങളിലെ വിശുദ്ധവും സനാതനവുമായ മൂല്യങ്ങളെ ഹൃദയഹാരിയായ ഭാഷയിലും ശൈലിയിലും തന്റെ കാലത്തെ മനുഷ്യരുടെ ചിന്തയിലേക്കു കൈമാറുകയാണ് ഭാഷാപിതാവ് ചെയ്തത്. പതിനാറാം നൂറ്റാണ്ടിൽ മാത്രമല്ല ഏതു നൂറ്റാണ്ടിലും മനുഷ്യജീവിതം അർത്ഥവത്താകുന്നത് ആത്മീയതയുടെ വെളിച്ചം വേണ്ടുവോളം കടന്നുവരാനുള്ള സാഹചര്യം സംജാതമാകുമ്പോഴാണ്.

എനിക്ക് ബുദ്ധനെ ജീവനോടെ കാണണം എന്നു പറഞ്ഞ് തന്നെ കാണാനെത്തിയ മനുഷ്യനോട് സെൻഗുരു ഇപ്രകാരം പറഞ്ഞു: "നീ ഉടൻ വീട്ടിലേക്കു മടങ്ങുക. അവിടെ ബുദ്ധൻ നിന്നെ കാത്തിരിക്കുകയാണ്. നീ രാത്രി വൈകിയാകും അവിടെയെത്തുന്നത്. വാതിലിൽ മുട്ടിവിളിക്കുക. അപ്പോളകത്തുനിന്ന് ഒരാളെണീറ്റുവരും. തിരക്കിൽ പാദുകങ്ങൾ പരസ്പരം മാറ്റി ധരിച്ചും വസ്ത്രങ്ങൾ വാരിവലിച്ചുടുത്തും വിളക്കേന്തി വാതിൽ തുറക്കുന്നത് സാക്ഷാൽ ബുദ്ധനായിരിക്കും!" അയാൾ വീട്ടിലേക്കു പോയി. പാതിര കഴിഞ്ഞ് അയാൾ അവിടെയെത്തി. ഉടൻ തന്നെ അകത്തുനിന്ന് കാലൊച്ച കേട്ടു തുടങ്ങി. എന്തോ സംഭവിക്കാൻ പോകുന്നുവെന്ന മഹാപ്രതീക്ഷയോടെ വാതില്ക്കലേക്ക് അയാൾ ഉറ്റുനോക്കി. അവിടെ അയാളുടെ വൃദ്ധയായ അമ്മ ഒരു കൈയിൽ ദീപമേന്തി, തിരക്കിൽ വസ്ത്രങ്ങൾ വാരിവലിച്ചുടുത്ത്, ചെരിപ്പുകൾ തെറ്റായി ധരിച്ച് മകനെ സ്നേഹത്തോടെ നോക്കി...

പുതുവർഷമാണ്. ഉള്ളിലൊരു ദൈവം ഉറങ്ങാതിരിക്കുന്നു എന്ന ബോധ്യത്തോടെ നടന്നുതുടങ്ങാം. എന്നോ എവിടെയോ മറ്റാരിലോ സംഭവിക്കുന്ന മഹാദ്ഭുതമല്ല വിശുദ്ധി എന്നു തിരിച്ചറിയാം.

> **അപഹരിക്കപ്പെടുന്ന വെളിച്ചത്തെക്കാൾ നമ്മെ ഭയപ്പെടുത്തേണ്ടതും അസ്വസ്ഥമാക്കേണ്ടതും അതേ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്ന ഹിംസാത്മകമായ ഇരുട്ടാണ്.**

## ചരിത്രത്തിലാദ്യമായി റോമൻ കൂരിയയുടെ ഡിസിപ്ലിനറി കമ്മീഷൻ തലവനായി അല്മായനെ മാർപാപ്പ നിയമിച്ചു



**വത്തിക്കാൻ സിറ്റി:** റോമൻ കൂരിയയുടെ ഡിസിപ്ലിനറി കമ്മീഷൻ തലവനായി ചരിത്രത്തിലാദ്യമായി അല്മായനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റി റെക്ടറായിരുന്ന വിൻസെൻസോ ബൂനമോയെയാണ് സുപ്രധാന ചുമതലയിൽ മാർപാപ്പ നിയമിച്ചത്. 2010 മുതൽ 2019 നവംബർ വരെ ഡിസിപ്ലിനറി കമ്മീഷൻ തലവനായി പ്രവർത്തിച്ച ഇറ്റാലിയൻ മെത്രാൻ ജിയോർജിയോ കോർബിലിനിയുടെ പിൻഗാമിയായാണ് പുതിയ നിയമനം. കൂരിയയിലെ ഉദ്യോഗസ്ഥർ ചെയ്യുന്ന കുറ്റത്തിന്റെ വ്യാപ്തി മനസ്സിലാക്കി ശിക്ഷ നടപ്പാക്കുക എന്ന ദൗത്യമാണ് 1981 ൽ ആരംഭിച്ച കമ്മീഷനുള്ളത്.

അന്താരാഷ്ട്ര നിയമപ്രഫസർകൂടിയായ വിൻസെൻസോ ബൂനമോയെ 2014 ൽ ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ ഉപദേശകനായി നിയമിച്ചിരുന്നു. 'പോപ്സ് യൂണിവേഴ്സിറ്റി' എന്ന പേരിൽ അറിയപ്പെടുന്ന പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയുടെ തലപ്പത്ത് 2018 ൽ അല്മായനായ ബൂനമോ എത്തിയത് ചരിത്രപരമായ നിമിഷമായാണ് അന്നു പൊതുവേ വിലയിരുത്തിയത്.

# ട്യൂഷൻ ടീച്ചർ



കാരിത്തടം വർക്കി

**ഒ**ടുവിൽ ദുർഗുണപരിഹാര പാഠശാലയുടെ വാതായനങ്ങൾ തുറക്കപ്പെട്ടു. ഒരു വർഷക്കാലം ദീർഘിച്ച അശോകന്റെ കാരാഗൃഹവാസത്തിന് അറുതിയായി.

മകനെ കൂട്ടിക്കൊണ്ടു പോകാൻ രാമചന്ദ്രൻ വാഹനവുമായി



വന്നിട്ടുണ്ടായിരുന്നു. അച്ഛനു മുഖം കൊടുക്കാൻ അപ്പോഴും അവനു മടിയായിരുന്നു. അതുകൊണ്ടുതന്നെ കാറിന്റെ പിൻസീറ്റിലാണ് അശോകൻ കയറിയത്.

ആ വാഹനം മുന്നോട്ടുനീങ്ങി. അച്ഛനും മകനുമായി അത്യാവശ്യം കാര്യങ്ങളേ സംസാരിച്ചുള്ളൂ. പിന്നെയുള്ള ദൂരമത്രയും ഇരുവരും മൗനമായിരുന്നു.

രാമചന്ദ്രൻ കാർ ഓടിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. അശോകന്റെ മനസ്സിലാവട്ടെ, കഴിഞ്ഞുപോയ സംഭവങ്ങൾ ഒരു സിനിമയുടെ ഫ്ളാഷ്ബാക്കിലെന്നപോലെ കടന്നുവരികയായിരുന്നു.

പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലഘട്ടം. പഠനത്തിൽ അല്പം പിന്നാക്കം പോയെന്നു മനസ്സിലാക്കിയപ്പോഴാണ് അച്ഛൻ ഒരു ട്യൂഷൻറ്റീച്ചറെ ഏർപ്പാടു ചെയ്തത്.

അങ്ങനെയാണ് മറ്റൊരു സ്കൂളിലെ അധ്യാപികയും അതിസുന്ദരിയുമായ സുമതി റ്റീച്ചർ വീട്ടിലേക്കു കടന്നുവന്നത്. അശോകൻ അന്ന് മീശപോലും മുളയ്ക്കാത്ത ഒരു സ്കൂൾ ഫൈനൽ വിദ്യാർത്ഥി. എന്നിട്ടും ആദ്യദർശനത്തിൽത്തന്നെ സുമതി റ്റീച്ചർ എന്ന മാദകസുന്ദരി അവന്റെ മനസ്സിൽ ഇടംനേടി.

അതാണു പ്രശ്നമായതും. ട്യൂഷൻ പഠിപ്പിച്ച അധ്യാപികയെ ഒരിക്കലും ഒരു ഗുരുനാഥയുടെ സ്ഥാനത്തു കാണാൻ അശോകനു കഴിഞ്ഞില്ല. പകരം, അവളെ ഒരു കാമുകിയുടെയോ കാമമോഹിനിയുടെയോ സ്ഥാനത്തു പ്രതിഷ്ഠിക്കാനായിരുന്നു അവനു മോഹം.

കൗമാരത്തിന്റെ വെറുമൊരു ചാപല്യം. പക്ഷേ, ഇരുനില മാളികവീടിന്റെ രണ്ടാം നിലയിൽ, വിശാലമായ മുറിയിൽ സുമതി റ്റീച്ചറും അശോകനും മാത്രമായിക്കഴിഞ്ഞപ്പോൾ അവനു പഠനത്തെക്കാളേറെ താത്പര്യം പ്രണയത്തിലായിരുന്നു.

ഓവർ സ്മാർട്ടായ ഒരു വിദ്യാർത്ഥിയുടെ ചപലതകളായി മാത്രമേ റ്റീച്ചർ അവന്റെ പല വാക്കുകളെയും പ്രവൃത്തികളെയും കണ്ടുള്ളൂ.

റ്റീച്ചർ ഒരു തെറ്റു ചെയ്തു, തമാശയ്ക്കോ തമാശമട്ടിലോ അവൾ അവന്റെ പല ചാപല്യങ്ങളെയും പ്രോത്സാഹിപ്പിച്ചു. അതോടെ റ്റീച്ചറുടെ മേനിയിൽ തൊടാനും തലോടാനുംവരെ അവനു ധൈര്യമായി. നേരിട്ട് അനുഭവിച്ചതിന്റെ പത്തിരട്ടി അവൻ ദിവാസ്വപ്നത്തിലൂടെയും ആസ്വദിച്ചു.

അങ്ങനെ, ഒരു സ്കൂൾവർഷം കടന്നുപോയത് എത്ര പെട്ടെന്നാണ്! അങ്ങനെയിരിക്കെയാണ് അശോകന്റെ കർണങ്ങളിൽ ആ വാർത്ത വന്നുപതിച്ചത്; സുമതി റ്റീച്ചർ വിവാഹിതയാവാൻപോവുന്നു!

അവനു ഷോക്കേറ്റതുപോലെ തോന്നി. വിശ്വസിക്കാൻ കഴിഞ്ഞില്ല. റ്റീച്ചറോടു തുറന്നുചോദിച്ചപ്പോൾ അവരും അത് അംഗീകരിച്ചു.

"അപ്പോൾ ഇതുവരെ എന്നോടു കാട്ടിയ സ്നേഹം..?" അവൻ അന്ധാളിപ്പോടെ ചോദിച്ചു.

അപ്പോൾ ഒരു വലിയ തമാശ കേട്ടിട്ടെന്നവണ്ണം സുമതിറ്റീച്ചർ പൊട്ടിച്ചിരിച്ചു.

"അതു സ്നേഹവും പ്രേമവുമൊന്നുമല്ല. ഒരു റ്റീച്ചർ ശിഷ്യനോടു കാട്ടിയ വാത്സല്യം. അത്രമാത്രം." അവൾ പറഞ്ഞു.

"അല്ല.. അല്ല... അല്ല.." അവൻ ഒരു ഭ്രാന്തനെപ്പോലെ പുലമ്പി.

സുമതിറ്റീച്ചർ ആ ജല്പനങ്ങൾക്കു ചെവികൊടുക്കാതെ കടന്നുപോയി.

അപ്പോഴാണ് അവനിൽ പ്രതികാരദാഹമുണർന്നത്.

ചിന്തിക്കുന്തോറും ക്രമേണ അതു പതിന്മടങ്ങായി വർധിച്ചു.

അങ്ങനെയാണ് ടീച്ചർ സ്കൂളിലേക്കു പോകുന്ന വഴിയോരത്ത് കൊച്ചുപിച്ചാത്തിയുമായി കാത്തുനിന്നത്.

പൊടുന്നനേയുള്ള ഒരു കടന്നാക്രമണം. ടീച്ചറുടെ നിലവിളി, രക്തച്ചൊരിച്ചിൽ. ഓടിക്കൂടുന്ന ജനം....

എല്ലാം ഞൊടിയിടയിൽ സംഭവിച്ചു.

ടീച്ചറുടെ പരിക്ക് ഗുരുതരമല്ലായിരുന്നു. ആശുപ്രതിയിൽ അഡ്മിറ്റു ചെയ്യപ്പെട്ട അവർ ഏതാനും ദിവസങ്ങൾകൊണ്ടു സുഖം പ്രാപിച്ചു.

പോലീസ് അറസ്റ്റുചെയ്ത അശോകന്റെ തുടർന്നുള്ള നാളുകൾ ദുർഗുണപരിഹാരപാഠശാലയിലായിരുന്നു.

അതിനിടയിൽ റ്റീച്ചറുടെ വിവാഹം ഉൾപ്പെടെ എന്തെന്തു സംഭവങ്ങൾ!

ഒരു വർഷം കടന്നുപോയി.

ഇപ്പോൾ മോചനവുമായി. എങ്കിലും ഒരു സ്വപ്നംപോലെ.. ഒരു ദുഃസ്സ്വപ്നംപോലെല്ലാം അവൻ ഓർമിക്കുന്നുണ്ടാവും...

●

പ്രണയപാഠാവലി (67)



ഡോ. ആന്റണി ജോസ്

**ക**ഴിഞ്ഞ ഏതാനും ലക്കങ്ങളിലായി മനസ്സിന്റെ പ്രതിരോധതന്ത്രങ്ങളെക്കുറിച്ചും അവ എപ്രകാരമാണ് ദാമ്പത്യപ്രണയത്തിൽ അസ്വാരസ്യങ്ങൾ സൃഷ്ടിക്കുന്നതെന്നും കാണുകയുണ്ടായി.

# വാ തുറന്ന് പറയരുതോ?



പ്രണയത്തിന്റെ താളക്രമം നിലനിറുത്തുന്നതിൽ ശരിയായ ആശയവിനിമയത്തിനുള്ള പങ്കു നിസ്സാരമല്ല. തികച്ചും നിസ്സാരമായ കാരണങ്ങളാലാണ് ഭാര്യാഭർത്താക്കന്മാർക്കിടയിൽ അകൽച്ച തുടങ്ങുക. ഒരേ പദവിയിലുള്ള രണ്ടുപേർ പരസ്പരം മനസ്സിലാക്കാതെപോയാൽ, അതിന്റെ ഭവിഷ്യത്ത് ചെറുതായിരിക്കില്ല. അവിടെ പ്രണയം അന്യമാകും.

ഇന്ന് നാം ചർച്ച ചെയ്യുന്നത് 'വാ തുറന്ന്' പറയേണ്ടതിന്റെ ആവശ്യമാണ്. അതായത്, കാര്യം മനസ്സിലിരുന്നാൽ പോരാ, പറയേണ്ട ആളോട്, പറയേണ്ട സമയത്തു പറയണം.

പതിവിലും താമസിച്ച് ഭർത്താവ് വീട്ടിലെത്തി. ഭാര്യ മുഖം വീർപ്പിച്ചു നിൽക്കുന്നു. അതു കണ്ടപ്പോൾ അയാൾക്ക് അടക്കാനാവാത്ത ദേഷ്യം വന്നു. താൻ കള്ളുകുടിക്കാൻ പോയതൊന്നുമല്ലല്ലോ. ഭർത്താവിനെ മനസ്സിലാക്കണം. അതിനുള്ള മര്യാദയെങ്കിലും വേണം. ഇതാണ്, അയാളുടെ വാദം. ചെറിയ കശപിശ തത്കാലത്തേക്ക് അവസാനിച്ചു.

ഇതിന്റെ വല്ല കാര്യവുമുണ്ടായിരുന്നോ?

മകന്റെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഒരാളെ കാണാൻ പോയി. അങ്ങനെയാണ് വൈകിയത്. അക്കാര്യം 'വാ തുറന്ന്' ഭാര്യയോടു പറഞ്ഞാൽ പോരായിരുന്നോ?

കാത്തിരുന്നു മടുത്ത ഭാര്യയ്ക്ക്, അയാളുടെ ഉള്ളിലിരുപ്പ് ഗ്രഹിക്കാനുള്ള അതീന്ദ്രിയ സിദ്ധിയൊന്നുമില്ല. അവൾക്കു സങ്കടമായി, വഴക്കായി.

പദ്ധതികളും അതിനുള്ള നീക്കങ്ങളും പങ്കാളിക്കു പകർന്നു നൽകിക്കൊണ്ടേയിരിക്കണം. അത് എത്ര നന്മയുമായിക്കൊള്ളട്ടെ. എപ്പോഴും ഇതൊക്കെ പറഞ്ഞോണ്ടിരിക്കാൻ പറ്റുമോ എന്ന് ചിലർ ചിന്തിക്കും. ഓർക്കണം: മേലുദ്യോഗസ്ഥനും കീഴ്ജീവനക്കാരുമുള്ള ഒരു ഓഫീസല്ല വീട്. ഇവിടെ പങ്കാളികൾക്ക് തുല്യപദവിയാണുള്ളത്. ഒരാളുടെ ഹൃദയസ്പന്ദനം, അടുത്തയാൾ അറിയണം. പ്രണയത്തിൽ ആവർത്തനവിരസതയില്ലല്ലോ. ഐ ലവ് യൂ എന്ന് കാമുകിയോട് പതിനായിരം വട്ടം പറഞ്ഞാലും പുതുമ നഷ്ടപ്പെടുന്നില്ല.

ഉള്ളിലിരുപ്പ് മനസ്സിലാക്കാതെ വരുമ്പോൾ തെറ്റുധാരണയുണ്ടാകും, അത് അവിശ്വാസത്തിലേക്കും അകൽച്ചയിലേക്കും നയിക്കാം. അതുകൊണ്ട് ഹൃദയഗതങ്ങൾ കൈമാറുന്ന കാര്യത്തിൽ പിശുക്ക് പാടില്ല. അത് നിരന്തരപ്രക്രിയയായി തുടരുകതന്നെ വേണം.

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര



# മെക്കോങ് നദി

നീളത്തിന്റെ കാര്യത്തിൽ ഏഷ്യയിൽ ഏഴാം സ്ഥാനവും ലോകത്ത് 12-ാം സ്ഥാനവുമുള്ള നദിയാണ് മെക്കോങ്. ഇതിന്റെ തീരപ്രദേശങ്ങൾ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. 20000 ലധികം സസ്യങ്ങളും 12000 ലധികം മൃഗപക്ഷിജാലങ്ങളും ഇവിടെയുണ്ട്. ചൈനയിലെ കിൻഹായ് പ്രവിശ്യയുടെ തെക്കുകിഴക്കേ താഴ്വരയിൽനിന്നാണ് മെക്കോങ്ങിന്റെ ഉദ്ഭവം. 4300 കി.മീറ്ററിലധികം നീളമുണ്ട്. തെക്കൻ ചൈനാക്കടലിലാണിതു ചെന്നുചേരുന്നത്. ടിബറ്റ്, മ്യാൻമർ, ലാവോസ്, തായ്‌ലൻഡ്, കംബോഡിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലൂടെയാണ് നീണ്ടയാത്ര. 430 ലധികം സസ്തനികളും 800 ലധികം ഇഴജന്തുക്കളും അനവധി ശുദ്ധജലമത്സ്യങ്ങളും അധിവസിക്കുന്നതാണീ നദിയും നദിക്കരയുമൊക്കെ. 1995 ൽ ലാവോസ്, കംബോഡിയ, വിയറ്റ്നാം, തായ്‌ലൻഡ് എന്നീ രാജ്യങ്ങൾ ഒരുമിച്ച് മെക്കോങ് റിവർ കമ്മീഷൻ രൂപീകരിച്ചു. മെക്കോങ് നദിയിലെ വിഭവങ്ങളുടെ കൃത്യമായ ഉപഭോഗം ഉറപ്പുവരുത്തുകയാണ് കമ്മീഷന്റെ മുഖ്യോദ്ദേശ്യം.

മെക്കോങ് നദിയുടെ നദീതടത്തെ അപ്പർ ബേസിൻ എന്നും ലോവർ ബേസിൻ എന്നും രണ്ടായി തിരിക്കാം. ടിബറ്റും സമീപപ്രദേശങ്ങളുമടങ്ങുന്നതാണ് അപ്പർ ബേസിൻ. മെക്കോങ് നദീതടത്തിന്റെ കാൽഭാഗം വരുന്ന ഈ പ്രദേശം കുത്തനേയുള്ളതും വീതി കുറഞ്ഞതും ദുർഘടം പിടിച്ചതുമാണ്. ഈ പ്രദേശം പൊതുവേ ഗതാഗതത്തിന് അനുയോജ്യമല്ല. മെക്കോങ്ങിന്റെ പ്രധാന കൈവഴികളിലൊക്കെ ഒത്തുചേരുന്ന ലോവർ ബേസിൻ പ്രദേശം പരന്നു ശാന്തമായൊഴുകുന്നതാണ്. ഗതാഗതത്തിനും ജലസേചനത്തിനുമൊക്കെ പറ്റിയ അന്തരീക്ഷമാണിവിടെയുള്ളത്. പലതരം കൃഷിയിടങ്ങൾ ഈ നദീതടപ്രദേശത്തുണ്ട്.

മെക്കോങ് നദിയുടെ ലോവർ ബേസിൻ ഉൾനാടൻ മത്സ്യക്കൃഷിക്കും മീൻപിടിത്തത്തിനും പ്രശസ്തമാണ്. ഇവിടത്തെ നാലുകോടിയിലധികം ആളുകൾ മീൻപിടിത്തം ഉപജീവനമാർഗമായി കഴിയുന്നവരാണ്. നാം ഖാൻ, താ, നമു, കോക്, മുൺ, ടൊൺലെസാപ്, റുവാക് എന്നിവ മെക്കോങ്ങിന്റെ പ്രധാന പോഷകനദികൾ.

*(ഈ പരമ്പര അവസാനിച്ചു.)*

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിംഗ് ഡയറക്ടർ: ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് തെരുവിൽ

ജ്ഞാനം നിന്റെ ഹൃദയത്തിൽ നിറയുകയും അറിവ് ആത്മാവിനെ ആഹ്ലാദിപ്പിക്കുകയും ചെയ്യും.
സുഭാഷിതങ്ങൾ 2:10

**എഡിറ്റോറിയൽ**

# കൊവിഡ് മാലിന്യം കുന്നുകൂടുമ്പോൾ

**പ**കർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന ഇക്കാലത്ത്, പ്രത്യേകിച്ച് കാലം തെറ്റിപ്പെയ്യുന്ന ഈ മഴക്കാലത്ത് രാജ്യവും സംസ്ഥാനവും മാലിന്യക്കൂമ്പാരങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നുവെന്നു കേൾക്കുന്നതു ലജ്ജാകരമാണ്. സ്വന്തം വീടുകളിലെ മാലിന്യങ്ങൾ പൊതുനിരത്തുകളിലേക്കും തോടുകളിലേക്കും പുഴകളിലേക്കും അലക്ഷ്യമായി വലിച്ചെറിയുന്ന മലയാളിയുടെ മനോഭാവത്തിനു കൊവിഡ് മഹാമാരിയുടെ കാലത്തും മാറ്റമില്ല. വിദ്യാഭ്യാസവും സംസ്കാരവും ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന 'ദൈവത്തിന്റെ സ്വന്തം നാട്ടി'ൽ പിറന്നവർക്ക് പൊതുനിരത്തിൽ തുപ്പുന്നതും വിസർജിക്കുന്നതുമൊന്നും പ്രശ്നമല്ല. അതൊരു കുറ്റമായോ സാമൂഹികദ്രോഹമായോ ആരും കണക്കാക്കുന്നുമില്ല. ഇരുട്ടിന്റെ മറവിൽ കക്കൂസ് മാലിന്യങ്ങൾ പാതയോരങ്ങളിൽ തള്ളുന്നതിനോ പുഴകളിലേക്കു വലിച്ചെറിയുന്നതിനോ യാതൊരു മനഃസാക്ഷിക്കുത്തും മലയാളിക്കില്ലാതായിരിക്കുന്നു. ശുചിത്വാവബോധത്തിലും മാലിന്യസംസ്കരണത്തിലും ഇനി എന്നാണ് മലയാളി വിദ്യാസമ്പന്നനാകുന്നത്?

കൊറോണവൈറസുകൾ അതിതീവ്രമായി നമ്മെ കടന്നാക്രമിക്കുമ്പോൾ രാജ്യത്തുടനീളമുള്ള ജനം ശുചിത്വപാലനത്തിൽ തികഞ്ഞ അലംഭാവം കാണിക്കുന്നതായാണു റിപ്പോർട്ടുകൾ. ജൂൺമുതലുള്ള ഏഴുമാസം രാജ്യത്തു സൃഷ്ടിക്കപ്പെട്ടത് 33,000 ടൺ കൊവിഡ് അനുബന്ധമാലിന്യങ്ങളാണ്. കേന്ദ്രമലിനീകരണനിയന്ത്രണബോർഡി(സി.പി.സി.ബി.)ന്റെ കണക്കനുസരിച്ച്, ഇന്ത്യയുടെ മൊത്തത്തിലുള്ള ബയോമെഡിക്കൽ മാലിന്യോത്പാദനത്തിൽ 5367 ടണ്ണുമായി മഹാരാഷ്ട്രയാണു മുന്നിൽ. 3300 ടണ്ണുമായി കേരളം രണ്ടാംസ്ഥാനത്തും. തൊട്ടുപിന്നിലായി ഗുജറാത്ത് (3086 ടൺ), തമിഴ്നാട് (2806 ടൺ), ഉത്തർപ്രദേശ് (2506 ടൺ), ദില്ലി (2471 ടൺ), പശ്ചിമബംഗാൾ (2095 ടൺ), കർണാടക (2026 ടൺ) എന്നീ സംസ്ഥാനങ്ങളും നില്ക്കുന്നു. 2020 ഒക്ടോബറിലാണ് രാജ്യത്ത് ഏറ്റവുമധികം കൊവിഡ് മാലിന്യങ്ങൾ (5500 ടൺ) ഉണ്ടായതെന്നും റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു.

പി.പി.ഇ. കിറ്റുകൾ, ഉപയോഗശേഷം വലിച്ചെറിഞ്ഞ മാസ്കുകൾ, കയ്യുറകൾ, ടിഷ്യുകൾ, സിറിഞ്ചുകൾ, സൂചികൾ, രക്തംപുരണ്ട മാലിന്യങ്ങൾ, ശരീരസ്രവം പുരണ്ട വസ്ത്രങ്ങൾ തുടങ്ങിയവയാണ് കൊവിഡ് കാലത്ത് ബയോ മെഡിക്കൽ മാലിന്യങ്ങളായി കണക്കാക്കുന്നത്. ഇവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നില്ലെങ്കിൽ പരിസ്ഥിതിക്കു മാത്രമല്ല, മനുഷ്യന്റെ ആരോഗ്യത്തിനും ഭാവിസുസ്ഥിതിക്കും വലിയ ദോഷമാണുണ്ടാവുന്നത്.

കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാലിന്യസംസ്കരണത്തിന് 2020 മാർച്ചിൽ സി.പി.സി.ബി. പ്രത്യേക മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരുന്നു. മാലിന്യങ്ങൾ നിരീക്ഷിക്കുന്നതിനും സമാഹരിക്കുന്നതിനുമായി മേയ് മാസത്തിൽ ടോപ്പ് മലിനീകരണ സമിതി 'കൊവിഡ് 19 ബി.ഡബ്ല്യു.എം.' എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. ഈ ആപ്ലിക്കേഷൻ കൊവിഡ് 19 മാലിന്യോത്പാദനം, ശേഖരണം, നീക്കം ചെയ്യൽ എന്നിവയുടെ സമയത്ത് ട്രാക്കു ചെയ്യുന്നു. കഴിഞ്ഞ വർഷം ജൂലൈയിൽ എല്ലാ നഗരതദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാനമലിനീകരണനിയന്ത്രണബോർഡുകളും ബയോമെഡിക്കൽ മാലിന്യങ്ങൾ ട്രാക്കു ചെയ്യുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കണമെന്ന് സുപ്രീംകോടതി നിർദേശിച്ചിരുന്നു. ഇപ്രകാരം ലഭിച്ച വിവരങ്ങളാണ് കേന്ദ്രമലിനീകരണനിയന്ത്രണബോർഡിന്റെ പക്കലുള്ളത്.

കൊവിഡ് ബാധിതരുടെ എണ്ണത്തിലുണ്ടായ വർദ്ധനയിൽ ഭീതി പരത്തിയതല്ലാതെ, മാലിന്യനിർമാർജനത്തെക്കുറിച്ചോ അതുയർത്തുന്ന വെല്ലുവിളികളെക്കുറിച്ചോ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ വേണ്ടത്ര ജാഗ്രത പാലിച്ചില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ജൈവ-അജൈവമാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കാനുള്ള സംവിധാനം പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, പ്ലാസ്റ്റിക്കുപോലുള്ള അജൈവമാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും സംസ്കരിച്ചു പുനരുപയോഗിക്കുന്നതിൽ ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിച്ചുകാണുന്നില്ല. അഥവാ, അത്തരത്തിലുള്ള ഗൗരവമായ പഠനങ്ങളോ ഗവേഷണങ്ങളോ പ്രായോഗികനയസമീപനങ്ങളോ നമ്മുടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നടത്താൻ താത്പര്യമെടുക്കുന്നുമില്ല.

മാലിന്യസംസ്കരണത്തിനു മതിയായ സൗകര്യങ്ങളും സംവിധാനങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കണം. രോഗവിമുക്തമായ ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് ഓരോ പൗരന്റെയും ദൗത്യമാണെന്നു കരുതി ശുചിത്വാവബോധത്തിലും തദനുസൃതമായ പദ്ധതികളിലും സഹകാരികളാകാം. □

# പുതുവഴിയിലേക്ക് ഒരു പുറപ്പാട്

*2-ാം പേജ് തുടർച്ച*

സുവിശേഷത്തിൽ നമ്മൾ വായിക്കുന്നു: ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കണം. ഇടുങ്ങിയ വാതിലാണ് സുവിശേഷം. സഭാപിതാക്കന്മാർ എല്ലാവരും പറയുന്നു: ഈ ഇടുങ്ങിയ വാതിൽ സുവിശേഷത്തിലെ അഷ്ടസൗഭാഗ്യങ്ങളാണ് (Beatitudes). അതാണ് ഇടുങ്ങിയ വാതിലിൽക്കൂടി പ്രവേശിക്കുമ്പോൾ നമുക്കു ലഭിക്കുന്നത്. അതിന്റെ ചൈതന്യത്തിൽ ജീവിച്ചാൽ നമ്മൾ മഹത്ത്വം കാണുകയാണ്, ദനഹാ എന്താണെന്നു മനസ്സിലാക്കുകയാണ്, ദൈവത്തിന്റെ മഹത്ത്വം എന്താണെന്നു തിരിച്ചറിയുകയാണ്.

ജീവിതത്തിൽ ദൈവം നമുക്കു നല്കുന്ന നക്ഷത്രങ്ങളെ തിരിച്ചറിയാനുള്ള ഒരു അവസരമായിട്ടുകൂടി ഈ തിരുനാളിനെ നമ്മൾ എടുക്കണം. എമരിത്തൂസ് ബനഡിക്ട് പാപ്പാ അനേകം തവണ പറഞ്ഞ ഒരു കാര്യമാണ്; നമ്മുടെ സഭയിലെ യുവാക്കളാണ് 'സ്റ്റാർ ഓഫ് ഫെയ്ത്ത്' ആയി വരേണ്ടത്. വിശ്വാസത്തിന്റെ നക്ഷത്രങ്ങളായി സഭയിലെ യുവാക്കൾ യാത്രചെയ്യുമ്പോഴാണ് പൂജരാജാക്കന്മാരുടെ കൂട്ടത്തിൽ ആകുന്നത്; കർത്താവിന്റെ മാമ്മോദീസായുടെ ചൈതന്യം നിലനിർത്തുന്നത്. യുവാക്കളാണ് തിരുനാളിന്റെ എപ്പിഫനിക് ആയിട്ടുള്ള ഒരു ഡൈമൻഷൻ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കേണ്ടത്.

'ദനഹാ' എന്നതിൽത്തന്നെ ഒരുപാട് എപ്പിഫനികളുണ്ട്. പല ദനഹാകളുണ്ട്. ഏറ്റവും വലിയ ദനഹാ ത്രിത്വരഹസ്യം വെളിപ്പെടുത്തപ്പെട്ടു എന്നതാണ്. അതിനോടു ചേർന്നുള്ള രണ്ടാമത്തെ വലിയ രഹസ്യം എപ്പിഫനി ഓഫ് ക്രൈസ്റ്റ് - മിശിഹായാണ് ഏറ്റവും വലിയ മഹത്ത്വം. മൂന്നാമത്തേത്, എപ്പിഫനി ഓഫ് ദ ചർച്ച് - സഭയാണ് ഈ മഹത്ത്വം. നാലാമത്തേത്, നാമോരോരുത്തരുമാണ് ഈ ദനഹാ. നാമോരോരുത്തരെയും കാണുമ്പോൾ, ഈശോയെ കൊണ്ടുനടക്കുന്നവർ, സുവിശേഷത്തിന്റെ ഒരു അംശം കൊണ്ടുനടക്കുന്നവർ എന്ന ചിന്ത മറ്റുള്ളവർക്കു പകർന്നുകൊടുക്കുമ്പോൾ, ദനഹായുടെ വാഹകരായി നമ്മൾ മാറുകയാണ്. അതുകൊണ്ട് ഈ തിരുനാൾ നമ്മെ സംബന്ധിച്ച് ഒരു സ്പിരിച്വൽ എപ്പിഫനി ആയിരിക്കണം. ആത്മീയ ചൈതന്യം നമ്മിൽ ഉണർത്തുന്ന ഒരു തിരുനാളായി മാറണം.

പൂജരാജാക്കന്മാർ ഉണ്ണിയെയും മറിയത്തെയും - സമസ്തരഹസ്യങ്ങളും - കണ്ടു മറ്റൊരു വഴിയേ മടങ്ങി. അവർ പിന്നീട് പഴയ വഴിയിലേക്കു തിരിച്ചുപോയില്ല. സാവൂൾ പൗലോസായി. പിന്നീടൊരിക്കലും അദ്ദേഹം സാവൂളിലേക്കു തിരിച്ചുനടന്നില്ല. മഗ്ദലനാമറിയം കർത്താവിന്റെ പാദാന്തികത്തിലിരുന്ന് തൈലം പകർന്ന് കർത്താവിന്റെ മരണോത്ഥാനത്തെ മുൻകൂട്ടിക്കണ്ടു, വിശുദ്ധയായി. ഉത്ഥാനത്തിന്റെ രഹസ്യം ആദ്യം സ്വീകരിച്ചു. അവൾ പിന്നീടൊരിക്കലും പഴയ മഗ്ദലനാമറിയം ആയില്ല. ആഗസ്തീനോസ് വളരെ മോശമായി ജീവിച്ച ഒരാളായിരുന്നു. ഇറ്റലിയിലെ മിലാനിൽ ചെന്ന് അംബ്രോസ് മെത്രാനുമായി കൂട്ടുകൂടി. പിന്നീടൊരിക്കലും അദ്ദേഹം പഴയ ആളായില്ല. എല്ലാവരും മറ്റൊരു വഴിയേ യാത്ര ചെയ്തു. നമുക്കും എടുക്കേണ്ട ഒരു തീരുമാനം അതാണ്. നമ്മുടെ വഴികൾ സംശുദ്ധമാവണം. നമ്മുടെ ജീവിതത്തിൽ ശുദ്ധമായ വഴികൾ തിരഞ്ഞെടുക്കാനുള്ള ഒരവസരമായി ഈ തിരുനാളിനെ നമ്മൾ കാണണം.

പൂജരാജാക്കന്മാർ നമ്മളുമായി ബന്ധമില്ലാത്തവരാണെന്നു കരുതരുത്. അവർ ഇന്നത്തെ ഭരണാധികാരികളാണ്. കർത്താവിനെ അന്വേഷിക്കുന്നതിനുള്ള താത്പര്യം ജനിപ്പിക്കേണ്ടവരാണവർ. അവർ ഇന്നത്തെ ശാസ്ത്രജ്ഞന്മാരാണ്. അവർ മാനുഷികമായ കണ്ടുപിടിത്തങ്ങളിൽ മാത്രം നില്ക്കേണ്ടവരല്ല. അവർ മറ്റു മതങ്ങളിലെ സ്ഥാപകന്മാരോ നേതാക്കന്മാരോ ആകാം.

ഒരുപറ്റം ആളുകൾ കിഴക്കൻ പ്രദേശത്തുനിന്ന് കർത്താവ് പിറന്നു എന്നുകേട്ടപ്പോൾ, ഒരു ഉദയരശ്മി ഉന്നതത്തിൽ നിന്നുവന്നു എന്നു കേട്ടപ്പോൾ ഇറങ്ങിപ്പുറപ്പെട്ടവരാണ്. അതാണ് പുറപ്പാട്. നമ്മുടെ ഭരണാധികാരികളും മതനേതാക്കന്മാരും ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ധരും നമ്മളുമാണ് ഈ യാത്ര നടത്തേണ്ടവർ. ഒരു പിൽഗ്രിമേജ് ആണത്. ഈ തീർത്ഥാടനത്തിൽ നാം കണ്ടെത്തുന്ന യാഥാർത്ഥ്യമാണ് പുൽക്കൂട്ടിലെ ഉണ്ണിമിശിഹാ.



ചരിത്രവും സംസ്കാരവും 12

# താരപ്രഭ വിതറിയ ആദ്യത്തെ ചക്രവർത്തിനി



പ്രഫ. ചാണ്ടി സഖറിയാസ്

**ഈ**ജിപ്തിലെ അവസാനത്തെ ഫറവോയും ലോകം കണ്ട ഏറ്റവും പ്രശസ്തരായ സ്ത്രീകളിൽ ഒരുവളുമായിരുന്നു ക്ലിയോപാട്ര. വ്യക്തിപരിവേഷത്തിന്റെയും ബുദ്ധിശക്തിയുടെയും ഭരണനൈപുണ്യത്തിന്റെയും വശ്യതയാണ് അവരുടെ പ്രത്യേകത. ചൈതന്യരഥത്തിലേറി സഞ്ചരിക്കുകയും അന്നത്തെ ലോകചരിത്രത്തെ സ്വാധീനിക്കുകയും ചെയ്തു. ബി.സി. 51 മുതൽ ബി.സി. 30 വരെ ഈജിപ്തിലെ ഭരണാധിപതിയായിരുന്ന അവർ വെറും പതിനെട്ടു വയസ്സുള്ളപ്പോഴാണ് സഹോദരനോടൊപ്പം ഭരണകാര്യങ്ങൾ നിയന്ത്രിച്ചുതുടങ്ങിയത്. പിന്നീട് രണ്ടു റോമൻ ജനറൽമാരെ തന്റെ മാസ്മരികശക്തിക്കു കീഴിൽ കൊണ്ടുവന്നു. ഒരു റോമൻ ഭരണാധിപതിയുടെ ക്രോധത്തിനുമുമ്പിൽ സിംഹാസനവും ചെങ്കോലും നഷ്ടപ്പെട്ട് ജീവിതത്തിനു തന്നെ തിരശീലയിട്ടു. റോമാസാമ്രാജ്യത്തിന്റെ ഒരു കാലഘട്ടത്തിലെ ചരിത്രം അവരുമായി ബന്ധപ്പെട്ടുനിന്നു.

ഇന്നും പത്രമാസികകളിലും മാധ്യമങ്ങളിലും ക്ലിയോപാട്ര എന്ന പേരു കാണുമ്പോൾ ആളുകൾ ജിജ്ഞാസയുടെയും കൗതുകത്തിന്റെയും കണ്ണുകൾ തുറക്കുന്നു. ലോകത്തിൽ ഏറ്റവുംകൂടുതൽ ഉത്പന്നങ്ങൾക്കു നല്കിയിട്ടുള്ള പേരാണ് ക്ലിയോപാട്ര. ശൂന്യാകാശത്തു ഭ്രമണം ചെയ്യുന്ന നക്ഷത്രംപോലുള്ള ഒരു ഛിന്നഗ്രഹത്തിന്റെ പേര് അസ്ട്രോയിഡ് ക്ലിയോപാട്ര 216 എന്നാണ്. ആധുനികഗൃഹോപകരണങ്ങളുടെയും സൗന്ദര്യപോഷകവസ്തുക്കളുടെയും ലഹരിസാധനങ്ങളുടെയും വൻഹോട്ടലുകളുടെയും കാസിനോകളുടെയും വർണശബളമായ വസ്ത്രങ്ങളുടെയും വാഹനങ്ങളുടെയും ഏറ്റവും കൂടുതൽ അറിയപ്പെടുന്ന പേര് 39 ാം വയസ്സിൽ ദാരുണസാഹചര്യത്തിൽ ലോകത്തോടു വിട പറഞ്ഞ ഈ രാജകുമാരിയുടേതാണ്. അമേരിക്കൻ എഴുത്തുകാരനായ ഹാരോൾഡ് ബ്ളൂം അവരെ ലോകത്തിലെ ആദ്യത്തെ സെലിബ്രിറ്റി അഥവാ മെഗാസ്റ്റാർ എന്നാണു വിളിക്കുന്നത്.

69 ബി.സി. യിൽ അലക്സാണ്ട്രിയായിലെ ടോളമി പന്ത്രണ്ടാമന്റെ മകളായി ക്ലിയോപാട്ര ജനിച്ചു. ക്ലിയോപാട്ര എന്ന വാക്കിന്റെ അർത്ഥം ഗ്രീക്കുഭാഷയിൽ 'തന്റെ പിതാവിന്റെ മഹത്ത്വം' എന്നും 'തിയാഫിലോപേറ്റർ' എന്നാൽ തന്റെ പിതാവിനെ സ്നേഹിക്കുന്ന ദേവത എന്നുമാണ്. മഹനായ അലക്സാണ്ടറുടെ ജനറൽമാരിൽ ഒരാളായിരുന്ന ഗ്രീസിലെ ടോളമി I സോർട്ടർ സ്ഥാപിച്ച രാജവംശം ആയിരുന്നു അവരുടേത്.

ശാസ്ത്രത്തിലും കലകളിലും ക്ലിയോപാട്ര പ്രാവീണ്യം നേടിയിരുന്നു. തത്ത്വചിന്തയിലും പ്രസംഗകലയിലും അവർ അഗ്രഗണ്യയായിരുന്നു. പണ്ഡിതസദസ്സുകളിൽ പങ്കെടുക്കുകയും അത് ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.



**ബഹുമുഖപ്രതിഭ**

ക്ലിയോപാട്ര സമർത്ഥയായ ഭരണാധികാരിയായിരുന്നു. രണ്ടു സഹോദരങ്ങളോടും പുത്രനോടുമൊപ്പം രാജ്യം ഭരിച്ചു. രാജ്യം ക്ഷാമം നേരിട്ട ദുരന്തത്തിന്റെയും വരൾച്ചയുടെയും നാളുകളായിരുന്നു ആദ്യം അവരെ എതിരേറ്റത്. ടൗൺപ്ലാനിംഗിലും ജലസേചനകാര്യങ്ങളിലും അവർ ശ്രദ്ധ ചെലുത്തി. ഈജിപ്ഷ്യൻ ഭാഷ പഠിക്കുകയും അത് ഉപയോഗിക്കുകയും ചെയ്ത ഗ്രീസിൽനിന്നുള്ള ഏക ഭരണാധികാരിയായിരുന്നു അവർ. ഈജിപ്തിന്റെ സംസ്കാരംതന്നെ ഉൾക്കൊള്ളുവാൻ അവർക്കു കഴിഞ്ഞിരുന്നു.

ശരീരസൗന്ദര്യത്തെക്കാൾ മാസ്മരികശക്തിയുള്ള വ്യക്തിപ്രഭാവം അവരെ വിഭിന്നയാക്കി. ഒരു സംഗീതോപകരണത്തിൽനിന്നു വരുന്നതുപോലുള്ള അവരുടെ ശബ്ദവും ആരെയും ആകർഷിച്ചു തന്നിലേക്കടുപ്പിക്കുന്ന ഒരു വ്യക്തിയാക്കി അവരെ മാറ്റി. ഗ്രീക്ക് തത്ത്വചിന്തകനായിരുന്ന പ്ലൂറ്റാർച്ച് അവരുടെ ശബ്ദത്തെ വിശേഷിപ്പിക്കുന്നത് തേനൂറുന്ന ശബ്ദം എന്നും, സംഭാഷണം അനേകം തന്ത്രികളിൽനിന്നു പുറപ്പെടുന്ന സംഗീതോപകരണത്തിന്റേതും എന്നുമാണ്.

റോമൻകാലഘട്ടത്തിലെ സമലംകൃതമായ ഒരു വ്യക്തിത്വം അവരെ ചൂഴ്ന്നുനിന്നു. പാലിൽ ഒലിവ് ഓയിൽ ചേർത്തു കുളിച്ചിരുന്ന അവർ ലോകത്തിലെ ഏറ്റവും വില കൂടിയ പരിമളദ്രവ്യം ഉപയോഗിച്ചിരുന്നു. അലക്സാണ്ട്രിയായിലെ അത്യാഡംബരക്കൊട്ടാരത്തിൽ ദേവതതുല്യമായി അവർ ജീവിച്ചു. അന്നത്തെ ലോകാദ്ഭുതങ്ങളിൽ ഒന്നായിരുന്ന ലൈറ്റ് ഹൗസ് നിലനിന്നിരുന്ന അലക്സാണ്ട്രിയായിലെ ആന്റിറോഡോസ് ദ്വീപിലായിരുന്നു കൊട്ടാരം നിലനിന്നിരുന്നത്. കൊട്ടാരത്തിൽ 100 മുറികളുണ്ടായിരുന്നു. ക്ലിയോപാട്രയുടേതെന്നു വിശ്വസിക്കുന്ന വസ്ത്രധാരണശൈലി ഇന്നും ലോകത്തെ ആകർഷിക്കുന്നു.

ആ കാലഘട്ടത്തിലെ ലാറ്റിൻ കവിതകളിലും ഗ്രീക്കുസാഹിത്യത്തിലും അവർ പരാമർശിക്കപ്പെടുന്നു. ആധുനികകാലത്തെ അനേകം പുസ്തകങ്ങളിലും ബാലെകളിലും നാല്പത്തിയഞ്ചോളം ഓപ്പറകളിലും പ്രമുഖ താരങ്ങളഭിനയിച്ച ചലച്ചിത്രങ്ങളിലും അവർ നായികാസ്ഥാനത്തു നില്ക്കുന്നു.

ഈജിപ്തിലെ സിംഹാസനത്തിൽ പിടിമുറുക്കാൻ അവർക്കു കഴിഞ്ഞത് ജൂലിയസ് സീസറിന്റെ പിൻബലംകൊണ്ടാണ്. സീസർ ക്ലിയോപാട്രയോടൊത്ത് ഈജിപ്തിൽ ഒരുമിച്ചുകഴിയുകയും അവർക്കു സിസേറിയൻ എന്ന ഒരു പുത്രനുണ്ടാവുകയും ചെയ്തു. ടോളമി-12 ടോളമി-14 എന്നീ രണ്ടു സഹോദരങ്ങൾ അവരോടൊപ്പം സിംഹാസനം പങ്കിട്ടിരുന്നു. പക്ഷേ, അവരുടെ രണ്ടുപേരുടെയും അകാലമരണത്തിൽ ക്ലിയോപാട്രയ്ക്കു പങ്കുണ്ടെന്ന് ആരോപിക്കപ്പെടുന്നു.

സീസറിന്റെ ഹൃദയത്തിൽ സ്ഥാനം നേടിയ ക്ലിയോപാട്ര സീസറിന്റെ തണലിൽ രാജ്ഞിയായി ഈജിപ്റ്റ് ഭരിച്ചു. സീസർ ഒരിക്കലും അവരെ വിവാഹം കഴിച്ചിരുന്നില്ല. അതു റോമൻ പാരമ്പര്യത്തിന് എതിരായിരുന്നു.

**ജൂലിയസ് സീസർ**

ബി.സി. 100 ൽ റോമിൽ ജനിച്ച സീസർ റോം കണ്ട ഏറ്റവും പ്രഗല്ഭനായ ഭരണാധികാരിയായിരുന്നു. ഒരു അതുല്യ വ്യക്തിത്വത്തിന്റെ ഉടമകൂടിയായിരുന്നു അദ്ദേഹം. ആഭ്യന്തരകലാപങ്ങളൊതുക്കി യൂറോപ്പിലേക്കും ഏഷ്യയിലേക്കും ആഫ്രിക്കയിലേക്കുമുള്ള ഐതിഹാസികങ്ങളായ പടയോട്ടങ്ങളിലും ആക്രമണങ്ങളിലുംകൂടി റോമിന്റെ അതിർത്തികൾ തിരുത്തിക്കുറിച്ച് റോമിനെ ശക്തമായ ഒരു സാമ്രാജ്യമാക്കുന്നതിനുള്ള ബലവത്തായ അടിത്തറയിട്ടു. ഒരു റിപ്പബ്ലിക്കായിരുന്ന റോം ഒരു സാമ്രാജ്യത്തിലേക്കും ചക്രവർത്തിഭരണത്തിലേക്കും നീങ്ങുകയായിരുന്നു. നല്ല വാഗ്മിയും രാഷ്ട്രതന്ത്രജ്ഞനും നയജ്ഞനും ധീരയോദ്ധാവും ഭരണകർത്താവുമായിരുന്ന അദ്ദേഹത്തിന്റെ കാലത്ത് റോമാനഗരം സാമ്രാജ്യത്തിന്റെ ശക്തമായ തലസ്ഥാനമായി മാറി. അധിവർഷത്തോടുകൂടിയ ഇപ്പോഴത്തെ കലണ്ടർ ഉണ്ടാകുന്നത് അദ്ദേഹത്തിന്റെ കാലത്താണ്. ജൂലൈ എന്ന മാസത്തിന്റെ പേരിന് നമ്മൾ കടപ്പെട്ടിരിക്കുന്നത് ജൂലിയസ് സീസറിനോടാണ്. രാജ്യം ശക്തമായ ഭരണത്തിൻ കീഴിൽ സമൃദ്ധിയോടും പെരുമയോടുംകൂടി നിലനിന്നു. സീസർ ഈജിപ്തിൽനിന്നു റോമിലേക്കു മടങ്ങി രാജ്യകാര്യങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തു. റോമിനു വേണ്ടി വൻവിജയങ്ങളുടെ ജൈത്രയാത്ര സീസർ പൂർത്തിയാക്കിക്കൊണ്ടിരിക്കേ, മറുവശത്ത് അദ്ദേഹത്തിനെതിരേ അസൂയയുടെയും എതിർപ്പിന്റെ കാർമേഘങ്ങൾ കുമിഞ്ഞുകൂടുകയായിരുന്നു. ഒരു സ്വേച്ഛാധിപതിയിലേക്കുള്ള സീസറിന്റെ യാത്രയ്ക്കു തടസ്സമിടണമെന്ന് റോമൻ സെനറ്റിൽത്തന്നെ പലർക്കും തോന്നിത്തുടങ്ങിയിരുന്നു. ∎

# സിസ്റ്റർ ലൂസി കുര്യന് ഓസ്ട്രിയൻ മാസികയുടെ ബഹുമതി

കൊച്ചി: പൂന ആസ്ഥാനമായി അശരണർക്കായി പ്രവർത്തിക്കുന്ന മാഹേർ ഫൗണ്ടേഷന്റെ സ്ഥാപക, സിസ്റ്റർ ലൂസി കുര്യന് ഓസ്ട്രിയൻ ബഹുമതി. ഓസ്ട്രിയ ആസ്ഥാനമായ ഊം (oom) മാസികയുടെ ലോകത്തെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ പട്ടികയിൽ സിസ്റ്റർ ലൂസി കുര്യനും ഇടംപിടിച്ചു.



പട്ടികയിൽ പന്ത്രണ്ടാം സ്ഥാനത്താണ് ലൂസി കുര്യൻ. 1955 സെപ്റ്റംബർ 10 ന് ജനിച്ച സിസ്റ്ററിന്റെ വിദ്യാഭ്യാസം കോളയാട് സെന്റ് സേവ്യേഴ്സ് സ്കൂളിലും തുടർന്നു മുംബൈയിലുമായിരുന്നു. 1977 ൽ ഹോളിക്രോസ് സന്ന്യാസിനീ സഭയിൽ ചേർന്നു. 1980 ൽ വ്രതവാഗ്ദാനം നടത്തി. വിവിധ ചൂഷണങ്ങൾക്കിരയായ സ്ത്രീകളെ സഹായിക്കാൻ ഹോളിക്രോസ് കോൺവെന്റിലെ സിസ്റ്റർ നോയിലിൻ പിന്റോ സ്ഥാപിച്ച ഹോപ് എന്ന സംഘടനയിൽ 1989 ൽ ചേർന്നു.

1997 ൽ പൂനയിൽ സ്ഥാപിച്ച മാഹേർ പ്രസ്ഥാനം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടായിരത്തോളം അനാഥർക്കാണ് അഭയം നൽകുന്നത്. ജാതിമതകക്ഷിരാഷ്ട്രീയ ചിന്തകൾക്കതീതമായ സർവമതസ്നേഹസേവന സംരംഭമാണ് മാഹേർ. എറണാകുളം ജില്ലയിൽ മുളന്തുരുത്തിക്കടുത്ത് പെരുമ്പിള്ളിയിൽ നിരാലംബരായ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അമ്മവീട്, മുതിർന്ന പെൺകുട്ടികളുടെ മാഹേർ സ്നേഹകിരൺ, പുരുഷൻമാരുടെ മാഹേർ സ്നേഹകിരൺ, മാഹേർ സ്നേഹതീരം എന്നീ സംരക്ഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

2017 ൽ സിസ്റ്റർ ലൂസി കുര്യൻ, ഇന്റർഫെയ്ത് അസോസിയേഷൻ ഫോർ സർവീസ് ടു ഹ്യൂമാനിറ്റി ആൻഡ് നേച്ചർ എന്ന സംഘടന പൂനയിൽ സ്ഥാപിച്ചു. ഈ സംഘടനയിൽ എട്ടു രാജ്യങ്ങളിൽനിന്നുള്ള 198 അംഗങ്ങളോളം സേവനം ചെയ്യുന്നുണ്ട്. 2016 – ൽ ഇന്ത്യയിൽ വനിതകൾക്കു നൽകുന്ന പരമോന്നത ബഹുമതിയായ 'നാരി ശക്തി പുരസ്കാരം' സിസ്റ്റർ ലൂസി കുര്യനായിരുന്നു.




# സ്മാരകങ്ങളുയരണം പാലായിലെ സാഹിത്യപ്രതിഭകൾക്ക്



ഡോ. കുര്യാസ് കുമ്പളക്കുഴി

സമൂഹത്തിന്റെ സാംസ്കാരികജീവിതത്തെ പ്രദീപ്തമാക്കുന്ന മഹത്തായ സംഭാവനകൾ നല്കിയ എഴുത്തുകാരെയും കലാകാരന്മാരെയും ആദരിക്കുന്നതിന് ആസ്വാദകസമൂഹം എന്നും എവിടെയും തയ്യാറായിട്ടുണ്ട്. സ്മാരകങ്ങൾ, പ്രതിമകൾ, പഠനകേന്ദ്രങ്ങൾ, പുരസ്കാരങ്ങൾ എന്നിങ്ങനെ ആ മഹാപ്രതിഭകളുടെ സ്മരണ ശാശ്വതമായി നിലനിർത്തുന്ന ഉപാധികൾ പലതാണ്. ഇവയെല്ലാം പില്ക്കാലതലമുറകൾ ആ പ്രതിഭാശാലികളോടു പ്രകടിപ്പിക്കുന്ന പ്രതിനന്ദിയുടെ അടയാളങ്ങളായി വിലയിരുത്തപ്പെടുന്നു.

എഴുത്തുകാരുടെയും കലാകാരന്മാരുടെയും യഥാർത്ഥ സ്മാരകങ്ങൾ അവരുടെ കലാസൃഷ്ടികൾതന്നെയാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ, മനുഷ്യസാമാന്യം മുഴുവൻ അത്തരം രചനകൾ വായിച്ചും ശില്പങ്ങളും ചിത്രങ്ങളും നേരിട്ടുകണ്ടാസ്വദിച്ചും ആ മഹാപുരുഷന്മാരെ ഉള്ളിൽ പ്രതിഷ്ഠിക്കും എന്നു കരുതാനാവില്ല. പക്ഷേ, എല്ലാവരും മൺമറഞ്ഞുപോയ ആ പ്രതിഭാശാലികൾ അവശേഷിപ്പിച്ചുപോയ പൈതൃകത്തിന്റെ അവകാശികളാണ്. ഇക്കാര്യം പൊതുസമൂഹത്തെ കൂടക്കൂടെ ഓർമ്മിപ്പിക്കുന്ന പ്രതീകങ്ങളാണ് സ്മാരകങ്ങളും മറ്റും.

എഴുത്തുകാർക്കിടയിൽ ഏറ്റവും കൂടുതൽ സ്മാരകങ്ങൾ നിവലിൽവന്നിട്ടുള്ളതു ഷേക്സ്പിയറുടെ പേരിലാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ്സാമ്രാജ്യം എന്ന വിശേഷണം നേടിക്കൊടുക്കുംവിധം ലോകത്തിന്റെ ഏതാണ്ടെല്ലാ ഭാഗങ്ങളിലും കോളനികൾ ഉണ്ടായിരുന്ന രാജ്യമാണ് ബ്രിട്ടൺ. അവർ എത്തിച്ചേർന്നിടത്തൊക്കെ സാമ്രാജ്യത്വവും വ്യാപാരവും മാത്രമല്ല ശക്തിപ്പെട്ടത്, ഇംഗ്ലീഷ്ഭാഷയും സാഹിത്യവും കൂടിയാണ്. ഇന്ത്യയിൽ ബ്രിട്ടീഷ്സാമ്രാജ്യത്തിന് അടിത്തറപാകിയ റോബർട്ട് ക്ലൈവ് ഇവിടെ എത്തിയത് ഒരു കൈയിൽ തോക്കും മറുകൈയിൽ ഷേക്സ്പിയറുമായിട്ടായിരുന്നത്രേ. ഇംഗ്ലീഷ് ഭാഷ പ്രചരിച്ചിടത്തെല്ലാം ഷേക്സ്പിയർ എന്ന മഹാപ്രതിഭയും ആദരപൂർവം വരവേല്ക്കപ്പെട്ടു.

ഷേക്സ്പിയറുടെ സാംസ്കാരികസ്വാധീനം വെളിപ്പെടുത്തുന്ന ഒരു വാമൊഴിസംഭവമുണ്ട്. കുറച്ചുവൈകി മാക്ബെത്ത് വായിച്ച ഒരു മദാമ്മ പരാതിപ്പെട്ടത്രേ, 'ഈ ഷേക്സ്പിയർ മറ്റുള്ളവരുടെ വാക്യങ്ങളെല്ലാം മോഷ്ടിച്ച് സ്വന്തം നാടകത്തിൽ ചേർത്തിരിക്കുകയാണല്ലോ' എന്ന്. മാക്ബത്തിൽനിന്ന് ഉദ്ധരണികളായി ജനങ്ങൾക്കിടയിൽ പ്രചരിച്ചുപോന്ന വാക്യങ്ങളും പ്രയോഗങ്ങളും മാക്ബത്തു വായിക്കുംമുമ്പേ മദാമ്മയ്ക്കു സുപരിചിതമായിരുന്നതാണ് ഈ പരാതിക്കു കാരണം. ഒരൊറ്റ സാഹിത്യകൃതിയെടുത്താൽ, ഏറ്റവുമധികം ഉദ്ധരണികൾ പ്രചരിച്ചിട്ടുള്ളതും മാക്ബത്തിൽനിന്നാണെന്നു പറയപ്പെടുന്നു.

എഴുത്തുകാർ ആസ്വാദകസമൂഹത്തിന്റെ സാംസ്കാരികജീവിതത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്നാണ് ഇതു വ്യക്തമാക്കുന്നത്. അവർക്ക് ഉദ്ധരിക്കാനും ഉള്ളിൽ സൂക്ഷിക്കാനും ഉചിതസന്ദർഭങ്ങളിൽ പ്രയോഗിക്കാനും സഹായകമായ ഒട്ടേറെ വാക്യങ്ങളും സംഭവങ്ങളും പഴമൊഴിസമാനമായ പ്രയോഗങ്ങളുമൊക്കെ മഹത്തായ സാഹിത്യരചനകളിൽനിന്നാണു കണ്ടെടുക്കപ്പെടുന്നത്. മലയാളത്തിൽ ഇക്കാര്യത്തിൽ നമ്മെ ഏറ്റവുമധികം സമ്പന്നരാക്കിയിട്ടുള്ളത് മഹാകവി കുമാരനാശാന്റെ കാവ്യങ്ങളാണ്. മാത്രവുമല്ല, കേരളത്തിന്റെ സാംസ്കാരികവികാസത്തിനും സാമൂഹികപരിവർത്തനത്തിനും എതിരറ്റ ഉത്തേജകപ്രഭാവമായി അവ നിലകൊണ്ടിട്ടുമുണ്ട്.

ഇത്തരം മഹാപ്രതിഭകളുടെ ഓർമ നിലനിർത്താൻ ഉചിതമായ സ്മാരകങ്ങൾ നിർമിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മൾ കടുത്ത നന്ദികേടായിരിക്കും കാണിക്കുന്നത്. കേരളീയരെക്കുറിച്ചു പക്ഷേ, അങ്ങനെ പരാതിപറയാൻ ഇടയില്ലെന്നതാണു വാസ്തവം. നമ്മുടെ മഹാകവികൾക്കും വലിയ എഴുത്തുകാർക്കും എത്രയോ സ്മാരകങ്ങൾ നമ്മൾ പണിതീർത്തു കഴിഞ്ഞിരിക്കുന്നു!


കണ്ണശ്ശകവികൾ, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, മൂലൂർ, തകഴി, വൈക്കം മുഹമ്മദ് ബഷീർ, ജോസഫ് മുണ്ടശ്ശേരി, അപ്പൻതമ്പുരാൻ, മഹാകവി മോയിൻകുട്ടി വൈദ്യർ എന്നിങ്ങനെ നിരവധി സർഗധനർക്ക് ഉചിതമായ സ്മാരകങ്ങൾ തീർക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്.

ഇപ്പറഞ്ഞതത്രയും ഒരു മുഖവുരമാത്രമാണ്. സംസ്കാരസമ്പന്നമായ പാലാ പ്രദേശത്ത്, അല്ലെങ്കിൽ മീനച്ചിൽ താലൂക്ക് എന്നറിയപ്പെടുന്ന ഭാഗത്ത്, ജനിച്ചുവളർന്ന് മലയാളസാഹിത്യത്തിനും കേരളസംസ്കാരത്തിനും വിലപ്പെട്ട സംഭാവനകൾ നല്കി മൺമറഞ്ഞ ഏതാനും സർഗധനന്മാർ വേണ്ടവിധം അനുസ്മരിക്കപ്പെടുകയോ ആദരിക്കപ്പെടുകയോ ചെയ്യാതെ അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കുകയാണ് ഈ ലേഖനോദ്ദേശ്യം.

ആരൊക്കെയാണ് ആ മഹാപ്രതിഭകൾ? രാമപുരത്തുവാര്യർ (1703-1753) പാറേമ്മാക്കൽ തോമ്മാക്കത്തനാർ (1736-1799), മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള (1859-1936), ലളിതാംബിത അന്തർജനം (1909-1987) പാലാ നാരായണൻനായർ (1911-2008), മാത്യു എം. കുഴിവേലി (1905-1974), സിസ്റ്റർ മേരി ബനീഞ്ഞാ (1899-1985), മഹാകവി പ്രവിത്താനം പി.എം. ദേവസ്യാ (1903-1996), വെട്ടൂർ രാമൻ നായർ (1919-2003), തോമസ് പാലാ (1934-1997) എന്നിങ്ങനെ ഒരു നീണ്ട നിരയുണ്ട് അക്കൂട്ടത്തിൽ. സ്വന്തമായ പാതകൾ വെട്ടിത്തെളിച്ചും മുഖ്യധാരയിൽ ചേർന്നുനിന്നും തങ്ങളുടെ പ്രതിഭാശക്തികൊണ്ട് കൈരളിയെ ധന്യമാക്കിയവരാണ് ഇവർ ഓരോരുത്തരും.


രാമപുരത്തു വാര്യർ


ലളിതാംബിക അന്തർജനം



പാലാ നാരായണൻ നായർ


മാത്യു എം. കുഴിവേലി


സി. മേരി ബെനിഞ്ഞാ


വെട്ടൂർ രാമൻനായർ


കട്ടക്കയം ചെറിയാൻ മാപ്പിള


പ്രവിത്താനം പി.എം. ദേവസ്യാ

രാമപുരത്തുവാര്യർ എന്നുകേൾക്കുമ്പോഴേ നമ്മുടെ ഉള്ളിൽ തെളിയുന്നതു 'കുചേലവൃത്ത'ത്തിലെ വരികളാണ്. അത്രയ്ക്കു ജനപ്രീതി നേടിയകാവ്യമാണത്. രാമപുരത്തിനു സമീപം അമനകരഭാഗത്തുള്ള ഒരു വാര്യമായിരുന്നു അദ്ദേഹത്തിന്റെ ജന്മഗൃഹം. ഒരിക്കൽ മാർത്താണ്ഡവർമ്മ മഹാരാജാവിനോടൊപ്പം വൈക്കത്തുനിന്നു തിരുവനന്തപുരത്തേക്കു ജലമാർഗം യാത്രചെയ്യുമ്പോൾ വാര്യർ മഹാരാജാവിനെ ആലപിച്ചു കേൾപ്പിച്ചതാണ് കുചേലവൃത്തമെന്നാണ് ഐതിഹം. കാവ്യത്തിൽ മഹാരാജാവിനെ ശ്രീകൃഷ്ണനായും തന്നെ കുചേലനായും ഭാവന ചെയ്തിരിക്കുകയാണ് വാര്യർ.

കടനാട്ടിലെ പാറേമ്മാക്കൽ കുടുംബാംഗമായ തോമ്മാക്കത്തനാരുടെ 'വർത്തമാനപ്പുസ്തകം' മലയാളത്തിൽ മാത്രമല്ല ഇന്ത്യൻ ഭാഷകളിൽത്തന്നെ ആദ്യമുണ്ടായ യാത്രാവിവരണമാണ്. കരിയാറ്റി യൗസേപ്പു മല്പാനോടൊപ്പം 1778-1785 വർഷങ്ങളിൽ പോർട്ടുഗൽ വഴി റോമിലേക്കും അവിടെനിന്നു തിരിച്ചും നടത്തിയ സാഹസികയാത്രയുടെ വിവരണമാണ് ആ ഗ്രന്ഥം. കേവലയാത്രാവിവരണത്തിനപ്പുറം ഒരു സർഗാത്മകരചനയുടെ മൗലികസ്വഭാവം പ്രകടിപ്പിക്കുന്നു എന്നതാണ് വർത്തമാനപ്പുസ്തകത്തെ ശ്രദ്ധേയമാക്കുന്നത്.

ശ്രീയേശുവിജയം മഹാകാവ്യവും മലയാളത്തിലെ ആദ്യ ബൈബിൾനാടകങ്ങളായ യൂദജീവേശ്വരിയും സാറാവിവാഹവും മലയാളത്തിനു സമ്മാനിച്ച കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ കവിയശസ് പാലായ്ക്കു ലഭിച്ച വരദാനമാണ്. ജീവിച്ചിരുന്ന കാലത്തു മലയാള സാഹിത്യത്തിന്റെ മുഖ്യധാരയിൽ ഇടംനേടിയ കവിപ്രതിഭയായിരുന്നു കട്ടക്കയം. പക്ഷേ, മരണാനന്തരം അദ്ദേഹം പെട്ടെന്നു വിസ്മരിക്കപ്പെട്ടുപോയി. 1988 ൽ ഈ ലേഖകൻ അദ്ദേഹത്തിന്റെ സമ്പൂർണ രചനകൾ സമാഹരിച്ചു പുറത്തുകൊണ്ടുവന്ന 'കട്ടക്കയം കൃതികൾ' എന്ന ബൃഹദ്ഗ്രന്ഥം ഒരളവുവരെ ആ കുറവു പരിഹരിച്ചിട്ടുണ്ടെന്നു പറയാം.

മലയാളകഥാരംഗത്തു സ്ത്രീസാന്നിധ്യം ആദ്യമായി അടയാളപ്പെടുത്തിയ ലളിതാംബിക അന്തർജനം ജന്മംകൊണ്ടു കൊട്ടാരക്കാരക്കാരിയാണെങ്കിലും കർമ്മംകൊണ്ടു പാലാക്കാരിതന്നെയാണ് 'അഗ്നിസാക്ഷി'യെന്ന നോവലിലൂടെ നമ്പൂതിരിസമുദായത്തിലെ സ്ത്രീകളുടെ ദാരുണവും ദയനീയവുമായ ജീവിതത്തിന്റെ നേർചിത്രമാണവർ വായനക്കാർക്കുമുമ്പിൽ അവതരിപ്പിച്ചത്. രാമപുരം അമനകര ഇല്ലത്തു വിവാഹിതയായെത്തിയ അവരുടെ മിക്കവാറും എല്ലാ രചനകളും പിറന്നുവീണത് ആ ഇല്ലത്തിന്റെ ഉൾമുറികളിലാണ്.

ആധുനികകാലത്തു പാലാ മലയാളകവിതയ്ക്കു കൈമാറിയ ഏറ്റവും വിലപ്പെട്ട നിധിയാണ്, ജന്മദേശത്തിന്റെ പേരു സ്വന്തം പേരാക്കി മാറ്റിയ പാലാ നാരായണൻ നായർ. കേരളത്തിന്റെ ചരിത്രവും സാംസ്കാരികപ്പെരുമയും ആവിഷ്കരിക്കുന്ന അദ്ദേഹത്തിന്റെ 'കേരളം വളരുന്നു' എന്ന കാവ്യവിസ്മയം മലയാളികൾ നെഞ്ചേറ്റുകതന്നെ ചെയ്തു. സമാനതകളില്ലാത്ത ഒരു കാവ്യജീവിതത്തിന്റെ ഉടമയാണു പാലായെന്ന അവിസ്മരണീയകവിപ്രതിഭ.

മലയാളത്തിലെ ആദ്യവിജ്ഞാനകോശത്തിന്റെ സംവിധായകനാണു മാത്യു എം. കുഴിവേലി. 'വിജ്ഞാനം' എന്ന പേരിൽ എട്ടുവാല്യങ്ങളിൽ പൂർത്തിയായ ഗ്രന്ഥപാരമ്പരയാണത്. 1950 മുതൽ 1973 വരെയുള്ള കാലഘട്ടത്തിലാണ് അതിസാഹസികമായ ഈ സംരംഭം കുഴിവേലി പൂർത്തിയാക്കിയത്. അതുപോലെത്തന്നെ മലയാളത്തിലെ ബാലസാഹിത്യരംഗത്ത് അദ്ദേഹം നല്കിയ സംഭാവനകളും ചരിത്രം സൃഷ്ടിച്ചു.

സിസ്റ്റർ മേരി ബനീഞ്ഞാ ജനിച്ചത് ഇലഞ്ഞിയിലാണെങ്കിലും പാലാ ആസ്ഥാനമായ കർമ്മലീത്താ സന്ന്യാസിനീസമൂഹാംഗമെന്ന നിലയിൽ പാലാക്കാരിയായിട്ടാണു പൊതുവെ അറിയപ്പെടുന്നത്. മലയാളത്തിലെ ഏകമിസ്റ്റിക് കാവ്യമായ ആത്മാവിന്റെ സ്നേഹഗീതയും അതിരപ്രശസ്തമായ ലോകമേ യാത്രയും മാർത്തോമാവിജയം, ഗാന്ധിജയന്തി എന്നീ രണ്ടു മഹാകാവ്യങ്ങളും ഉൾപ്പെടെ അതീവസമ്പന്നമാണു ബനീഞ്ഞാമ്മയുടെ കാവ്യലോകം. സന്ന്യാസിനിയായ കവിയും കവിയായ സന്ന്യാസിനിയും എന്നനിലയിൽ അവർ മലയാളകവിതയിൽ ഒരു വിസ്മയം തന്നെ സൃഷ്ടിച്ചു.

മലയാളം കണ്ട മറ്റൊരു മഹാവിസ്മയമാണു മഹാകവി പ്രവിത്താനം പി.എം. ദേവസ്യാ. ഇസ്രായേൽവംശം, മഹാപ്രസ്ഥാനം, രാജാക്കന്മാർ, തോബിത് എന്നീ മഹാകാവ്യങ്ങൾ, ബൈബിളിലെ സങ്കീർത്തനത്തിന്റെയും പ്രഭാഷകന്റെയും മൊഴിമാറ്റങ്ങൾ, യേശുവിന്റെ ജീവിതകഥയുടെ കാവ്യാവിഷ്കാരമായ ക്രിസ്തുഗീത, കൊച്ചുത്രേസ്യാവിജയം, ഏലിയാസും ആഹാബും എന്നീ ഖണ്ഡകാവ്യങ്ങൾ - ആരെയും അമ്പരപ്പിക്കുന്നതാണ് പ്രവിത്താനത്തിന്റെയും കാവ്യലോകം. ബൈബിളധിഷ്ഠിതമാണ് അദ്ദേഹത്തിന്റെ മുഴുനീളകാവ്യജീവിതം.

'ജീവിക്കാൻ മറന്നുപോയ സ്ത്രീ' എന്ന നോവലിലൂടെ മലയാളകഥാരംഗത്തു സ്വന്തം ഇരിപ്പിടം ഉറപ്പാക്കിയ വെട്ടൂർ രാമൻനായരും പാലായുടെ അഭിമാനഭാജനമാണ്. ചെറുകഥയായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടമേഖല. മലയാളത്തിലെ മുൻനിര എഴുത്തുകാർക്കൊപ്പം ശിരസ്സുയർത്തി നിന്നിരുന്ന അദ്ദേഹവും മരണാനന്തരം ഏതാണ്ടു വിസ്മരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഹാസ്യപ്രധാനമായ നോവലുകളും കഥകളുംകൊണ്ടു മലയാളിയെ നിറയെ ചിരിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്ത തോമസ് പാലായും ചുരുങ്ങിയ കാലത്തിനുള്ളിൽതന്നെ വിസ്മൃതിയുടെ തിരശ്ശീലയ്ക്കപ്പുറമായിരിക്കുന്നു എന്നുതന്നെപറയാം.

പാലായ്ക്കും പാലാക്കാർക്കും സാഹിത്യപ്പെരുമ സമ്മാനിച്ച മഹാപ്രതിഭകളാണിവർ. അവരെ നമുക്കു മറക്കാനാവുമോ? രാമപുരത്തു വാര്യരും മാത്യു എം. കുഴിവേലിയും ബനീഞ്ഞാമ്മയും ചെറിയ തോതിൽ അനുസ്മരിക്കപ്പെടുന്നുണ്ട്. അതുപോരാ. യശഃശരീരരായ ഈ അക്ഷരോപാസകർക്ക് ഉചിതമായ സ്മാരകസമുച്ചയംതന്നെ പാലായിൽ ഉയരേണ്ടിയിരിക്കുന്നു. ■

# തണുപ്പ്



നിഷ ആന്റണി

കഥ

**വെ**ളുപ്പിനെ മൂന്നു മണിക്ക് ലിവിങ് റൂമിൽനിന്ന് ബെഡ്റൂമിലേക്ക് വെളിച്ചത്തിന്റെ കണികകൾ അനുവാദമില്ലാതെ പ്രവേശിച്ചപ്പോഴാണ് ജിതേന്ദ്രൻ ഉറക്കമുണർന്നത്. വാതിൽ തുറന്നപ്പോൾ കണ്ടത് വിചിത്രമായ കാഴ്ചയായിരുന്നു.

ലിവിങ് റൂമിലെ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന കലണ്ടറിലെ അക്കങ്ങളിൽക്കൂടി അമ്മ വിരലോടിക്കുന്നു. തിമിരം ബാധിച്ച കണ്ണുകൾക്ക് കാഴ്ച തിരിച്ചുകിട്ടിയോ. ഈയിടെയായി ഓർമയും കുറവാണ്.

ഈ പാതിരാത്രിക്ക് എന്താണമ്മ കലണ്ടറിൽ തിരയുന്നത്? "അമ്മേ." ജിതേന്ദ്രൻ ഉറക്കെ വിളിച്ചു.

"ഇതിപ്പോ തുലാമാസമാണോ ജിതേന്ദ്രാ."

''അമ്മയ്ക്കെന്താ പ്രാന്തായോ? ജനുവരി കഴിയാറായി അമ്മേ."

"അപ്പോ ധനു തൊടങ്ങില്ലെ? ധനൂലെങ്ങനാ ഇത്തര മഴ? നെനക്കിനി മാസം തെറ്റ്യോ ജിതേന്ദ്രോ."

"എനിക്കറിയില്ലമ്മേ ഇതൊന്നും."

''അതേ. നെനക്കൊന്നും അറിഞ്ഞൂടല്ലോ. ഓരോന്നിനും ഓരോ കാലങ്ങളാ. ഇടവപ്പാതീം തുലാമഴേം. അല്ലാണ്ടൊരു മഴക്കാലോണ്ടോ ജിതാ, നാട്ടില്."

"അമ്മ ഒന്നു പോയ് കെടക്ക്. നേരം പാതിരാ കഴിഞ്ഞു." അയാൾ അസഹ്യതപ്പെട്ടു.

''ജിതേന്ദ്രാ. നീയ്യിങ്ങ്ട്ട് വരി. കുളിമുറീല് നെലത്തൊരു മരത്തവള. മഴക്കാലായീന്ന് വിചാരിച്ച് അവറ്റോള് മുട്ടയിടാൻ എറങ്ങീതായിരിക്കും. നാട്ടിലെ സ്ഥലം വില്പനയാക്കുമ്പം തോട്ടിറമ്പിലെ മരങ്ങളും കൈതേം വെട്ടര്തെന്ന് ഞാൻ നെന്നോടു പറഞ്ഞതാ. പറമ്പിലാകെപ്പാടെ ഇത്തിരി തണ്പ്പുള്ള സ്ഥലം അതായിരുന്നു. ജീവിക്കാൻ ഇടംല്ല്യാണ്ടായാൽ എന്താ ചീയ്യാ അവറ്റോള്."

അമ്മ നിർത്താൻ ഭാവമില്ല.

"അമ്മേ. നേരം വെളുക്കാൻ ഇനീം സമയോണ്ട്. അമ്മ ഒന്നു പോയി കിടക്കൂ. എനിക്കു രാവിലെ ജോലിക്ക് പോകാനുള്ളതാണ്."

''നീ ഇങ്ങട്ട് നോക്കൂ, ജിതേന്ദ്രാ. ദ് കണ്ടോ തവളോള്.'' അമ്മ കുളിമുറിയിലേക്കാണ്. ലൈറ്റിട്ടപ്പോഴാണ് കണ്ടത് മുറിയുടെ മൂലയിൽ ഇത്തിരിപ്പോന്ന ഒരു കുഞ്ഞൻ തവള. ഒന്നു മാത്രം. വെളിച്ചം കണ്ടപ്പോ അത് ഭയന്ന് മൂലയ്ക്കൊളിക്കുന്നു. "ഇതൊരു ചെറിയ തവളയല്ലേ അമ്മേ. ഞാനതിനെ ഇപ്പോത്തന്നെ എട്ത്തു കളഞ്ഞേക്കാം."

"കളയാനോ, വേണ്ട ജിതേന്ദ്രാ. അതാടെത്തന്നെ നിന്നോട്ടെ. പണ്ടൊക്കെ തിരുവാതിരേല് രാത്രിമഴ പെയ്യ് മ്പോ പാടവരമ്പത്ത്ന്ന് മഴക്കൊച്ചേന്റെ പാട്ട് കേക്കായിരുന്നു. അയിന്റൊപ്പംതന്നെ മരപ്പൊത്തീന്ന് മരത്തവളേം. കുളിരും തണ്പ്പും സഹിക്കവയ്യാണ്ടായിരിക്കും അവറ്റോള് പാടണ്ത്. എന്തു രസാ അത്ങ്ങടെ പാട്ട് കേൾക്കാൻ. മഴക്കൊച്ചയ്ക്കും മരത്തവളയ്ക്കും ഒരേ കാലാ. മഴക്കൊച്ച കൂട്ണ്ടാക്കി മുട്ട ഇടും. തവളോള് മരപ്പൊത്തിലൂറി നിക്കണ വെള്ളക്കെട്ടിലും. പാവം തവളോള്. അത് ചോലേം തണ്പ്പും തേടിയിറങ്ങീതാ. അയിനും മുട്ടയിടണ്ടേ. ഞ്ഞി, ആ ലൈറ്റ് അണച്ചേരെ. ഇരുട്ടാ അയിനിഷ്ടം. ന്നിട്ട് ഇന്റൊപ്പം കണ്ണ്ട്ച്ച് കെട്ന്നോ. അപ്പോ അയിന്റെ പാട്ട് കേക്കാം അയിന്റേണേനെ വിളിക്കണ പാട്ട്."

അമ്മ ഭൂതകാലത്താണ്. താൻ അമ്മയുടെ കൈവിരൽത്തുമ്പിലെ കുഞ്ഞുകുട്ടിയും. നാട്ടില് മൈനയും കൊറ്റിയും പാറിനടക്കണ വയലും രഹസ്യങ്ങളുടെ കലവറയായ കൈതക്കാടും ഇനി ഒരിക്കലും തിരിച്ചെടുക്കാൻ പറ്റാത്ത രീതിയിൽ താഴിട്ടുപൂട്ടി രാമൻ നായരെ ഏല്പിച്ച് നഗരത്തിലെ ഇരുനിലക്കെട്ടിടത്തിലേക്ക് അമ്മയെയുംകൊണ്ട് പോവുമ്പോൾ ജിതേന്ദ്രൻ സമാധാനിച്ചു.

നഗരത്തില് എത്തിയെങ്കിലും അമ്മ മനസ്സുകൊണ്ട് ഗ്രാമത്തിൽ ജീവിച്ചു. ''ഒരിത്തിരി പച്ചപ്പ് എന്നെ കാണിച്ചു തരോ ജിതാ. ന്റെ കണ്ണ് പുളിക്കണ് ഈ വിടരാത്ത പൂ കണ്ടിട്ട്?'' ലിവിങ് റൂം അലങ്കരിച്ച പ്ലാസ്റ്റിക് ഓർക്കിഡിനെ നോക്കിയായിരുന്നു അമ്മയുടെ ആദ്യപരാതി. ഓർമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദ്യത്തെ നാളുകളിൽ അമ്മയുടെ പരാതി കേട്ട് താൻ മുറ്റത്തൊരു പച്ചവിരിപ്പ് ഉണ്ടാക്കി. അപ്പോൾ അതിൽ ദർഭയും തെച്ചിയും കറുകയും എന്തേ വളരാത്തേന്നായി അടുത്ത ചോദ്യം. ആ പച്ചവിരിപ്പിൽ അമ്മ മുക്കുറ്റിപ്പൂവിനുവേണ്ടി പരതി നടന്നു. മുക്കുറ്റികൾ ഒരിക്കലും വളരാതിരിക്കാൻ പുൽത്തകിടിയെ മരുന്നടിച്ച് പരിപാലിക്കുന്ന തന്റെ ഭാര്യയുടെ വേലക്കാരി അമ്മയുടെ പരാതികൾ കേട്ട് വാ പൊത്തി ചിരിച്ചു. മറ്റൊരിക്കൽ അക്വേറിയത്തിൽ ഉണ്ടായിരുന്ന മീനുകളെ പിടിച്ച് അമ്മ കിണറ്റിൽ കൊണ്ടിട്ടു.

"ഞാൻ നോക്കീട്ട് ജിതാ, തോടൊന്നും ഇബ്ടെ കാണുന്നില്ല. മീനോൾക്ക് ആ ചില്ലു പെട്ടീന്റുള്ളിക്കിടന്ന് ശ്വാസം മുട്ടണംണ്ടാവും. ഞാനയിനെ മുയ്മനെടുത്ത് കിണറ്റിലിട്ടു. ഇനി അയിറ്റോള് നീന്തിക്കളിക്കട്ടെ. അടച്ചിരുപ്പുകാലത്ത് താൻ വാങ്ങിച്ചുകൊടുത്ത ഹൈബ്രീഡ് ഗപ്പി നഷ്ടപ്പെട്ടതിന്റെ സങ്കടത്തിൽ അപ്പു രണ്ടു ദിവസം സങ്കടപ്പെട്ടു നടന്നു. ഗ്രാമങ്ങളിൽ നീന്തിക്കളിച്ചതും പാറിനടന്നതുമൊക്കെ നഗരങ്ങളിലേക്കെത്തുമ്പോൾ കൂട്ടിലാക്കപ്പെടുന്നു.



ജിതേന്ദ്രൻ അമ്മയുടെ മുഖത്തേക്കു നോക്കി. ഉറങ്ങിയിട്ടില്ല. അമ്മയ്ക്ക് ഓർമകൾ നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. തന്റെയും അച്ഛന്റെയും പേരുകൾ മാത്രമേ അമ്മയ്ക്ക് ഓർമയുള്ളൂ. നാട്ടിലെ സ്ഥലം വിൽക്കാൻ മനസ്സുണ്ടായിട്ടല്ല. അച്ഛൻ മരിച്ചശേഷം ഒറ്റയ്ക്കായ അമ്മയെ ഓർത്ത് തനിക്ക് ഉറക്കമില്ലായിരുന്നു. ഗർഭപാത്രം വികസിക്കുമ്പോഴുള്ള വേദന തനിക്കറിയില്ലെങ്കിലും അപ്പു ജനിക്കാൻ നേരത്ത് ശ്യാമളയുടെ കരച്ചിൽ കേട്ടപ്പോഴാണ് താൻ ആദ്യമായി പിറവിയുടെ നൊമ്പരം അറിയുന്നത്. അപ്പോൾ താൻ അമ്മയെ ഓർത്തു. അധികം വൈകാതെ, ആരുടെയും മുറുമുറുപ്പുകൾ വകവയ്ക്കാതെ അമ്മയെ ഒപ്പം കൂട്ടി. പക്ഷേ, പിന്നീടാണു മനസ്സിലായത്, അമ്മയ്ക്ക് താൻ കൊടുക്കുന്നതിനെക്കാൾ സന്തോഷം നല്കാൻ കൈതക്കാടിനുള്ളിലെ ജീവജാലങ്ങൾക്കു കഴിയുമെന്ന്. ചെറുപ്പത്തിൽ തന്നെയും മൂത്തയെയും ഒരിക്കലും അമ്മ കൈതക്കാടിന്റെ ഇരുണ്ടയിടങ്ങളിലേക്ക് അയച്ചിരുന്നില്ല. തന്റെ നിർബന്ധം സഹിക്കവയ്യാതെയാണ് അമ്മ ഒരിക്കൽ തങ്ങളെ അങ്ങോട്ടു കൊണ്ടുപോയത്. നനവു നിറഞ്ഞ ഇളം പച്ചത്തുരുത്ത്. പൗർണമിരാവ് ഉദിച്ചപോലെ കുളിർന്നൊഴുകുന്ന നീർച്ചാലുകൾ. തോട്ടിറമ്പിലായി ഇരുൾ വീഴ്ത്തി നില്ക്കുന്ന കൈതക്കാടുകളും ഇല്ലിക്കൂട്ടങ്ങളും. തൊട്ടരികിലായി ചോല വിരിച്ച ജാതിമരങ്ങൾ. പക്ഷികൾ ചിറകു വിരിച്ചാടുന്ന മധുര ജാതിക്കൊമ്പുകൾ. അന്നാണ് ആദ്യമായി കൈതപ്പൂവിന്റെ മദിപ്പിക്കുന്ന ഗന്ധം അറിഞ്ഞത്. നനഞ്ഞു കിടക്കുന്ന മണ്ണിനുപോലും അതേ ഗന്ധം. ഇടയ്ക്കെവിടെനിന്നോ ഏതോ ഒരു പക്ഷിയുടെ നീട്ടിയ കുറുകൽ കേട്ടു. അമ്മ ഉടനേ തന്റെ വായ് പൊത്തി...

"മക്കള് മിണ്ടല്ലേ. മഴക്കൊച്ചയാണ്. അത് മുട്ടയിടാൻ കൂടൊരുക്ക്വാണ്. മനുഷ്യമ്മാരുടെ ഒച്ച കേട്ടാൽ അവറ്റോള് പറന്നുപോവും." കൈതക്കാടിന്റെ തണുപ്പറിഞ്ഞ് സമയം പോയതറിഞ്ഞില്ല. ഇനി മതി. പൂവ്വാ. സന്ധ്യ ആവാറായി. സർപ്പങ്ങൾക്ക് ഇണചേരാൻ സമയായിറ്റിണ്ടാവും." "ന്നാ അതുംകൂടി കണ്ടിട്ട് പൂവ്വാമ്മേ'' മൂത്ത കേണു. ''ഛീ, അസത്തെ. മിണ്ടാണ്ടിരിന്നോ. അവറ്റോളെ ശല്യം ചെയ്താ ശാപം ഇണ്ടാവുംട്ടോ."

ക്ലോക്കിൽ സമയം അറിയിച്ചുകൊണ്ടുള്ള മണി മുഴങ്ങി. ഇന്നലെ പെയ്ത ചാറ്റൽ മഴയുടെ തണുപ്പിൽ നേരം പുലർന്നു തുടങ്ങിയിരിക്കുന്നു. അയാൾ ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റ് ബെഡ്റൂമിലേക്കു പോയി. ശ്യാമളയും അപ്പുവും ഉറക്കമാണ്. അയാളും മെല്ലെ ഉറക്കത്തിലേക്കു വഴുതി.

"അച്ഛമ്മേ. ഇത് അപ്പർ ഡൺ വെറിഗെറ്റ ആണ്. ഇറ്റ്സ് എ കൈൻഡ് ഓഫ് ട്രീ ഫ്രോഗ്സ് എന്നു വേണമെങ്കിൽ പറയാം." അപ്പുവിന്റെ ശബ്ദം കേട്ടാണ് അയാളുണർന്നത്. "എന്താ അപ്പൂ?" ജിതേന്ദ്രൻ അമ്മയുടെ മുറിയിലെത്തി. അപ്പോൾ കണ്ട കാഴ്ച ജിതേന്ദ്രനെ വീണ്ടും വേദനിപ്പിച്ചു. അമ്മ ആ തവളക്കുഞ്ഞിനു കൂട്ടിരിക്കുന്നു. പിറന്ന പൈതലിനെ ആദ്യമായി കാണുന്ന അമ്മയെപ്പോലെ. "അച്ഛാ, ഇത് ബാത്റൂമിലൊക്കെ കാണുന്ന തവളയാണ്. അപ്പർ ഡൺ വെറിഗെറ്റ എന്നു പറയും. ചെലപ്പോ അച്ഛമ്മ പറയുംപോലെ തണ്പ്പ് തേടി വന്നതായിരിക്കും. അഞ്ചാം ക്ലാസുമുതൽ സിവിൽ സർവീസ് കോഴ്സിനു പോകുന്നതുകൊണ്ട് അപ്പുവിന് പെട്ടെന്ന് കാര്യം മനസ്സിലായി. പക്ഷേ, അപ്പുവിന് മനസ്സിലാവാത്ത ഒരു കാര്യമുണ്ടായിരുന്നു, കാലം തെറ്റിയ കാലാവസ്ഥ അറിയാതെയാണ് അത് നഗരത്തിലെ ഇത്തിരി തണുപ്പിൽ അഭയം തേടിയതെന്ന്.

## വായന

### പള്ളീലച്ചൻ


ഗ്രന്ഥകർത്താ : ഫാ. വിൻസെന്റ് വാരിയത്ത്
പ്രസാധനവും
വിതരണവും : പ്രണത ബുക്സ്
വില : 250 രൂപ




സെമിനാരി പ്രവേശനംമുതൽ മരണംവരെയുള്ള പുരോഹിതന്റെ ദൈവവഴിയിൽ അനുയാത്ര ചെയ്യുന്ന ഹൃദയത്തിന്റെ ഒരനുഭവം.

### ഉപ്പുതൂണുകൾ

ഗ്രന്ഥകർത്താ : വി. പി. ജോൺസ്
പ്രസാധനവും
വിതരണവും : ആത്മ ബുക്സ്, കോഴിക്കോട്
വില : 120 രൂപ




ജീവിതബന്ധിയായ പതിനൊന്നു കഥകളുടെ സമാഹാരം. അനന്തവൈചിത്ര്യമാർന്ന മനുഷ്യജീവിതത്തിന്റെ അകപ്പൊരുൾ തേടുന്ന അപൂർവ്വസുന്ദരമായ കഥകൾ.

## സഞ്ചാരം



**ഡോ. ജെ. കട്ടയ്ക്കൽ**

# താമ്പാ ബീച്ച്, കാഴ്ചബംഗ്ലാവ്



**വ**ടക്കേ അമേരിക്കയിൽ ഫ്ളോറിഡാ സംസ്ഥാനത്തെ സുപ്രസിദ്ധ കടൽത്തീരമാണ് താമ്പാ ബീച്ച്. താമ്പാ ബീച്ചും ബീച്ചിനടുത്തുള്ള വിഖ്യാതകാഴ്ചബംഗ്ലാവും സന്ദർശിക്കുന്നതിന് എനിക്കവസരം ലഭിച്ചു. ഞാനും എന്റെ അമേരിക്കൻ സുഹൃത്ത് സജിയും അയാളുടെ മൂന്ന് ആൺമക്കളും - ഇങ്ങനെ അഞ്ചുപേരായിരുന്നു ഞങ്ങളുടെ ഫാമിലി ഗ്രൂപ്പിൽ; രാവിലെ ഒമ്പതു മണിമുതൽ വൈകുന്നേരം നാലു മണിവരെ ഞങ്ങൾ പ്രസിദ്ധമായ താമ്പാ കാഴ്ചബംഗ്ലാവ് സന്ദർശിച്ചു. അതിനുശേഷം, നാലരമുതൽ ഏഴര വരെ താമ്പായിലെ അതിവിശിഷ്ടമായ ക്ലിയർ വാട്ടർ ബീച്ചും സന്ദർശിച്ചു. ദൈവത്തിന്റെ സൃഷ്ടിവൈഭവവും വൈചിത്ര്യവും എല്ലാവരെയും വിസ്മയിപ്പിച്ചു.

ഒരുദിവസം പോയിട്ട്, ഒരാഴ്ച മുഴുവൻ നടന്നുകണ്ടാലും, തീരാത്ത വിസ്മയദർശനങ്ങൾ! കാഴ്ചബംഗ്ലാവിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് കാഴ്ചബംഗ്ലാവിന്റെ പൊതുവിവരണങ്ങൾ അടങ്ങിയ ലഘുലേഖകൾ ഓരോ സന്ദർശകനും നൽകുന്നു. കാഴ്ചബംഗ്ലാവിനു മൂന്നു മുഖ്യവിഭാഗങ്ങളുണ്ട്. വൃക്ഷ-ലതാ-സസ്യ-പുഷ്പാദികൾ ഒന്നാംഭാഗം. പക്ഷിപറവകളെ ഉൾക്കൊള്ളുന്നതാണു രണ്ടാം ഭാഗം. മൂന്നാം ഭാഗമാകട്ടെ, വൈവിധ്യമാർന്ന മൃഗാവലി; വൈചിത്ര്യമേറിയ ഇഴജന്തുക്കളും ചീങ്കണ്ണികളുമുൾപ്പെടെ.

താമ്പാകാഴ്ചബംഗ്ലാവിന്റെ ആകമാനദൃശ്യം കണ്ടപ്പോൾ മഹാകവി കുമാരനാശാന്റെ രണ്ടു പ്രസിദ്ധ പദ്യങ്ങൾ ഞാനോർത്തു:

'ചന്തമേറിന പൂവിലും ശബളാഭമാം ശലഭത്തിലും/ സന്തതം കരതാരിയന്നൊരു ചിത്രചാതുരി കാട്ടിയും / ഹന്ത! ചാരുകടാക്ഷമാലകൾ അർക്കരശ്മിയിൽ നീട്ടിയും / ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുമീശനെ വാഴ്ത്തുവിൻ.'

മനോഹരങ്ങളായ പുഷ്പങ്ങളുടെയും വിചിത്രങ്ങളായ ചിത്രശലഭങ്ങളുടെയും സൃഷ്ടിമൂലം സ്വന്തം സൃഷ്ടിവൈദഗ്ധ്യം പ്രദർശിപ്പിക്കുന്ന ദൈവം, വെട്ടിത്തിളങ്ങുന്ന സൂര്യരശ്മികളിൽക്കൂടി തന്റെ സ്നേഹകടാക്ഷം പ്രദർശിപ്പിക്കുന്ന ദൈവം നമ്മുടെ അന്തരാത്മാവാകുന്ന മണിമന്ദിരത്തിൽ തെളിഞ്ഞുപ്രകാശിക്കുന്നു; ആ സർവേശ്വരനെ വാഴ്ത്തുവിൻ, പ്രകീർത്തിക്കുവിൻ.

മഹാകവി തുടരുന്നു:

'സചേതാചേതനം ഇപ്രപഞ്ചം,<br>
സർവം വിളക്കുന്ന കെടാവിളക്കേ,<br>
സമസ്തഭവ്യങ്ങളും ഉള്ളി<br>
ലാഴ്ത്തും<br>
സ്നേഹപ്പരപ്പിൻകടലേ,<br>
തൊഴുന്നേൻ'

സചേതനങ്ങളും അചേതനങ്ങളുമായ, ബുദ്ധിയുള്ളവയും ഇല്ലാത്തവയുമായ ബഹുകോടി



ജീവികളെ ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചത്തെ പരിപാലിക്കുന്നവനും ഇനിയും കോടാനുകോടി ജീവികളെ സൃഷ്ടിക്കാൻ കഴിവുള്ളവനുമായ ആ പരംജ്യോതിസിനെ, ആ കെടാവിളക്കിനെ സ്നേഹത്തിന്റെ ആ കരകാണാക്കടലിനെ, തൊഴുകൈയോടെ ഞാൻ നമിക്കുന്നു.

അദ്വൈതവേദാന്തത്തിൽ നിഷ്ണാതനായ കുമാരനാശാൻ വേദാന്തചിന്തകളെ ഈ പദ്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.

**വൃക്ഷലതാദി പ്രപഞ്ചം:** കാഴ്ചബംഗ്ലാവിന്റെ ആദ്യവിഭാഗമായ വൃക്ഷസസ്യകുസുമാദികളിലേക്കാണ്, ഉദ്യാനപാലകർ, ചെറിയ വണ്ടികളിൽ ഞങ്ങളെ കൊണ്ടുപോയത്. കൽക്കട്ടയിലെ മഹാവടവൃക്ഷ(ആൽമര)ത്തോടു കിടപിടിക്കുന്ന ആസ്ട്രേലിയൻ ആൽവൃക്ഷം, ആകാശംമുട്ടെ ഉയർന്നു നിൽക്കുന്ന യൂക്കാലിപ്റ്റസ് വൃക്ഷങ്ങൾ, പാശ്ചാത്യരാജ്യങ്ങളിലെ ഭീമന്മാരായ ഓക്കുമരങ്ങൾ, ഇന്ത്യയിൽനിന്നു കൊണ്ടുപോയി നട്ടുപിടിപ്പിച്ചു പരിപാലിച്ചുനിറുത്തിയിരിക്കുന്ന തേക്ക്, കർപ്പൂരം, കുടപ്പന മുതലായവ.

സുഗന്ധംപേറുന്ന മുപ്പത്തിമൂന്നിനം യൂക്കാലി, ഇന്ത്യൻ ചന്ദനം, കർപ്പൂരം, തെക്കേഅമേരിക്കൻ പെപ്പർട്രീ, പേര, മാവ്, പ്ലാവ്, തെങ്ങ് അവൊക്കാഡോ, വാഴ, കമുക് മുതലായവയ്ക്കുപുറമേ, നൂറുകണക്കിന് പനവർഗ്ഗങ്ങൾ-അവയുടെ മധ്യേ 'പനകളുടെ രാജ്ഞി' എന്ന നാമവും ധരിച്ചുനിൽക്കുന്ന കേരളത്തിലെ കാളി/ചൂണ്ടപ്പന! എല്ലാം മഹാവിസ്മയം-അനന്തജ്ഞാനിയും സൗന്ദര്യധാമവും സർവ്വശക്തനുമായ ദൈവത്തിന്റെ പ്രതിഫലനങ്ങൾ.

(തുടരും)

# തകർന്ന സ്വപ്നങ്ങൾക്ക് ഒരാണ്ട്

### കൊച്ചി മരടിലെ നാല് അനധികൃത ഫ്ളാറ്റുസമുച്ചയങ്ങൾ പൊളിച്ചുനീക്കിയിട്ട് ഒരു വർഷം

**ആ**ധുനികകേരളത്തിന്റെ ചരിത്രത്താളിൽ സുപ്രധാനമായി എഴുതിച്ചേർക്കപ്പെട്ടതാണു കൊച്ചി മരടിലെ നാലു ഫ്ളാറ്റ് സമുച്ചയങ്ങളും അവയുടെ അസ്വാഭാവിക 'വീഴ്ച'യും. തീരദേശപരിപാലനനിയമം ലംഘിച്ചുള്ള നിർമിതിയെന്നു സുപ്രീംകോടതി കണ്ടെത്തിയ നാലു ഫ്ളാറ്റുകൾ, കോടതിനിർദേശപ്രകാരം പൊളിച്ചിട്ട് ഒരു വർഷം പൂർത്തിയായി.

നിയന്ത്രിത സ്ഫോടനത്തിലൂടെ തകർത്തത് ഹോളി ഫെയ്ത്ത് എച്ച്ടുഒ, ആൽഫ സെറീൻ, ജെയിൻ കോറൽ കോവ്, ഗോൾഡൻ കായലോരം എന്നീ നാല് ഫ്ളാറ്റ് സമുച്ചയങ്ങൾ. ഒരു വർഷം മുമ്പു ബഹുനിലക്കെട്ടിടങ്ങൾ നിന്നിരുന്ന ഈ സ്ഥലങ്ങൾ ഇന്ന് നാമമാത്രമായ കെട്ടിടാവശിഷ്ടങ്ങളോടെ തുറസായി കിടക്കുന്നു.

**വൻവീഴ്ചകൾ**

2020 ജനുവരി 11, 12 തീയതികളിലാണു കൂറ്റൻ ഫ്ളാറ്റുസമുച്ചയങ്ങൾ പൊളിച്ചത്. 55 മീറ്റർ ഉയരത്തിൽ 17 നിലകളുമായി ഉയർന്നുനിന്ന ജെയിൻ കോറൽ കോവിൽ 122 അപ്പാർട്ട്മെന്റുകൾ ഉണ്ടായിരുന്നു. ഉയരവും നിലകളുടെ എണ്ണവും സമാനമായ ഗോൾഡൻ കായലോരം, ആൽഫെ സെറീൻ ഫ്ളാറ്റുസമുച്ചയങ്ങളിൽ യഥാക്രമം 40 ഉം 73 ഉം അപ്പാർട്ട്മെന്റുകളാണുണ്ടായിരുന്നത്. 60 മീറ്റർ ഉയരവും 19 നിലകളുമുണ്ടായിരുന്ന ഹോളി ഫെയ്ത്ത് എച്ച്ടുഒയിൽ 90 അപ്പാർട്ട്മെന്റുകൾ ഉണ്ടായിരുന്നു. രണ്ടു ദിവസങ്ങളിലായി ക്രമീകരിച്ച സ്ഫോടനങ്ങളിലൂടെ നിമിഷനേരങ്ങൾകൊണ്ടു നാലു വമ്പൻ കെട്ടിടങ്ങളും നിലംപൊത്തി.




**76350 ടൺ അവശിഷ്ടങ്ങൾ**

സ്ഫോടനത്തിനുശേഷം 76350 ടൺ അവശിഷ്ടങ്ങളാണു ഫ്ളാറ്റുസമുച്ചയങ്ങളുണ്ടായിരുന്നിടത്തുനിന്നു നീക്കം ചെയ്തത്. അവശിഷ്ടങ്ങൾ നീക്കാൻ 70 ദിവസമാണു കോടതി അനുവദിച്ചതെങ്കിലും ആറുമാസംകൊണ്ടാണു പൂർത്തിയായത്. ഫ്ളാറ്റുകൾക്കു മുമ്പിലെ റോഡുകളുടെ വീതിക്കുറവും രൂക്ഷമായ പൊടിശല്യവുമെല്ലാം മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനു തടസങ്ങളായി.

കോടതിവിധി നടപ്പാക്കലും ഫ്ളാറ്റ് പൊളിക്കലും അവശിഷ്ടങ്ങൾ നീക്കലുമെല്ലാമെല്ലാം കൃത്യമായി നടന്നു. എങ്കിലും കിടപ്പാടം നഷ്ടമായവർക്കും ഫ്ളാറ്റുകൾ പൊളിക്കാൻ നടത്തിയ സ്ഫോടനത്തിൽ വീടുകൾക്കു കേടുപാടുകൾ സംഭവിച്ച സമീപവാസികൾക്കും നഷ്ടപരിഹാരത്തിനുള്ള നടപടികൾ ഇപ്പോഴും ഇഴയുകയാണ്.

**പൊളിക്കാൻ 3.59 കോടി**

മരടിലെ നിയമവിരുദ്ധ ഫ്ളാറ്റുകൾ പൊളിക്കുന്നതിനും അനുബന്ധചെലവുകൾക്കുമായി സുപ്രീംകോടതി നിയോഗിച്ച ജസ്റ്റീസ് കെ. ബാലകൃഷ്ണൻ നായർ സമിതി മുഖേന സർക്കാർ ചെലവഴിച്ചത് 3,59,93,529 രൂപയാണ്. ഇതിൽ ഫ്ളാറ്റിലെ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ചെലവഴിച്ച തുക ചേർത്തിട്ടില്ല.

**കേസിൽ കുടുങ്ങി നഷ്ടപരിഹാരം**

മരടിൽ പൊളിച്ച ഫ്ളാറ്റുകളിലെ താമസക്കാർക്കു നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിൽ കാര്യമായ തർക്കങ്ങളുണ്ടായില്ലെങ്കിലും, അതിന്റെ കൃത്യമായ വിതരണം ഇനിയും പൂർത്തിയായിട്ടില്ല. 249 ഫ്ളാറ്റുടമകൾക്കു സർക്കാരിൽനിന്നു ലഭിച്ച ഇടക്കാലാശ്വാസമായ 25 ലക്ഷം രൂപയൊഴിച്ചാൽ ബിൽഡർമാർ നൽകേണ്ട നഷ്ടപരിഹാരത്തിന് ഇപ്പോഴും തീരുമാനമായിട്ടില്ല. ഇതുസംബന്ധിച്ച സുപ്രീംകോടതി വിധിക്കായി കാത്തിരിക്കുകയാണ് ഇവർ. ഫ്ളാറ്റിൽനിന്നു കുടിയൊഴിപ്പിക്കപ്പെട്ട നിരവധിയാളുകൾ ഇപ്പോഴും വാടകവീടുകളിലാണ്.

സർക്കാർ നിശ്ചയിച്ച 25 ലക്ഷം രൂപ വീതം 62.25 കോടി രൂപ താമസക്കാർക്കു നഷ്ടപരിഹാരമായി നൽകി. ഇതിനു പുറമേ ഫ്ളാറ്റ് നിർമാതാക്കൾ 52.79 കോടി രൂപ നഷ്ടപരിഹാരമായി നൽകണമെന്നു ജസ്റ്റീസ് കെ. ബാലകൃഷ്ണൻനായർ കമ്മിറ്റി നിർദേശിച്ചിരുന്നു. ഗോൾഡൻ കായലോരം, ജെയിൻ കോറൽ കോവ് എന്നീ ഫ്ളാറ്റ് നിർമാതാക്കൾ നാലു കോടിയോളം രൂപ കൈമാറിയിട്ടുണ്ട്. സർക്കാർ നഷ്ടപരിഹാരമായി നൽകിയ തുകയും നിർമാതാക്കളിൽനിന്ന് ഈടാക്കണമെന്നാണു വ്യവസ്ഥ. ഇതിനെതിരേ അവർ സുപ്രീംകോടതിയിൽ നൽകിയ ഹർജി തീർപ്പു കല്പിച്ചിട്ടില്ല. കേസ് സുപ്രീംകോടതി 19 നു പരിഗണിക്കുന്നുണ്ട്.

***സിജോ പൈനാടത്ത്***

ആരോഗ്യവീഥി





ഡോ. ശ്രീജിത് ആർ നായർ

# റോഡപകടങ്ങൾ: ശ്രദ്ധിക്കേണ്ടതെന്തെല്ലാം?

**കൊ**വിഡ്-19 എന്ന പകർച്ചവ്യാധി വരുത്തിവച്ച ആഘാതങ്ങളിൽ ലോകമാകെ പകച്ചുനിന്ന ഒരു വർഷം കടന്നുപോയി. ലക്ഷങ്ങളുടെ ജീവനാണ് കൊറോണ വൈറസ് അപഹരിച്ചത്. എന്നാൽ, നമ്മുടെ റോഡുകളിൽ ദിവസവും പൊലിയുന്ന മനുഷ്യജീവനുകളുടെ കണക്കുകൾ കൊവിഡ് മരണങ്ങളെക്കാൾ വളരെ വലുതാണ് എന്ന വസ്തുത നമ്മൾ തിരിച്ചറിയണം. WHO കണക്കുകൾപ്രകാരം പ്രതിവർഷം 1.3 മില്യൺ മരണങ്ങളാണ് റോഡപകടങ്ങളിൽ സംഭവിക്കുന്നത്. ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്നവരും വഴിയാത്രക്കാരുമാണ് ഇതിൽ ഭൂരിപക്ഷവും. 5 മുതൽ 29 വയസ്സുവരെയുള്ളവരുടെയിടയിലെ മരണങ്ങൾക്ക് അധികകാരണവും റോഡപകടങ്ങളാണ്. 20 മുതൽ 50 മില്യൺവരെ ആളുകൾക്ക് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നതായാണ് കണക്ക്. റോഡപകടങ്ങൾ വരുത്തിവയ്ക്കുന്ന സാമ്പത്തികാഘാതം ഇതിലും വലുതാണ്.




**റോഡപകടങ്ങൾ: പ്രധാന കാരണങ്ങൾ**

1. അമിതവേഗം
2. മദ്യം-ലഹരി ഉപയോഗിച്ചുള്ള ഡ്രൈവിംഗ്.
3. ഹെൽമറ്റ്, സീറ്റ്ബെൽറ്റ്, ചൈൽഡ്റീസ്ട്രയിന്റ് എന്നിവ ഉപയോഗിക്കാതെയുള്ള യാത്രകൾ.
4. അശ്രദ്ധമായ ഡ്രൈവിംഗ് (വാഹനം ഓടിക്കുമ്പോൾ മൊബൈൽഫോൺ ഉപയോഗിക്കുന്നത്)
5. റോഡുകളിലെ കുഴികളും മറ്റു പോരായ്മകളും.
6. സുരക്ഷിതമല്ലാത്ത വാഹനങ്ങൾ - (സീറ്റ്ബെൽറ്റ്, എയർബാഗ് എന്നിവയില്ലാതെ) അപകടത്തെ തരണം ചെയ്യാൻ ശേഷിയില്ലാത്ത വാഹനനിർമിതി
7. അപകടം നടന്നശേഷം ചികിത്സ വൈകുന്നത്.
8. ട്രാഫിക്നിയമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിലെ അപാകത.

**നമുക്കു ചെയ്യാവുന്നത് എന്തെല്ലാം?**

"Prevention is better than cure' എന്നാണല്ലോ പറയുന്നത്. റോഡപകടങ്ങൾക്കു കാരണമായ കാര്യങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ പരിശ്രമിക്കുക. അശ്രദ്ധവും അമിതവേഗത്തിലുള്ളതുമായ ഡ്രൈവിംഗ് ഒഴിവാക്കുക. മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് വാഹനത്തിൽ പ്രവേശിക്കുക. റോഡുകളുടെ പോരായ്മകൾ പലപ്പോഴും കാരണമാണെങ്കിലും മെച്ചപ്പെട്ട റോഡുകളിൽകൂടി അമിതവേഗത്തിൽ യാത്ര ചെയ്യുന്നതും അപകടകരമാണ്. വാഹനങ്ങൾ നല്ല രീതിയിൽ മെയിന്റെൻ ചെയ്യുക. ഹെൽമെറ്റ് ധരിക്കുന്നതും മദ്യപിച്ചു വാഹനം ഓടിക്കാത്തതും നിയമപാലകരിൽനിന്നു രക്ഷപ്പെടാനുള്ള മാർഗങ്ങളായി കാണാതെ, സ്വന്തം ജീവൻ രക്ഷിക്കാനുള്ള അവസരങ്ങളായി കാണണം. ട്രാഫിക് സിഗ്നലുകളും നിയമബോർഡുകളും അനുസരിക്കുക.

**അപകടം നടന്നുകഴിഞ്ഞാൽ**

എത്രയുംവേഗം രോഗിയെ അടുത്തുള്ള ട്രോമാ സെന്ററിൽ എത്തിക്കുന്നതിനോടൊപ്പംതന്നെ അപകടം നടന്ന സ്ഥലത്തു ചെയ്യുന്ന പ്രാഥമിക ചികിത്സയും ആശുപത്രിയിലേക്കുള്ള യാത്രയും പ്രധാനമാണ്.

1. രോഗിയെ അപകടം നടന്ന സ്ഥലത്തുനിന്നു സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്കു മാറ്റുക.
2. ആംബുലൻസിനും വൈദ്യസഹായത്തിനുമായി ഉടനെ ബന്ധപ്പെടുക.
3. രോഗിയെ ഉച്ചത്തിൽ തട്ടിവിളിച്ച് പ്രഥമശുശ്രൂഷകന്റെ വാക്കുകൾക്കു കൃത്യമായി പ്രതികരിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.
4. രോഗി പ്രതികരിക്കുന്നെങ്കിൽ ഉടനടി ആശുപത്രിയിലേക്കു മാറ്റുക. കൂടെ രോഗിക്ക് ധൈര്യംകൊടുക്കുക.
5. രോഗി പ്രതികരിക്കുന്നില്ലെങ്കിൽ കഴുത്തിലെ രക്തധമനികളിൽ (carotid artery) ഹൃദയമിടിപ്പ് സ്പർശിച്ചറിയുവാൻ കഴിയുന്നുണ്ടോ എന്നു പരിശോധിക്കുക. (പരമാവധി 10 സെക്കന്റ്).
6. മിടിപ്പ് കിട്ടുന്നില്ലെങ്കിൽ കൃത്രിമശ്വാസോച്ഛ്വാസം നൽകുക. (30 തവണ നെഞ്ചിൽ അമർത്തി ഹൃദയത്തിന്റെ മിടിപ്പ് പുനഃസ്ഥാപിക്കുവാൻ പരിശ്രമിക്കുക. 2 തവണ കൃത്രിമ ശ്വാസംനൽകുക. ഈ പ്രവൃത്തി രോഗിയെ ആശുപത്രിയിൽ എത്തിക്കുന്നതുവരെ നിറുത്താതെ തുടരുക) രോഗിയെ വേഗം ആശുപത്രിയിൽ എത്തിക്കുക.
7. ആശുപത്രിയിലേക്കു യാത്ര ചെയ്യുമ്പോൾ അപകടത്തിൽപെട്ടയാളുടെ നട്ടെല്ലുകൾ നിവർന്നിരിക്കാനും നട്ടെല്ലുകൾക്കു ക്ഷതങ്ങൾ ഉണ്ടാകാതെയും സൂക്ഷിക്കുക.
8. അമിതരക്തസ്രാവമുള്ള ഭാഗങ്ങൾ ബലത്തിൽ കെട്ടിവച്ച് ബ്ലീഡിങ് കുറയ്ക്കുക.
9. കൈകാലുകളിലെ ഒടിവുകൾ ദൃഢമായ വസ്തുക്കൾ കൊണ്ട് കെട്ടി സപ്പോർട്ട് ചെയ്യുക.
10. ഹെൽമറ്റ് എടുത്തുമാറ്റുമ്പോൾ കഴുത്തിലെ നട്ടെല്ല് വളയാതെ നിവർന്നിരിക്കെത്തന്നെ മാറ്റുക.
11. പ്രഥമശുശ്രൂഷകൻ രോഗിയുടെ രക്തം ഉൾപ്പെടെയുള്ള സ്രവങ്ങളുമായി നേരിട്ട് സ്പർശനം ഒഴിവാക്കാൻ പരമാവധി ശ്രമിക്കുക.
12. അപകടങ്ങളിൽ കൂടുതലാളുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മരിച്ചവരെയും സാരമായ പരിക്കുകൾ ഇല്ലാത്തവരെയും ഒഴിവാക്കി വേഗത്തിൽ വൈദ്യസഹായം വേണ്ടവരെ ശ്രദ്ധിക്കുക.
13. വേർപെട്ടുപോയ അവയവഭാഗങ്ങൾ നനഞ്ഞ നേർത്ത തുണികൊണ്ടു പൊതിഞ്ഞ് പ്ലാസ്റ്റിക് കവറിൽ ഇട്ട് അത് ഐസ് ബാഗിലാക്കി ആശുപത്രിയിൽ എത്തിക്കുക (ഐസ്ക്യൂബുകളിൽ നേരിട്ടു തൊടുന്നത് ഒഴിവാക്കുക)

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ എമർജൻസി മെഡിസിൻ വിഭാഗം കൺസൽട്ടന്റാണ്*



സാമൂഹികനവോത്ഥാനനായകനും വിശുദ്ധനുമായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയസന്ന്യാസസമൂഹമായ സി.എം.ഐ. യുടെ 15 പ്രൊവിൻസുകളിൽനിന്നുള്ള 56 വൈദികർ മാന്നാനം സെന്റ് ജോസഫ് ആശ്രമദൈവാലയത്തിൽ വി. ചാവറയച്ചന്റെ കബറിടത്തിനു ചുറ്റും ഒരുമിച്ചുചേർന്നപ്പോൾ.

# അബ്രാഹം മൂഴൂർ ഓർമയായി



കവി, സാഹിത്യകാരൻ, ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു കഴിഞ്ഞ ദിവസം കാലയവനികയ്ക്കുള്ളിൽ മറഞ്ഞ അബ്രാഹം മൂഴൂർ. 85 വയസ്സായിരുന്നു.

കോട്ടയം ജില്ലയിലെ മൂഴൂർ നെല്ലിക്കുന്നേൽ വീട്ടിൽ 1935 മേയ് 19 ന് ജനിച്ച അബ്രാഹം വിദ്യാഭ്യാസാനന്തരം 1954 ഫെബ്രുവരിയിൽ ജോലിയിൽ പ്രവേശിച്ചു. 35 വർഷക്കാലം സർക്കാർ സർവീസിലായിരുന്നു. ജോലിക്കിടയിൽ തുടർവിദ്യാഭ്യാസം നടത്തിയ ഇദ്ദേഹം മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം സമ്പാദിച്ചു. നിരവധി കവിതകളും നോവലുകളും ചെറുകഥകളും ചിന്താശകലങ്ങളും ദീപനാളം ഉൾപ്പെടെയുള്ള ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യകാലകുടിയേറ്റങ്ങളുടെ നേർക്കാഴ്ചയായ 'വല്യപ്പച്ചി' എന്ന നോവൽ ദീപിക വാരാന്തപ്പതിപ്പിലൂടെ ഏറെ ശ്രദ്ധിക്കപ്പെട്ടു.

ഉപനിഷത്ത് പഠനം ഒരു തപസ്യയായി മാറ്റിയ ഇദ്ദേഹം പ്രധാനപ്പെട്ട 11 ഉപനിഷത്തുകളുടെ കാവ്യാവിഷ്കരണം 'അഭയദർശനം' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. 'മനുസ്മൃതി' മറ്റൊരു ശ്രദ്ധേയഗ്രന്ഥമാണ്. ആദ്യജാതൻ (കവിതകൾ), ആശ്വാസരേഖകൾ (ബൈബിൾചിന്തകൾ), ഉപനിഷത്ത് ജ്ഞാനബിന്ദുക്കൾ (കഥാവിഷ്കരണം), അഭയദർശനം എന്നിവയാണ് പ്രധാന കൃതികൾ. ഇതിൽ അഭയദർശനവും ആശ്വാസരേഖകളും ദീപനാളത്തിലൂടെ പ്രസിദ്ധീകരിച്ചവയാണ്. ചിന്തോദ്ദീപകങ്ങളായ ഒട്ടേറെ കവിതകളും ഗാനങ്ങളും ഇനിയും പുസ്തകരൂപത്തിലാകാനുണ്ട്. എ.എം. എന്ന രണ്ടക്ഷരത്തിൽ തൂലികാനാമം സ്വീകരിച്ച അബ്രാഹം മൂഴൂർ, കഴിഞ്ഞ നാലരപ്പതിറ്റാണ്ടായി കുടുംബസമേതം മുത്തോലിയിലാണ് താമസം.

പാലായിലെ കട്ടക്കയം കവിസദസ്സിന്റെ സ്ഥാപകാദ്ധ്യക്ഷനായിരുന്നു. സാമൂഹികവികസനം അടിസ്ഥാനമാക്കിയുള്ള കഥാപ്രസംഗത്തിന് സർക്കാർ അവാർഡും, സാഹിത്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള എ.കെ.സി.സി. പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

മലയാളത്തിലെ ക്രൈസ്തവസാഹിത്യകാരന്മാരിൽ പ്രമുഖനായിരുന്ന അബ്രാഹം മൂഴൂർ ജീവിതത്തിലും ജോലിയിലും സാഹിത്യത്തിലും സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയായിരുന്നു. അബ്രാഹം മൂഴൂർ സാറിന് ദീപനാളം കുടുംബാംഗങ്ങളുടെ സ്മരണാഞ്ജലി.




## അധ്യായം 20

**രാ**വിലെ വീട്ടുവളപ്പിലെ പാവലിനു ചുവട്ടിൽ വളമിടുന്ന ജോലിയിലായിരുന്നു ജിനേഷ്. ഗ്രോബാഗിലും അല്ലാതെയുമായി നട്ടുവളർത്തുന്ന പച്ചക്കറികൾക്കെല്ലാം ചാണകവും ചാരവും പച്ചിലവളവും മാത്രമാണ് അവർ നല്കുന്നത്. കീടബാധയകറ്റാൻ പുകയിലക്കഷായവും ഇലകളിൽ പ്രയോഗിക്കും. മുറിയിൽനിന്നു മൊബൈൽ ശബ്ദിച്ചു. ജിനേഷ് അതവഗണിച്ച് കൃഷിപ്പണികൾ തുടർന്നുകൊണ്ടിരുന്നു. ഫോൺ പലതവണ റിങ് ചെയ്തപ്പോൾ സന്ധ്യ അതെടുത്ത് പുറത്തേക്കു വന്നു.

"എടാ, നിന്റെ വക്കീലത്തിയാ വിളിക്കുന്നെ, ഫോണെടുക്ക്." സന്ധ്യ വിളിച്ചുപറഞ്ഞു. കൈ പെട്ടെന്നു വൃത്തിയാക്കി ജിനേഷ് ഓടിവന്ന് ഫോൺ അറ്റൻഡ് ചെയ്തു.

"ഹലോ, സുമിത്രസാറേ?"

"എന്തെടുക്കുകയായിരുന്നു? ഞാനെത്രതവണ വിളിച്ചു."

''ഞാൻ പുറത്തു കുറച്ച് കൃഷിപ്പണികളായിരുന്നു. പാവല്, പടവലം, വെണ്ട എല്ലാത്തിനും തീറ്റ കൊടുക്കുകാ."

"അവരൊക്കെ പട്ടിണിയായിരുന്നോ?"

''പട്ടിണിയല്ല. എന്നാലും ചിലർക്കൊക്കെ ഒരു ചിമിട്ടില്ലായ്ക. സുമിത്രസാറിന് എന്താ വിശേഷം? പറയ്."

"വിശേഷമൊന്നുമല്ല. രണ്ടാളുകൾ ഇന്ന്, ജിനേഷിനെ കാണാൻ വരും. കേരളാവിഷനിലെ റിപ്പോർട്ടർ ക്രിസ്റ്റി തോമസും ക്യാമറാമേൻ ബിനീഷും. ഇന്റർവ്യൂ എടുക്കാനാ. പുഴക്കര ബംഗ്ലാവ് പൊളിപ്പിച്ചുമാറ്റിയത് ശരിക്കും സംഭവമായിട്ടുണ്ട്. വക്കച്ചനെ ഭയപ്പെട്ട ഒരു കളക്ടർ 'വോളണ്ടറി' എടുത്തു മാറിയ സംഭവമൊക്കെ ഉണ്ടായതല്ലേ?"

"സുമിത്രസാറേ, സത്യം പറയാമല്ലോ, എനിക്കീ പത്രവാർത്തയിലും ടെലിവിഷൻ ഇന്റർവ്യൂവിലുമൊന്നുമത്ര താത്പര്യമില്ല. വെറും പബ്ലിസിറ്റിക്കുവേണ്ടിയാ നമ്മളൊക്കെ പ്രവർത്തിക്കുന്നതെന്ന് ചില പറച്ചിലുണ്ട്."

"ജിനേഷേ, പബ്ലിസിറ്റി ഒരു പാപമൊന്നുമല്ല. ഈ രംഗത്തു പ്രവർത്തിക്കുന്നവർതന്നെ തീരെക്കുറവാണ്. ചില കള്ളനാണയങ്ങളുമുണ്ട്. സമരവും പ്രതിഷേധവും ആളിക്കത്തിച്ചിട്ട് എതിർപക്ഷവുമായി ഒത്തുതീർപ്പുണ്ടാക്കുന്നവർ. അവർ നമ്മുടെ ക്രെഡിബിലിറ്റി കളയുകയാണ്. മറ്റൊരുകാര്യം, പരിസ്ഥിതിസമരങ്ങളിൽ വളരെക്കുറച്ചു മാത്രമേ വിജയിക്കുന്നുള്ളൂ. വിജയിക്കുന്നത് ജനമറിയട്ടെ. ഇതുപോലുള്ള കയ്യേറ്റങ്ങൾ പൊങ്ങിവരട്ടെ."

"സുമിത്രസാർ പറഞ്ഞവർ വന്നോട്ടെ. എനിക്കറിയാവുന്നതുപോലെയൊക്കെ പറഞ്ഞുവിടാം."

"എങ്കിൽ ശരി. തന്റെ കൃഷിപ്പണി നടക്കട്ടെ.'' സുമിത്ര ഫോൺ കട്ടാക്കി. ജിനേഷ് കൃഷികൾക്കുള്ള വളമിടൽ വേഗത്തിൽ പൂർത്തിയാക്കി. പിന്നെ കുളിച്ച് വേഷം മാറി റെഡിയായി. അവൻ സന്ധ്യയുടെയടുത്തേക്കു ചെന്നു. അവൾ തിരക്കിട്ട് തയ്യൽ നടത്തുകയായിരുന്നു.

"ചേച്ചീ, ഉച്ചയ്ക്ക് ഉണ്ണാൻ രണ്ടുപേരുംകൂടി കാണും. ഇന്നെന്താ കറിയുണ്ടാക്കുന്നെ?" ജിനേഷ് ചോദിച്ചു.

"ഇന്നു കറിവയ്ക്കുന്നതൊക്കെ അമ്മയാ. അടുക്കളേലുണ്ട്. എനിക്ക് ഒത്തിരി പണി കിടക്കുന്നെടാ." സന്ധ്യ പറഞ്ഞു.



"അതു പറഞ്ഞാൽ പറ്റില്ല. ചേച്ചിയൊന്നെഴുന്നേറ്റുവാ. ചാനലുകാരാ ഇങ്ങോട്ടു വരുന്നെ. മിക്കവാറും നമ്മളെയെല്ലാം അവരു പിടിക്കും. ഉച്ചയ്ക്കിത്തിരി നന്നായിട്ടു കൊടുക്കണ്ടേ?"

"എടാ, നന്നായിട്ട് കൊടുക്കണമെങ്കിൽ വല്ല ഇറച്ചീം മീനുമൊക്കെ വേണം. ഇവിടെയീ പച്ചക്കറി മാത്രമല്ലേയുള്ളൂ."

''ഇറച്ചീം മീനുമൊന്നും വേണ്ട. നമ്മള് കഴിക്കുന്നത് കൊടുത്താ മതി."

സന്ധ്യ പണി നിർത്തി എഴുന്നേറ്റു. മുടി കെട്ടിവച്ചു.

"എടാ, ചീരക്കറീം പാവയ്ക്കക്കറീം പയറുകറീം ഉണ്ടാക്കാം. തൈരുമുണ്ട്. പോരേ?"

"മതി ചേച്ചീ, ധാരാളം മതി." ജിനേഷ് സന്തോഷത്തോടെ മുറ്റത്തേക്കിറങ്ങി നിന്നു.

പന്ത്രണ്ടുമണി കഴിഞ്ഞപ്പോൾ ക്രിസ്റ്റി തോമസും ബിനീഷും മുറ്റത്തു വന്നു. ചാനലിന്റെ കാർ മെയിൻ റോഡിൽ നിർത്തിയിട്ടിട്ട് ജിനേഷിന്റെ വീട്ടിലേക്ക് അവർ നടന്നെത്തുകയായിരുന്നു.

"ഹലോ ജിനേഷല്ലേ?" ക്രിസ്റ്റി സന്തോഷത്തോടെ തിരക്കി.

"അതെ."

''ഞാൻ ക്രിസ്റ്റി തോമസ്. അത് ക്യാമറമേൻ ബിനീഷ്"

വരുന്നവരുടെ പേരൊക്കെ അഡ്വക്കേറ്റ് സുമിത്ര വിളിച്ചു പറഞ്ഞിരുന്നു.

''സുമിത്ര മേഡം എന്റെ ക്ലാസ്മേറ്റും ഫ്രണ്ടുമാ."

''വരൂ. അകത്തിരിക്കാം.'' ജിനേഷ് ക്ഷണിച്ചു.

"ഇരിക്കുകയൊന്നും വേണ്ട. നമുക്ക് ഈ പാവൽപ്പന്തലിനരികെ ലൊക്കേഷൻ തീരുമാനിച്ചാലോ ബിനീഷ്?'' ക്രിസ്റ്റി ബിനീഷിനെ നോക്കി.

''അതു മതി. നല്ല ബാക്ക് ഗ്രൗണ്ടാ." അവൻ അവളെ അനുകൂലിച്ചു.

പാവൽ പന്തലിനു മുമ്പിലായി ജിനേഷും അഭിമുഖമായി ക്രിസ്റ്റിയും. ബിനീഷ് യഥാസ്ഥാനത്ത് ക്യാമറ ക്രമീകരിച്ചു.

"ജിനേഷ്, കഴിഞ്ഞ നാലു വർഷത്തെ നിരന്തരപോരാട്ടത്തിലൂടെ, കായലോരം കയ്യേറിയുണ്ടാക്കിയ പുഴക്കര ബംഗ്ലാവ് പൊളിച്ചുനീക്കിക്കാൻ കഴിഞ്ഞു. എങ്ങനെ വിലയിരുത്തുന്നു."

"പരിസ്ഥിതി സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ ഒരു വലിയ വിജയമാണുണ്ടായത്. ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്."

"കേസിൽനിന്നു പിൻവാങ്ങുന്നതിന് വലിയ സാമ്പത്തികവാഗ്ദാനവും അതിനു വഴങ്ങാത്തതുകൊണ്ട് കൊടുംഭീഷണിയുമൊക്കെ ഉണ്ടായതായി മനസ്സിലാക്കുന്നു."

"ശരിയാണ്."

"എങ്ങനെ അതിനെയൊക്കെ അതിജീവിച്ചു?"

"പണം വാഗ്ദാനം ചെയ്തപ്പോൾ വേണ്ടെന്നു പറഞ്ഞു. ഭീഷണിയുണ്ടായപ്പോൾ കളക്ടർ ഇടപെട്ടു. എനിക്കു പ്രൊട്ടക്ഷൻ തന്നു."

"കണ്ടിട്ട് ജിനേഷ് തീരെ പാവപ്പെട്ട ഒരാളാണെന്നു തോന്നുന്നു. ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ കേസു നടത്തണമെങ്കിൽ നല്ല പണച്ചെലവുണ്ടാവില്ലേ?

''കുറച്ചൊക്കെ കൈയിൽനിന്നു ചെലവായി. ബാക്കി കാര്യങ്ങൾ മുഴുവൻ അഡ്വക്കേറ്റ് സുമിത്രമോഹനാണ് ചെയ്തുതന്നത്. സുപ്രീംകോടതിയിൽ വാദിച്ചതും സുമിത്രമേഡമാണ്."

"നമ്മുടെ കേരളത്തിലെ പരിസ്ഥിതിസമരങ്ങൾ മിക്കതും പരാജയപ്പെടുകയാണു പതിവ്. എന്തായിരിക്കും അതിനു കാരണം?"

''ആത്മാർത്ഥതയില്ലാതെ വലിയ സമരമാരംഭിച്ച് ഒടുവിൽ എതിരാളിയുമായി ഒത്തുതീർപ്പുണ്ടാക്കി ലക്ഷങ്ങൾ സ്വന്തമാക്കുന്ന കുറെപ്പേരീ രംഗത്തുണ്ട്. അങ്ങനെയുള്ളവരുടെ സമരം എങ്ങനെ വിജയിക്കാനാണ്. ഇപ്പറഞ്ഞവർ പരിസ്ഥിതിയുടെ പേരിൽ മുതലെടുപ്പു നടത്തുന്ന നയവഞ്ചകരാണ്."

"ജിനേഷിന് ഇവിടെ എന്തു മാത്രം സ്ഥലമുണ്ട്?"

"ഇരുപതുസെന്റ്."

''ജോലിയൊന്നുമില്ലാതെ എങ്ങനെ കുടുംബം പോറ്റുന്നു?"

"ജോലിയുണ്ടല്ലോ. മുഴുവൻ സ്ഥലത്തും പച്ചക്കറിക്കൃഷിയുണ്ട്. പൂർണ്ണമായും ജൈവരീതിയിലുള്ളത്. അത് കുറെ സ്ഥിരം വീടുകളിൽ കൊടുക്കുന്നു. അവര് മാർക്കറ്റിലുള്ളതിന്റെ ഇരട്ടി വില എനിക്കു തരുന്നുണ്ട്. അത്രയുമൊന്നും വേണ്ടെന്നു പറഞ്ഞിട്ടും നിർബന്ധിച്ചു തരികയാ. എരുമപ്പാലു വിറ്റും കുറച്ചു പണമുണ്ടാക്കും. ഞങ്ങൾ സുഖമായിപ്പോകുന്നു. പിന്നെ വീട് അത്ര നല്ലതൊന്നുമല്ല. ചേച്ചീടെ കല്യാണം നടത്താനും പറ്റിയിട്ടില്ല."

"ഒരു പരിസ്ഥിതിപ്രവർത്തകൻ എന്നനിലയിലും കർഷകൻ എന്നനിലയിലും മഹത്തായ വ്യക്തിത്വമുള്ള ജിനേഷിന് എന്താണ് പ്രേക്ഷകരോടു പറയാനുള്ളത്?"

"പരിസ്ഥിതി നമ്മുടെ അമ്മയാണ്. അതിനെ നശിപ്പിക്കുന്നവർ മാതൃഘാതകരാണ്."

"കൊള്ളാം, എല്ലാം അതിലുണ്ട്. നമുക്കിവിടെ നിർത്താം." ക്രിസ്റ്റി തോമസ് പറഞ്ഞു.

ഇന്റർവ്യൂ കഴിഞ്ഞെന്നു കണ്ട് സന്ധ്യ അവരുടെയടുത്തേക്കു ചെന്നു.

"എല്ലാവരും വാ. ഊണു കഴിക്കാം." അവൾ ക്ഷണിച്ചു.

എതിരുപറഞ്ഞില്ല. സന്തോഷത്തോടെ ജിനേഷിനൊപ്പമിരുന്ന് നാടൻകറികളും എരുമപ്പാൽ ഉറച്ചുണ്ടാക്കിയ കട്ടത്തൈരും കൂട്ടി ഊണു കഴിച്ചിട്ടാണ് അവർ മടങ്ങിയത്.

''ഇതെന്നാടാ ടി.വി.യിൽ വരുന്നെ?" സന്ധ്യ ചോദിച്ചു.

"അടുത്ത തിങ്കളാഴ്ചാന്നാ പറഞ്ഞെ."

"നീ ഫേമസാകുമല്ലോടാ?"

"ചെറിയ തോതിൽ. സുമിത്രാമേഡത്തിന്റെ ഒരേർപ്പാടാ എല്ലാം."

''കക്ഷിക്ക് നിന്നോടൊരിതുണ്ടെന്നു തോന്നുന്നു.'' സന്ധ്യ പ്രത്യേകഭാവത്തിൽ പറഞ്ഞു.

"പോ ചേച്ചീ, അങ്ങനൊന്നുമില്ല."

"പിന്നെയേ, അമ്മയ്ക്ക് രാവിലെമുതല് ചെറിയ ശ്വാസം മുട്ടലുണ്ട്. ഇന്ന് ഇൻഹേലറടിച്ചിട്ടില്ല. തീർന്നു, പറ്റെ.'' സന്ധ്യ സൂചിപ്പിച്ചു.

''അയ്യോ അതു മുടക്കരുതെന്ന് ഡോക്ടറ് പറഞ്ഞിട്ടുള്ളതാ. ഞാനിപ്പത്തന്നെ ചെന്ന് വാങ്ങിക്കാം."

ജിനേഷ് പെട്ടെന്ന് ഡ്രസ് മാറി. പേഴ്സ് എടുത്തുപോക്കറ്റിലിട്ടു. മുറ്റത്തരുകിൽ വച്ചിരുന്ന ബൈക്കിൽക്കയറി അവൻ ശീഘ്രം പാഞ്ഞു. മെഡിക്കൽ സ്റ്റോറിലേക്ക്."

(തുടരും)

# അനുരഞ്ജനം കർമനിയോഗമാക്കിയ മഹായിടയൻ

വിളക്കുമരം



ഡോ. സിറിയക് തോമസ്

**ദൈ**വത്തിന്റെ ഭാഗ്യാനുഗ്രഹങ്ങൾ ആർക്കും ഏതുപ്രായത്തിലും ലഭിക്കാമെന്നതിന്റെ തെളിവും സാക്ഷ്യവുമായിരുന്നു ഫാദർ വർക്കി വിതയത്തിൽ എന്ന റെഡംപ്റ്ററിസ്റ്റ് സന്ന്യാസസഭാധിപനെ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മാർപാപ്പ നിയമിച്ചത്. റോമിന്റെ ആ വഴിക്കുള്ള തീരുമാനം ഫാദർ വിതയത്തിലിനു മാത്രമല്ല, സീറോ-മലബാർ സഭയിലെ ബിഷപ്സ് സിനഡിനും വൈദികർക്കും വിശ്വാസിസമൂഹത്തിനും ഒരുപോലെ അദ്ഭുതമുളവാക്കുന്നതായി. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായിട്ടായിരുന്നു ആദ്യ നിയമനമെങ്കിലും നാളുകൾക്കകം മാർപാപ്പാ അദ്ദേഹത്തെ മേജർ ആർച്ചുബിഷപ്പായി ഉയർത്തി; തുടർന്നു കർദ്ദിനാൾ പദവിയും നൽകുകയായിരുന്നു.

മാർ വർക്കി വിതയത്തിലിന്റെ നിയമനത്തിനു സഭയിൽ പൊതുവേ വലിയ സ്വാഗതമാണ് ലഭിച്ചത്. ഒരു സന്ന്യാസസഭാവൈദികനെ, ജന്മനാ സീറോ-മലബാർസഭാംഗമെങ്കിലും ലത്തീൻ സഭയുടെ ഭാഗമായ ഒരു സന്ന്യാസസഭാംഗത്തെ, സീറോ-മലബാർ സഭയുടെ തലവനായി നിയമിച്ചതിൽ ചില പരിഭവങ്ങൾ സഭയിൽ അവിടെയും ഇവിടെയും ഉണ്ടാകാതെയുമിരുന്നില്ല. ആരാധനക്രമ തർക്കത്തിൽപ്പെട്ട ബിഷപ്സ് സിനഡിലെ ഇരുവിഭാഗങ്ങൾക്കും റോമിന്റെ തീരുമാനം തികച്ചും അപ്രതീക്ഷിതമായിരുന്നു.

മാർ വർക്കി വിതയത്തിലിനെ ആദ്യം കാണുന്നത് 1950-60 ൽ പാലാ സെന്റ് തോമസ് കോളജിൽ ഞാനൊരു പ്രീ-യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരിക്കുമ്പോഴാണ്. ആ വർഷം ഞങ്ങൾ വിദ്യാർത്ഥികളെ ധ്യാനിപ്പിക്കുന്നതിന് അന്നത്തെ പ്രിൻസിപ്പൽ ഫാദർ ജോസഫ് കുരീത്തടം വിളിച്ചുകൊണ്ടുവന്നത് അന്നു വൈദികനായി പട്ടമേറ്റ് അധിക നാളുകളായിട്ടില്ലാതിരുന്ന വളരെ ചെറുപ്പക്കാരനായിരുന്ന ഫാദർ വിതയത്തിലിനെയായിരുന്നു. വിദ്യാർത്ഥികളിഷ്ടപ്പെട്ട ധ്യാനമായിരുന്നു വിതയത്തിലച്ചന്റേത്. പിൽക്കാലത്ത് ഒരിക്കൽ അമ്പതു വർഷം മുൻപത്തെ ധ്യാനത്തിന്റെ കാര്യം പറഞ്ഞപ്പോൾ വിതയത്തിൽപിതാവും അതു കൃത്യമായി ഓർത്തെടുത്തു. കുരീത്തടത്തിലച്ചന്റെ ആകാരപ്രൗഢിയെയും ആജ്ഞാശക്തിയെയും കുറിച്ച് പിതാവ് പ്രശംസിച്ചു പറയുകയും ചെയ്തു. ഹൈക്കോടതി ജഡ്ജിയുടെ മകനാണ് നിങ്ങളുടെ ധ്യാനഗുരുവെന്ന് പ്രിൻസിപ്പലച്ചൻ അച്ചനെ പരിചയപ്പെടുത്തിയത്, അന്നു വിദ്യാർത്ഥികൾക്കിടയിൽ പിതാവിന്റെ റേറ്റിംഗ് കൂട്ടിയെന്നു പറഞ്ഞപ്പോൾ മാർ വിതയത്തിൽ ചിരിച്ചു. എന്നിട്ട് അതു തന്റെയും ആദ്യ ധ്യാനിപ്പിക്കൽപരീക്ഷണമായിരുന്നുവെന്നു നർമം കലർത്തിപ്പറഞ്ഞു.

സീറോ-മലബാർ സഭയുടെ തലവനും പിതാവുമെന്ന നിലയിൽ മാർ വിതയത്തിൽ ചെയ്ത



മാർ വർക്കി വിതയത്തിൽ

സേവനങ്ങൾ ആർക്കും വിസ്മരിക്കാനാവുന്നതല്ല. സഭയിൽ ആരാധനക്രമവിവാദത്തിന്റെ കയ്പുകാലമായിരുന്നല്ലോ അത്. അപാരമായ ക്ഷമയും വിനയവും കൊണ്ടാണ് വിതയത്തിൽ പിതാവ് സീറോ-മലബാർ സഭയിൽ അനുരഞ്ജനത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചത്. പ്രാർത്ഥനയിലായിരുന്നു പിതാവിന്റെ ആശ്രയം. വിഭാഗീയതയുടെ കാഠിന്യം കുറയ്ക്കുക ആദ്യമൊന്നും അത്ര എളുപ്പമായിരുന്നുമില്ല. എങ്കിലും മാർ വിതയത്തിൽ നിരാശനാകാതെ ദൈവാശ്രയത്തിൽ തന്റെ ഉദ്യമങ്ങൾ തുടർന്നുപോന്നു. റോമിന്റെ ശക്തമായ പിൻതുണയും പിതാവിനു തുണയായി.

പവിത്രമായ ഒരു സാന്നിദ്ധ്യമായിരുന്നു കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. എന്നോടും വളരെ വലിയ വാത്സല്യവും അടുപ്പവുമുണ്ടായിരുന്നു. ഒരിക്കൽ ബാംഗ്ലൂർ ധർമാരാം കോളജിന്റെ കോൺവൊക്കേഷനുപോയി. എം.ജി.യിൽ വൈസ് ചാൻസലറാണ് അന്നു ഞാൻ. പിതാവാണ് മീറ്റിംഗിന്റെ അധ്യക്ഷൻ. പിറ്റേന്ന് തിരികെ കൊച്ചിക്ക് ഞങ്ങൾ ഒരേ വിമാനത്തിലായിരുന്നു. അന്ന് ബാംഗ്ലൂർ എയർ പോർട്ട് സിറ്റിയിൽത്തന്നെയാണ്. പഴയ ചെറിയ വിമാനത്താവളം. വിമാനം വരെ നടന്നുവേണം പോകാൻ. നടക്കുമ്പോൾ പിതാവിന്റെ ഹാൻഡ്ബാഗ് ഞാനെടുക്കാമെന്നു പറഞ്ഞു. 'വേണ്ട വേണ്ട. ഒരു വൈസ് ചാൻസലറെക്കൊണ്ടു ബാഗ് ചുമപ്പിക്കാനോ' എന്നായി പിതാവ്. അതൊരു വിശ്വാസിയുടെ അവകാശമാണെന്നു ഞാൻ നിലപാടു പറഞ്ഞപ്പോൾ കർദ്ദിനാൾ പിതാവ് ചിരിച്ചു. ഗോവണി കയറുമ്പോൾ വിശ്വാസിയുടെ അവകാശം താൻ അനുവദിക്കാമെന്നായി പിതാവ്. വിമാനം കയറുമ്പോൾ വിതയത്തിൽ പിതാവ് വാക്കു പാലിച്ചു. ബാഗ് എന്റെ കൈയിൽത്തന്നിട്ടു സാവകാശമാണ് പടികൾ കയറിയത്. ഹൃദയസംബന്ധമായ ചെറിയ പ്രശ്നമുണ്ട് അന്നു പിതാവിന്. വിമാനത്തിൽ അടുത്തടുത്ത സീറ്റുകളിലായിരുന്നു ഞങ്ങൾ. ടേക് ഓഫ് വന്നപ്പോൾ ഞാൻ പതിവുപോലെ ഒരു നിമിഷം കണ്ണടച്ചു പ്രാർത്ഥിച്ചു. പിതാവ് ചെറുതായി എന്റെ കൈയിൽ തട്ടി. എന്നിട്ടു ചോദിച്ചു: "സിറിയക് പ്രാർത്ഥിക്കുകയാണോ?" ഞാൻ ചിരിച്ചു. അപ്പോൾ അടുത്ത ചോദ്യം വന്നു: ''രാവിലെ പ്രാർത്ഥിച്ചില്ലേ?'' ധർമാരാം ചാപ്പലിൽ പിതാവിന്റെതന്നെ കുർബാന കണ്ടിട്ടാണ് ഞങ്ങൾ ഒന്നിച്ചുപോന്നത്. "തീർച്ചയായും" എന്നു ഞാൻ പറഞ്ഞു. അപ്പോൾ പിതാവിന്റെ അടുത്ത ചോദ്യം വന്നു: "Do you think the Lord is so forgetful?'' എനിക്ക് ഉത്തരം മുട്ടി. പിതാവു പറഞ്ഞു: "സിറിയക്, രാവിലെ പ്രാർത്ഥിക്കുമ്പോൾ ദിവസം മുഴുവൻ സമർപ്പിച്ചു പ്രാർത്ഥിച്ചാൽ പിന്നെ ഇടയ്ക്കിടയ്ക്കു തമ്പുരാനെ ഓരോ തവണയും ഓർമിപ്പിക്കേണ്ട കാര്യമില്ല.'' പ്രാർത്ഥനയുടെ പുതിയ ദൈവശാസ്ത്രം. പിതാവു വീണ്ടും ചോദ്യമായി: "സിറിയക് എന്താ പ്രാർത്ഥിച്ചത്? ഈ വിമാനം ഒരു അപകടവും കൂടാതെ കൊച്ചിയിലെത്തണമെന്നല്ലേ?'' ഞാൻ സമ്മതഭാവത്തിൽ ചിരിച്ചു. പിതാവു തുടർന്നു: "പ്രാർത്ഥിക്കേണ്ടത്, ദൈവമേ, ഈ ലോകത്തിൽ ഇന്നു കരയിലും കടലിലും ആകാശത്തിലും സഞ്ചരിക്കുന്ന സർവരെയും കാത്തുകൊള്ളണമേ എന്നാണ്. നമ്മൾ സഞ്ചരിക്കുന്ന വിമാനത്തിനു മാത്രം അപകടം വരുത്തരുതേയെന്ന പ്രാർത്ഥന സ്വാർത്ഥതയാണ്.'' ഞാൻ ശരിക്കും കർദ്ദിനാൾ വിതയത്തിലിന്റെ ഒരാരാധകനായത് അന്നു മുതലാണ്. പ്രാർത്ഥനയ്ക്ക് എത്ര മനോഹരമായ അർത്ഥവും വ്യാഖ്യാനവുമാണ് വിതയത്തിൽ പിതാവ് അരമണിക്കൂർകൊണ്ട് എന്നെ പഠിപ്പിച്ചത്.

മരിക്കുന്നതിനു തലേവർഷമാണ് ആർ.വി. തോമസ് പുരസ്കാരം വിതയത്തിൽ പിതാവിനു ഞങ്ങൾ സമർപ്പിച്ചത്. പിതാവിനു നല്ല സുഖമില്ലായിരുന്നു. ആശുപത്രിയിൽനിന്നാണ് അരമനയിലേക്കു വന്നത്. പുരസ്കാരം ഏറ്റുവാങ്ങിയിട്ടു തിരികെ ആശുപത്രിയിലേക്കു തന്നെ പോവുകയുമായിരുന്നു. എന്റെ പിതാവും വിതയത്തിലിന്റെ പിതാവും സ്വാതന്ത്ര്യസമരകാലത്തു സുഹൃത്തുക്കളും സഹപ്രവർത്തകരുമായിരുന്ന കാര്യവും പ്രസംഗത്തിൽ എടുത്തു പറയുകയും ചെയ്തു.

കർദ്ദിനാൾപിതാവിനെ അവസാനം കണ്ടതും ഒരനുഭവമായി. സുഖമില്ലാതിരിക്കുന്നുവെന്നു കേട്ടാണ് ചെന്നത്. ക്ഷീണിതനായിരുന്നു പിതാവ്. യാത്രപറയുമ്പോൾ പിതാവ് വാച്ചു നോക്കി. പന്ത്രണ്ടു മണിയായല്ലോ. ഇനി ഊണുകഴിച്ചു പോയാൽ മതിയെന്നായി പിതാവ്. 'പന്ത്രണ്ടു മണിയായതല്ലേയുള്ളൂ. പിതാവിനു ഭക്ഷണം ഇവിടെ മുറിയിലുമല്ലേ' എന്നു ഞാൻ. 'അങ്ങനെ നിർബന്ധമില്ല, ലിഫ്റ്റുണ്ട്, ഞാനും കൂടി താഴേക്കു വരാ'മെന്നായി പിതാവ്. ഒന്നിച്ചാണ് ഞങ്ങൾ ഡൈനിങ് ഹാളിൽ പോയത്. ഹാളിൽ നാലുപേർക്കുവീതമിരിക്കാവുന്ന മേശകളും കസേരകളും മാത്രം. പിതാവിനു പ്രത്യേക ഇരിപ്പിടമൊന്നുമില്ല. മറ്റ് അരമനകളിലൊക്കെ (തൃശൂരൊഴിച്ച്) പിതാക്കന്മാർക്ക് പ്രത്യേക ഇരിപ്പിടമാണു കണ്ടിട്ടുള്ളത്. ഞാൻ ചോദിച്ചു: "പിതാവിനു പ്രത്യേക സീറ്റില്ലാത്തതെന്താ? ഇതു സാധാരണ തടിക്കസേരയാണല്ലോ." വിതയത്തിൽ പിതാവു പറഞ്ഞു: "സിറിയക്, പന്തിയിൽ പക്ഷഭേദമൊന്നും പാടില്ലെന്നല്ലേ പ്രമാണം?'' ഊണുകഴിഞ്ഞു വീണ്ടും പിതാവ് മുറിയിലേക്കു വിളിച്ചു. ഒരു കൊന്ത (ജപമാല) ആശീർവദിച്ചു തന്നു. എന്നിട്ടു ചോദിച്ചു: "മിസ്സിസിനുവേണ്ടേ?" പിതാവ് ഒരു കൊന്ത അനുവിനായും പ്രത്യേകം ആശീർവദിച്ചു തന്നു. പിന്നെ എന്നെയും ആശീർവദിച്ചു. ഞങ്ങളുടെ അവസാന കൂടിക്കാഴ്ചയായിരുന്നു അത്.

ഇത്രയ്ക്കു ഭക്തനും വിനയാന്വിതനുമായ ഒരു സഭാപിതാവ് നമുക്കിടയിൽ വേറേ ഉണ്ടായിട്ടില്ല. സ്വന്തം സന്ന്യാസസഭയുടെ സുപ്പീരിയർ ജനറലായി. ഭിന്നതയുണ്ടായ മറ്റൊരു സന്ന്യാസസഭയിൽ സമാധാനദൂതനായി. സീറോ-മലബാർ സഭയിലും അദ്ഭുതം സൃഷ്ടിച്ചു വിതയത്തിൽ പിതാവ്. ആരോടും ക്ഷോഭിച്ചില്ല. ആരെയും ദ്വേഷിച്ചുമില്ല. എല്ലാവരോടും തികഞ്ഞ സമഭാവനയോടെ ഇടപെട്ടു. സ്വന്തനിലപാടുകളിൽ ഉറച്ചുനിന്നു. മനഃസാക്ഷിക്കു വിരുദ്ധമായതൊന്നും ചെയ്തുമില്ല. വിതയത്തിൽ പിതാവിന്റെ വാക്കും പ്രവൃത്തിയും തികച്ചും സുതാര്യമായിരുന്നു. ജനങ്ങൾക്കതു സ്വീകാര്യമാവുകയും ചെയ്തു. പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു പിതാവ്. എന്നും ശാന്തൻ. ആരെയും നിരായുധരാക്കുവാൻ തക്കവണ്ണം സൗമ്യനും. എന്നാൽ, തന്റെ പദവിക്കു ചേരാത്തതൊന്നും വിതയത്തിൽ പിതാവു ചെയ്തതുമില്ല.

ജീവിതസായാഹ്നത്തിലാണു പിതാവിനെത്തേടി കാനോനിക പദവികൾ ഒന്നൊന്നായി എത്തിച്ചേർന്നത്. ബിഷപ്പും ആർച്ചുബിഷപ്പും മേജർ ആർച്ചുബിഷപ്പും കർദ്ദിനാളുമായി. സമാധാനത്തിന്റെ പ്രാവിനെ സഭയിൽ പറപ്പിച്ചശേഷമാണ് വർക്കി വിതയത്തിൽ പിതാവ് അനന്തതയിലേക്കു കടന്നുപോയത്. സമാനതകളില്ലാത്ത വൈദികൻ. മഹാപണ്ഡിതനും. വിനയാന്വിതനായ ബിഷപ്. നല്ല ഭക്തൻ. ആർച്ചുബിഷപ്പായപ്പോഴും പിന്നീട് മേജർ ആർച്ചുബിഷപ്പും കർദ്ദിനാളുമൊക്കെയായപ്പോഴും ഭക്തിക്കോ വിനയത്തിനോ മാറ്റമൊന്നും വന്നതുമില്ല. അനാരോഗ്യത്തിന്റെ അവസാനനാളുകളിൽപ്പോലും പിതാവ് അശേഷം പതറിയതുമില്ല. ജീവിതംപോലെതന്നെ പ്രൗഢമായിരുന്നു ജീവിതത്തിൽനിന്നുള്ള പിതാവിന്റെ വിടവാങ്ങലും. ഹ്രസ്വമായൊരു കാലഘട്ടമേ വിതയത്തിൽപിതാവ് സഭയുടെ സാരഥ്യം വഹിച്ചുള്ളൂ. പക്ഷേ, അതു സീറോ മലബാർ സഭയുടെ സുവർണകാലമായിരുന്നുവെന്നു പറയുവാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതുമില്ല.

ഓർമകളുടെ പ്രണാമം!



# ഒന്നിച്ചു നിൽക്കാൻ പഠിക്കണം

ഫാ. തോമസ് പാട്ടത്തിൽചിറ CMF

**തി**ര തിങ്ങുന്ന കടൽപ്പരപ്പിൽ നങ്കൂരമിട്ടുകിടക്കുന്ന നൗകകളെ കണ്ടിട്ടില്ലേ? അലകളിൽ ആടിയുലയുന്നുണ്ടെങ്കിലും കാറ്റും കോളും അടിയൊഴുക്കും ഒക്കെയുള്ളപ്പോഴും മുങ്ങിത്താഴാതെയും ഒഴുകിനടക്കാതെയും അവയെ സംരക്ഷിച്ചത് ആഴങ്ങളെ മുറുകെപ്പിടിച്ചിട്ടുള്ള അവയുടെ നങ്കൂരങ്ങൾതന്നെയാണ്. ഏതൊക്കെ പ്രതിസന്ധികളെയും ചെറുത്തുനിൽക്കുവാനുള്ള ശേഷി അവയ്ക്കുണ്ട്. തീരത്ത് തലതല്ലിത്തകരാതെയും നടുക്കടലിലേക്കൊഴുകി ചുഴികളിൽ ഒടുങ്ങി നശിക്കാതെയും അവയെ സംരക്ഷിക്കാൻ ആ നങ്കൂരങ്ങൾക്ക് അനായാസം കഴിയും. പ്രതിദിനം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ വിവിധങ്ങളായ സാഹചര്യങ്ങളിൽ, ക്രൈസ്തവകുടുംബങ്ങളുടെ ആധ്യാത്മികതയുടെ പ്രാധാന്യത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ ഈയൊരു ഓർമച്ചിത്രമാണ് തൂലികത്തുമ്പിൽ പൊടുന്നനേ തെളിഞ്ഞുവന്നത്. കലങ്ങിയും തെളിഞ്ഞും നിമിഷംതോറും നിറഭാവങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാഗരസമാനമായ ഇന്നത്തെ ലോകത്തിൽ, ക്രിസ്തീയകുടുംബമായ നൗക നന്മയുടെ നങ്കൂരമിട്ടു കിടക്കേണ്ടത് അത്യാവശ്യമാണ്. ഈ നന്മ ആത്യന്തികമായി കുടുംബത്തിലെ ആത്മീയതയാണെന്നതിൽ തർക്കമില്ല.

**മാറുന്ന ലോകം**

സംസ്കാരങ്ങളുടെ സങ്കലനവും ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ ശീഘ്രവളർച്ചയും പുതുതലമുറയുടെ അദ്ഭുതാവഹമായ ബൗദ്ധികവികാസവും അറിവിന്റെയും അക്ഷരങ്ങളുടെയും തലങ്ങളിലുള്ള അനന്തമായ സാധ്യതകളും മാനുഷികമൂല്യങ്ങളുടെ ശോഷണവും ഒപ്പം ദൈവിക, ധാർമിക, വിശ്വാസബോധ്യങ്ങളുടെ വിലയിടിവുമൊക്ക ആശങ്കാജനകമാംവിധം ലോകത്തെ ചൂഴ്ന്നുനിൽക്കുകയാണ്. പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറുമ്പോഴും മറുവശത്ത് സനാതനവും സർഗാത്മകവും അമൂല്യവുമായ പലതിന്റെയും പടിയിറക്കം സംഭവിക്കുന്നുണ്ട്. നാനാതരത്തിലുള്ള സംസ്കാരങ്ങൾ പരസ്പരം ഇഴചേർന്ന് പുതിയവ നെയ്യപ്പെടുമ്പോൾ അവയിലോരോന്നിലും കൊള്ളാനും തള്ളാനുമുള്ളവ ഏതെല്ലാമെന്നു വിവേചിച്ചറിയുവാൻ ഇന്നത്തെ തലമുറ ശ്രമിക്കുന്നില്ല. ഒരു സംസ്കാരത്തിലും ജീവിതശൈലിയിലും അനുവദനീയവും അംഗീകൃതവുമായവ പലതും ഇതര സംസ്കാരസാഹചര്യങ്ങളിൽ അപ്രകാരം ആയിരിക്കണമെന്നില്ല. ഇതു വ്യക്തമായി മനസ്സിലാക്കാതെ, അല്ലെങ്കിൽ, അതിനായി മനഃപൂർവ്വം മെനക്കെടാതെ, കിട്ടുന്നവയെയും കാണുന്നവയെയുമൊക്കെ കൈവെള്ളയിലൊതുക്കുന്ന സ്വഭാവമാണ് പുതുതലമുറയ്ക്കു പൊതുവേയുള്ളത്. ഇതു തീർത്തും ആപത്കരംതന്നെ. ചേരേണ്ടവയെ തമ്മിൽ ചേർക്കാതെ അത്യാധുനികതയ്ക്കും നൂതനത്വത്തിനും മാത്രം പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള ഇന്നത്തെ മനുഷ്യന്റെ പുരോഗതിയിലൂടെയുള്ള പ്രയാണത്തിൽ ഈടുറ്റതും വിലപ്പെട്ടതുമായ പലതും അവനറിയാതെ കൈമോശം വന്നുപോവുകയാണ്.

ശാസ്ത്രസാങ്കേതികമേഖലകളിൽ അവിശ്വസനീയമായ നേട്ടങ്ങൾ കൈവരിച്ച് മിന്നൽവേഗത്തിൽ സൗരയൂഥങ്ങൾക്കുമപ്പുറം എത്തി നില്ക്കുന്ന മനുഷ്യൻ തന്റെ മസ്തിഷ്കത്തിന്റെയും അത് മെനഞ്ഞെടുത്ത ശാസ്ത്രസിദ്ധാന്തങ്ങളുടെയും സമവാക്യങ്ങളുടെയുമൊക്കെ പിൻബലത്തിൽ ലോകത്തെ നിയന്ത്രിക്കുവാൻ വെമ്പൽകൊള്ളുകയാണ്. തത്ഫലമായി പ്രപഞ്ചത്തെ പൂർണമായും പൊതിഞ്ഞുനില്ക്കുന്ന ദൈവമെന്ന യാഥാർഥ്യം കേവലമൊരു 'കണം' (ദൈവകണം) മാത്രമായി ഒതുങ്ങുകയാണ്. ദൈവത്തെ മറന്നും മാറ്റിനിർത്തിയും എല്ലാം നേടാനാവും എന്ന മിഥ്യാധാരണ മനുഷ്യമനസ്സുകളിൽ മുളപൊട്ടിത്തുടങ്ങിയിട്ടുണ്ട്. കോടിക്കണക്കിനു കിലോമീറ്ററുകൾ ഉയരത്തിലുള്ള അന്യഗ്രഹങ്ങളെ മനുഷ്യൻ വിജയകരമായി കാൽക്കീഴിലാക്കി എന്ന് വീരവാദം മുഴക്കുമ്പോഴും മറുവശത്ത് വെറും നാല്പത് അടി മാത്രം താഴ്ചയുള്ള കുഴിയിൽനിന്നുപോലും ഒരു ജീവനെ രക്ഷിക്കുവാൻ കഴിയാതെ അവൻ വിയർത്തുവിറങ്ങലിച്ചു നില്ക്കുമ്പോൾ നാളിന്നോളം ആരും എങ്ങും എത്തിയിട്ടില്ല എന്ന അടിസ്ഥാനബോധ്യത്തിലേക്കാണ് നാം വളരേണ്ടത്.

മനുഷ്യൻ അറിവ് അന്വേഷിച്ച് അലഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ, അറിവ് അതിന്റെ അത്യാധുനികതലത്തിൽത്തന്നെ ആർജിച്ചെടുക്കുവാനുള്ള എല്ലാ അവസരങ്ങളും ഇന്നത്തെ തലമുറയ്ക്കുണ്ട്. അതിസങ്കീർണ്ണവും അതേസമയം കൂടുതൽ കാര്യക്ഷമവുമായ സാമൂഹിക, സമ്പർക്കമാധ്യമങ്ങളുടെ സഹായത്തോടെ വിജ്ഞാനസമ്പാദനത്തെ വിരൽത്തുമ്പുകളിൽ സാധ്യമാക്കുന്നവരാണ് ഇന്നത്തെ ഇളംതലമുറക്കാർ. അറിവില്ലാത്തവൻ ഇന്ന് അല്പനാണ്. അവന് ആരും വില കല്പിക്കുകയില്ല. അറിവാണ് അളവുകോൽ. ഒരു വ്യക്തിക്കു വിലയും വലിപ്പവും നൽകുന്നതും അതുതന്നെ. അക്കാരണത്താൽ എങ്ങനെയെങ്കിലും അതു നേടിയെടുക്കുവാൻ മത്സരിക്കുകയാണ് മനുഷ്യർ. ഈ മത്സരയോട്ടത്തിൽ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഈടുറ്റ പലതിനും സമയം കണ്ടെത്തുവാൻ അവർ മറന്നുപോകുന്നു. അനുദിനകുടുംബപ്രാർത്ഥനയെ, ഞായറാഴ്ചകളിലെ വിശ്വാസപരിശീലനത്തെ, എന്തിന്, ദിവ്യബലിയെപ്പോലും ടെൻഷന്റെയും കോച്ചിംഗിന്റെയും ഒക്കെ പേരിൽ വേണ്ടെന്നു വയ്ക്കുന്നതിന് കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും യാതൊരു മടിയുമില്ല. ദൈവഭയം, പരസ്പരബഹുമാനം, മാതാപിതാക്കളോടും ഗുരുജനങ്ങളോടും മുതിർന്നവരോടുമൊക്കെയുള്ള ആദരവ്, സ്നേഹം, സഹായം, അനുകമ്പ മുതലായ മാനുഷികമൂല്യങ്ങൾക്കും ഇന്ന് മനുഷ്യബന്ധങ്ങളിൽ കാര്യമായ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പെരുകി വരുന്ന പീഡനങ്ങളും ആത്മഹത്യകളും കുറ്റകൃത്യങ്ങളും ഈ മൂല്യത്തകർച്ചയുടെ പരിണതഫലങ്ങളാണ്.



നാശോന്മുഖമായി നീങ്ങിക്കൊണ്ടിരിക്കുന്ന ഇത്തരം പല പ്രതിഭാസങ്ങളെയും അതിജീവിക്കുന്നതിന് ആഴമായ ആധ്യാത്മികതയുടെ സംസ്കാരം കുടുംബങ്ങളിൽ അന്യംനിന്നുപോകാതെ സൂക്ഷിക്കണം. അതിന്റെ ബഹുമുഖങ്ങളിൽ ആദ്യത്തേത് വിശ്വാസത്തിന്റെ സംസ്കാരംതന്നെയാണ്. ക്രൈസ്തവകുടുംബത്തിന്റെ ആധ്യാത്മികതയുടെ അടിസ്ഥാനം ദൈവത്തിലുള്ള വിശ്വാസമാണ്. അതിനെ പരിപോഷിപ്പിക്കുവാൻ ഉന്നതവിധത്തിലുള്ള അന്തരീക്ഷം കുടുംബങ്ങളിൽ സൃഷ്ടിച്ചെടുക്കുവാൻ മാതാപിതാക്കളും മക്കളും ഒരുമിച്ചു പരിശ്രമിക്കണം. ദൈവവിശ്വാസത്തിന്മേൽ പണിതുയർത്തപ്പെട്ട സൗധമായിരിക്കണം ഓരോ ക്രൈസ്തവകുടുംബവും. അപ്പോൾ മാത്രമേ അതിൽ ദൈവികസാന്നിധ്യം ഉണ്ടാവുകയുള്ളൂ. വെറും വീട് ഭവനമായി മാറുന്നത് അതിനുള്ളിൽ കർത്താവിന്റെ കാല്പാടുകൾ പതിയുമ്പോഴാണ്. ക്രൈസ്തവ ഭവനങ്ങളിൽനിന്നു കർത്താവ് പടിയിറങ്ങിപ്പോകുവാൻ നാം ഒരിക്കലും അവസരം ഒരുക്കരുത്. ദൈവവിശ്വാസത്തിന്റെ ദിവ്യദീപം കുടുംബങ്ങളിൽ എന്നും കെടാതെയുണ്ടാവണം. അതുപോലെതന്നെ, പരസ്പരമുള്ള വിശ്വാസത്തിലും ദമ്പതിമാരും മറ്റു ഭവനാംഗങ്ങളും വ്യാപരിക്കണം. ആഴമേറിയ ദൈവവിശ്വാസത്തിന്റെ നദീതടങ്ങളിൽ മുളപൊട്ടിവളർന്ന് തളിരിട്ടുനില്ക്കുന്ന വൃക്ഷമായിരിക്കട്ടെ ഓരോ ക്രിസ്തീയകുടുംബവും.

രണ്ടാമത്തേത്, പ്രാർത്ഥനയുടെ സംസ്കാരമാണ്. കുടുംബാംഗങ്ങളുടെ കൂട്ടായ പ്രാർത്ഥനയുടെ ധ്വനി ക്രൈസ്തവഭവനങ്ങളിൽ ഇടമുറിയാതെ മുഴങ്ങിക്കേൾക്കണം. നിർഭാഗ്യവശാൽ ഇന്ന് സന്ധ്യാജപം മുടങ്ങാതെ ചൊല്ലുന്ന കുടുംബങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ്. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ മാത്രമേ ഒന്നിച്ച് ഉറപ്പോടെ നിലനിൽക്കുകയുള്ളൂ. അല്ലാത്തവയുടെയൊക്കെ അടിവേരുകൾ ഉണങ്ങിപ്പോകും. ആകയാൽ, മൺമറഞ്ഞുപോയിക്കൊണ്ടിരിക്കുന്ന ജപസംസ്കാരത്തിലേക്കു കുടുംബങ്ങൾ മടങ്ങിപ്പോകേണ്ടത് അത്യാവശ്യമാണ്.


മൂന്നാമത്തേത്, സ്നേഹത്തിന്റെ സംസ്കാരമാണ്. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നൂലിഴകളാൽ അന്യോന്യം ബന്ധിക്കപ്പെട്ടവരായിരിക്കണം കുടുംബാംഗങ്ങൾ. കളങ്കമില്ലാത്ത സ്നേഹമുള്ളിടത്തു മാത്രമേ പരസ്പരബഹുമാനവും സഹായവും കരുതലും ക്ഷമയുമൊക്കെ ഉണ്ടായിരിക്കുകയുള്ളൂ. കുടുംബങ്ങളിൽ സ്നേഹം കവിഞ്ഞൊഴുകുമ്പോൾ അവ കൃപകളുടെ കലവറകളായി മാറും. വീട്ടിലുള്ളവരെ സ്നേഹിക്കുവാൻ കഴിഞ്ഞെങ്കിലേ വേലിപ്പുറത്തുള്ളവരെ സ്നേഹിക്കുവാൻ കഴിയൂ.

നാലാമത്തേത്, ഒരുമയുടെ സംസ്കാരമാണ്. പല കാരണങ്ങളാൽ കുടുംബങ്ങളും കുടുംബബന്ധങ്ങളും ഇന്ന് ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. പരിഹരിക്കാനാവുന്ന നിസാരപ്രശ്നങ്ങളുടെ പേരിൽ ദാമ്പത്യബന്ധങ്ങളുടെ കണ്ണികൾ ഇന്ന് അകന്നുപോകുന്നു. തമ്മിൽ സംസാരിക്കാത്ത മാതാപിതാക്കളുടെയും മക്കളുടെയും സഹോദരങ്ങളുടെയുമൊക്കെ സംഖ്യ കൂടിവരികയാണ്. കുടുംബങ്ങൾ മിണ്ടാമഠങ്ങളായി മാറുന്ന അവസ്ഥ! അഭിപ്രായവ്യത്യാസങ്ങളും അസൂയയും സൗന്ദര്യപ്പിണക്കങ്ങളുമൊക്കെ മറന്ന് ഭവനാംഗങ്ങൾ ഐക്യത്തിൽ വസിച്ചെങ്കിൽ മാത്രമേ കുടുംബം കെട്ടുറപ്പുള്ളതായിത്തീരൂ. ഒന്നിച്ചു നിൽക്കാൻ പഠിക്കട്ടെ; അപ്പോൾ പ്രതിസന്ധികളെ നേരിടുവാനുള്ള മനക്കരുത്തും ആത്മബലവും ഓരോ കുടുംബത്തിനും താനേ കൈവരും.

അവസാനത്തേത്, സുവിശേഷത്തിന്റെ സംസ്കാരമാണ്. ക്രൈസ്തവകുടുംബങ്ങളിൽ സുവിശേഷത്തിന്റെ സംസ്കാരം രൂപപ്പെടണം. അതിന് അവയോരോന്നും സുവിശേഷമൂല്യങ്ങളുടെ യഥാർഥ വിദ്യാലയമായി പരിണമിക്കണം. സുവിശേഷത്തിന്റെ വഴി നന്മയിലേക്കും സ്നേഹത്തിലേക്കും, സമാധാനത്തിലേക്കും നീണ്ടുകിടക്കുന്ന ഒന്നാണ്. സുവിശേഷമൂല്യങ്ങളുടെ ബാലപാഠങ്ങൾ കുഞ്ഞുങ്ങൾ ചൊല്ലിപ്പഠിക്കേണ്ടത് കുടുംബങ്ങളിലാണ്. വചനവായനയും വിചിന്തനവും കുടുംബാന്തരീക്ഷത്തിന്റെ പവിത്രതയ്ക്ക് മാറ്റുകൂട്ടും. നന്മയുടെ നൂറുമേനി നല്കുന്ന വചനവിത്തുകൾ കുഞ്ഞുങ്ങളുടെ ഹൃദയവയലുകളിൽ ചെറുപ്പത്തിലേതന്നെ വിതറുവാനും അവയുടെ വളർച്ചയ്ക്കു വേണ്ടുന്നതെല്ലാം ചെയ്തുകൊടുക്കുവാനും അപ്പനമ്മമാർക്കു കടമയുണ്ട്. അതിന് ആദ്യമേ അവരുടെയുള്ളിൽ വചനം ഇടംപിടിക്കണം.

മുകളിൽ പ്രതിപാദിച്ചതും, കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഇന്ന് ക്രമേണ കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നതുമായ മാറ്റെഴുന്ന സംസ്കാരങ്ങളുടെ തിരുശ്ശേഷിപ്പുകളെയെങ്കിലും കുടുംബാന്തരീക്ഷങ്ങളിലേക്കു തിരിച്ചുകൊണ്ടുവന്ന് പുനഃപ്രതിഷ്ഠിച്ചെങ്കിൽ മാത്രമേ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകമാകുന്ന നടുക്കടലിന്റെ അടിയൊഴുക്കുകളിൽ അകപ്പെട്ട് മുങ്ങിനശിക്കാതെ, ആധ്യാത്മികതയുടെ, നന്മയുടെ നങ്കൂരമിട്ടുകിടന്ന് ആപത്തുകളെ അതിജീവിച്ചു മുന്നേറുവാൻ ക്രൈസ്തവകുടുംബങ്ങളാകുന്ന കൊതുമ്പുവള്ളങ്ങൾക്കു കഴിയൂ. അതിനാവശ്യമായ അനുഗ്രഹങ്ങൾ നസ്രസിലെ തിരുക്കുടുംബം എല്ലാ കുടുംബങ്ങൾക്കും ഈ നവവത്സരത്തിന്റെ നാളുകളിൽ നൽകുമാറാകട്ടെ.

■





**ജനുവരി 24**
**ദനഹാക്കാലം**
**നാലാം ഞായർ**



സംഖ്യ 11:23 – 35
ഏശ 46:5 – 13
ഹെബ്രാ 7:23 – 28
യോഹ 2:1 – 11

**ഡോ. തോമസ് വടക്കേൽ**

# മിശിഹായുഗത്തിന്റെ സമൃദ്ധി




സമാന്തരസുവിശേഷങ്ങളിൽ - മത്തായി, മർക്കോസ്, ലൂക്കാ- രേഖപ്പെടുത്താത്തതും നാലാം സുവിശേഷത്തിന്റേതു മാത്രവുമായ ഈശോയുടെ പരസ്യജീവിതാരംഭത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് ഇന്നത്തെ സുവിശേഷത്തിൽ (യോഹ. 2:1-11) നമ്മൾ ശ്രവിച്ചത്. യോഹന്നാന്റെ സുവിശേഷത്തിലെ 'അടയാളങ്ങളുടെ പുസ്തകം' (The Book of Signs) എന്ന ഭാഗം (യോഹ 2-12 അധ്യായങ്ങൾ) ആരംഭിക്കുന്നത് കാനായിലെ കല്യാണവിരുന്നിലെ വെള്ളം വീഞ്ഞാക്കി മാറ്റുന്ന അടയാളങ്ങൾവഴിയാണ്. 'ഇതിലും വലിയ കാര്യങ്ങൾ നീ കാണും' (യോഹ 1:49) എന്ന് നഥാനിയേലിനോട് ഈശോ പറഞ്ഞ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് ഈ അദ്ഭുതം.

മൂന്നാം ദിവസം, ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്ന് നടന്നു (യോഹ 2:1). 'മൂന്നാം ദിവസം' (The third day) എന്നത് പ്രതീകാത്മകമായും വാച്യാർത്ഥത്തിലും വ്യാഖ്യാനിക്കാം. പ്രതീകാത്മകമായി ഇത് ഈശോയുടെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നുവെങ്കിലും മുൻവചനങ്ങളുടെ വെളിച്ചത്തിൽ, 1:50-51 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കാലതാമസം കൂടാതെ സംഭവിച്ചു എന്നാണ് വാച്യാർത്ഥത്തിൽ മനസ്സിലാക്കേണ്ടത്. ഈശോ നല്കിയ വാഗ്ദാനങ്ങൾ 'ഉടനേ'തന്നെ നിറവേറിത്തുടങ്ങിയിരിക്കുന്നുവെന്നു സാരം. വിവാഹവിരുന്ന്; യഹൂദവിവാഹങ്ങളുടെ പ്രത്യേകത അത് ഏറെ ദിവസം നീണ്ടുനിൽക്കുന്നു എന്നതാണ്. സാധാരണമായി ബുധനാഴ്ചകളിൽ നടക്കുന്ന വിവാഹത്തിനുശേഷം വധുവിനെ വരന്റെ ഭവനത്തിലേക്ക് ആഘോഷപൂർവ്വമായി ആനയിക്കുന്ന ഒരു പതിവുണ്ട്. അതിനെത്തുടർന്നുള്ള വിഭവസമൃദ്ധമായ വിരുന്നാണ് ഈ അദ്ഭുതത്തിന്റെ പശ്ചാത്തലം.

യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു (യോഹ. 2: 1b-2). യോഹന്നാൻ സുവിശേഷകൻ ഈശോയുടെ അമ്മയെ അവളുടെ പേരായ 'മറിയം' എന്നു വിളിക്കുന്നില്ല. മറിച്ച്, എപ്പോഴും മറിയത്തെ വിളിച്ചിരുന്നത് 'അമ്മ' (Mother) എന്നായിരുന്നു. ഈശോയുടെ അമ്മ (2:1,3), അവന്റെ അമ്മ (2:5;19:25); നിന്റെ അമ്മ (19:27) എന്നിങ്ങനെയുള്ള പ്രയോഗങ്ങളിലൂടെ മറിയത്തിന്റെ മാതൃസഹജമായ ഭാവത്തെയാണ് സുവിശേഷകൻ സൂചിപ്പിക്കുന്നത്.

അവിടെ വീഞ്ഞു തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല (യോഹ. 2:3). അതിഥിയായി എത്തിയവൾ ആതിഥേയന്റെ വിഷമം മനസ്സിലാക്കുകയാണ് ഇവിടെ. മറിയത്തിന്റെ 'അമ്മ'ഭാവത്തിന്റെ നന്മയാണ് ഈ വാക്കുകളിൽ വ്യക്തമാകുന്നത്. യഹൂദവിവാഹങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് വീഞ്ഞ്. വീഞ്ഞു തീർന്നു പോവുക എന്നത് ആതിഥേയന് ഏറെ അപമാനകരവും വിഷമജനകവുമാണ്. വിഷമസന്ധിയിലുള്ളവന് ആശ്വാസമാകുന്നവളാണ് 'അമ്മ'.

**അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ (യോഹ 2:5). മകൻ എപ്രകാരമാണ് 'ആശ്വാസദായകൻ' ആകുന്നത് എന്നറിയില്ലായെങ്കിലും അവൻ 'ആവശ്യം മനസ്സിലാക്കി ഇടപെടും' എന്ന് അമ്മയ്ക്ക് ഉറച്ച വിശ്വാസവും പൂർണ ബോധ്യവുമുണ്ടായിരുന്നു. മകനെ മനസ്സിലാക്കിയ ഒരു അമ്മയുടെ വാക്കുകളാണിത്. പുത്രൻ ചെയ്യാൻ പോകുന്ന കാര്യങ്ങളോടു സഹകരിക്കുന്ന അമ്മയാണ് മറിയം.**

യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല (യോഹ 2:4). ഈശോ അമ്മയെ അഭിസംബോധന ചെയ്യുന്നത് 'സ്ത്രീയേ' എന്നാണ്. 'ഗിനെ' (gyne) എന്ന ഗ്രീക്ക് പദം മുതിർന്ന വനിതകളെ (adult female) വിളിക്കുന്നതിന് ഉപയോഗിക്കുന്നതാണ്. ഈ അഭിസംബോധന ഒരു ശകാരമോ, അവജ്ഞ നിറഞ്ഞ വിളിയോ ആയി കരുതേണ്ടതില്ല. മാതൃ-പുത്രബന്ധത്തെ നിഷേധിച്ചുപറയുന്ന ഒരു പ്രസ്താവനയുമല്ല. വിവിധ സന്ദർഭങ്ങളിൽ ഈശോ ഈ ശൈലി സ്വീകരിച്ചിട്ടുമുണ്ട് (മത്താ 15:28; ലൂക്കാ 13:12; യോഹ 4:21; 8:10; 19:26).

'എനിക്കും നിനക്കും എന്ത്' എന്ന ഈശോയുടെ ചോദ്യത്തെ അവിടുത്തെ താത്പര്യക്കുറവോ വൈമനസ്യമോ അല്ല സൂചിപ്പിക്കുന്നത്. മറിച്ച്, സെമറ്റിക് ശൈലിയിൽ 'ഞാൻ എന്തു ചെയ്യണമെന്ന് നീ ആഗ്രഹിക്കുന്നു' എന്ന അർത്ഥമാണ് ഈ പ്രയോഗത്തിനുള്ളതെന്ന് വിശുദ്ധഗ്രന്ഥപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 'എന്റെ മണിക്കൂർ' എന്നത് ഈശോയുടെ 'മഹത്ത്വ'ത്തിന്റെ സമയത്തെയാണു കുറിക്കുന്നത്.


അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ (യോഹ 2:5). മകന്റെ സംസാരശൈലി പരിചിതമായിരിക്കുന്ന, അവനെ അറിയുന്ന അമ്മ, മകന്റെ ഈ തുടർപ്രവർത്തനങ്ങൾക്കുവേണ്ടി വഴി ഒരുക്കുകയാണ്. മകൻ എപ്രകാരമാണ് 'ആശ്വാസദായകൻ' ആകുന്നത് എന്നറിയില്ലായെങ്കിലും അവൻ 'ആവശ്യം മനസ്സിലാക്കി ഇടപെടും' എന്ന് അമ്മയ്ക്ക് ഉറച്ച വിശ്വാസവും പൂർണബോധ്യവുമുണ്ടായിരുന്നു. മകനെ മനസ്സിലാക്കിയ ഒരു അമ്മയുടെ വാക്കുകളാണിത്. പുത്രൻ ചെയ്യാൻ പോകുന്ന കാര്യങ്ങളോടു സഹകരിക്കുന്ന അമ്മയാണ് മറിയം.

ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു (യോഹ 2:7). യഹൂദരുടെ ശുദ്ധീകരണകർമത്തിനുള്ള ആറു വലിയ കൽഭരണികളിൽ വെള്ളം നിറയ്ക്കുന്നവർ ഈശോയുടെ കല്പന അനുസരിക്കുന്നവരാണ്. ശൂന്യമായിരുന്ന കൽഭരണികളിലാണ് അവർ വക്കോളം വെള്ളം നിറച്ചത്. ഇതു 'മിശിഹായുഗത്തിന്റെ സമൃദ്ധി'യാണ് സൂചിപ്പിക്കുന്നത്. എല്ലാം സമൃദ്ധമായി നല്കുന്നവനാണ് ഈശോ.

കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചുനോക്കി. അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകൻ അറിഞ്ഞിരുന്നു (യോഹ 2:9). ഈശോയോടുകൂടെ നടന്നിരുന്നവർ അവിടുത്തെ അറിഞ്ഞു. അവിടുത്തോടുകൂടെ ആയിരിക്കുവാൻ സാധിക്കാത്തവർക്ക് അവിടുത്തെ മഹത്ത്വം അറിയാൻ സാധിക്കില്ല. തന്റെ മുമ്പിലുള്ള നല്ല വീഞ്ഞിനെ കലവറക്കാരൻ രുചിച്ചുവെങ്കിലും അതിന്റെ സ്രഷ്ടാവിനെ അറിയാത്ത അവൻ അവിടുത്തെ മഹത്ത്വം പൂർണമായി ഗ്രഹിച്ചില്ല. ഈശോയോടുകൂടെ നടക്കുമ്പോഴാണ് അവിടുത്തെ സമ്പൂർണമായി അനുഭവിക്കാൻ സാധിക്കുന്നത്.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**മിനി സെബാസ്റ്റ്യൻ**
**തുറയ്ക്കൽ, മുതലക്കോടം**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഷൈനി തങ്കച്ചൻ**
**തൊട്ടിയിൽ, പാലാ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ടെസി മാനുവൽ**
**കുറവിലങ്ങാട്**

**അനുഗ്രഹസ്മരണ**



**സാബു & ഫാമിലി**
**അയർക്കുന്നം**



# കാലം തെറ്റിവരുന്ന മഴയും കാലാവസ്ഥാമാറ്റങ്ങളും



ഗിഫു മേലാറ്റൂർ

**ഏ**താനും വർഷങ്ങളിലെ കേരളത്തിലെ വർഷപാതം ശ്രദ്ധിച്ചാൽ കാലാവസ്ഥ വ്യതിയാനപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കാം. കാലാവസ്ഥാവ്യതിയാനം പരിസ്ഥിതിസംരക്ഷണവാദികൾ ഇടയ്ക്കിടയ്ക്ക് എടുത്തിടുന്ന കടിച്ചാൽ പൊട്ടാത്ത ആശയമാണെന്ന് ഇന്ന് ആരും പറയില്ല. മനസ്സുതുറന്നു പ്രകൃതിയെ ഒന്നു വീക്ഷിച്ചാൽ ഇതു മനസ്സിലാകും. ന്യൂനമർദങ്ങൾ സൃഷ്ടിക്കുന്ന കാലം തെറ്റിയുള്ള കനത്ത മഴ കേരളത്തിൽ സാധാരണമായിക്കഴിഞ്ഞു. മുറ തെറ്റാതെ എത്തുന്ന കാലവർഷം മെല്ലെ അപ്രത്യക്ഷമാകുന്നു. സമശീതോഷ്ണത്തിന്റെ അഹങ്കാരങ്ങളും അടങ്ങുകയാണ്. ഒന്നുകിൽ കടുത്ത ചൂട്. അല്ലെങ്കിൽ കനത്ത മഴ. ഇതായിരിക്കുന്നു അവസ്ഥ. അതുകൊണ്ട് പരിസ്ഥിതിനാശത്തെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിൽ കുറച്ചുകൂടി ഗൗരവമായി നടക്കേണ്ടതാണ്. പിടിവാശികൾക്കും അതിവൈകാരിക സമീപനത്തിനുമപ്പുറം യാഥാർഥ്യ ബോധത്തോടെയുള്ള നടപടികൾ അനിവാര്യമാണ്. ഭരണാധികാരികളും പൗരന്മാരും ഒരുപോലെ ചർച്ച ചെയ്യേണ്ട വിഷയമാണിത്.

### പഠനങ്ങൾ വ്യക്തമാക്കുന്ന കണക്കുകൾ

ഈ ദിശയിലുള്ള ചിന്തകൾ ഉണർത്തുന്ന റിപ്പോർട്ടാണ് ഹിന്ദുസ്ഥാൻ ടൈംസ് അടക്കമുള്ള മാധ്യമങ്ങളും വെബ്സൈറ്റുകളും പുറത്തുവിട്ടിരിക്കുന്നത്. ദക്ഷിണേഷ്യയിലാകെയും ഇന്ത്യയിൽ പ്രത്യേകിച്ചും വലിയ പലായനങ്ങൾക്ക് കാലാവസ്ഥാവ്യതിയാനവും അനുബന്ധപ്രശ്നങ്ങളും വഴിവയ്ക്കുമെന്നാണ് മുന്നറിയിപ്പ്. ഇന്റേണൽ ഡിസ്പ്ലേസ്മെന്റ് അഥവാ ആഭ്യന്തര പലായനങ്ങളും പുറത്തേക്കുള്ള കുടിയേറ്റങ്ങളും വർധിക്കുമെന്നാണ് പഠനം വ്യക്തമാക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികളെ രണ്ടു തരത്തിൽ കാണാവുന്നതാണ്. ഒന്നാമത്തേത് അപ്രതീക്ഷിതമായി ഉണ്ടാകുന്ന വൻദുരന്തങ്ങളാണ്. വെള്ളപ്പൊക്കം, മലയിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ് തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ, സാവധാനം സംഭവിക്കുന്ന പ്രശ്നങ്ങളുണ്ട്. അന്തരീക്ഷോഷ്മാവ് ഉയരൽ, മരുവത്കരണം, ജൈവവൈവിധ്യനഷ്ടം, കടൽനിരപ്പ് ഉയരൽ, ശുദ്ധജലത്തിലേക്ക് ഉപ്പുരസം കയറൽ, വനനാശം തുടങ്ങിയവ ഇവയിൽപ്പെടുന്നു.

### ദീർഘവീക്ഷണം അനിവാര്യം

സാധാരണഗതിയിൽ സർക്കാറുകൾ അഭിസംബോധന ചെയ്യുന്നത് പ്രകൃതിക്ഷോഭങ്ങളെയാണ്. സാവധാനം സംഭവിക്കുന്ന മാറ്റം ആരും കണക്കിലെടുക്കുന്നില്ല. ജീവിതത്തിന്റെയും ജീവിതോപാധിയുടെയും ഘടന അപ്പാടെ മാറിപ്പോകാൻ കാരണമാണ് സാവധാനം സംഭവിക്കുന്ന പരിസ്ഥിതിമാറ്റം. ഇഞ്ചിഞ്ചായി മരിക്കുന്നതിനു തുല്യമാണിത്. ഇങ്ങനെയുള്ള സ്ലോ ഇംപാക്ടിന്റെ ഭാഗമായി ഉണ്ടാകുന്ന പലായനങ്ങളെക്കുറിച്ചാണ് ക്ലൈമറ്റ് ആക്ഷൻ നെറ്റ്വർക്ക് സൗത്ത് ഏഷ്യയും (കാൻസാ) ആക്ഷൻ എയിഡ് ഇന്റർനാഷനലുംചേർന്ന് തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നത്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ 62 ദശലക്ഷം ദക്ഷിണേഷ്യക്കാരെ അഭയാർഥികളാക്കി മാറ്റുമെന്നാണ് റിപ്പോർട്ട്. പ്രതിസന്ധി 2050 ഓടെ രൂക്ഷമാകും. ഇന്ത്യയിൽനിന്ന് 14 ദശലക്ഷം പേർ പലായനം ചെയ്യേണ്ടിവരും. സർക്കാറുകൾ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിച്ചില്ലെങ്കിൽ ഈ സംഖ്യ മൂന്നിരട്ടിയാകും.

### കാൻസാ റിപ്പോർട്ട്

കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച ലോക ബാങ്ക് പഠനസംഘത്തെ നയിച്ച ബ്രയാൻ ജോൺസ് ആണ് കാൻസാ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്. ശുദ്ധജലക്ഷാമവും വരൾച്ചയും പരിസ്ഥിതിതകർച്ചയുമാണ് വലിയ പ്രതിസന്ധി സൃഷ്ടിക്കുക. പാരീസ് ഉടമ്പടിയിൽ ലോകരാജ്യങ്ങൾ കൈക്കൊണ്ട പ്രതിജ്ഞ പാലിക്കുകയും കാർബൺ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനുള്ള ലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയും മാത്രമാണു പോംവഴി. ആഗോളതാപനം രണ്ട് ഡിഗ്രി സെൽഷ്യസിനു താഴെ നിലനിർത്താൻ ഭരണകർത്താക്കൾ ഉത്തരവാദിത്വം കാണിക്കണമെന്നും റിപ്പോർട്ട് നിർദേശിക്കുന്നു.

### അന്താരാഷ്ട്ര റിപ്പോർട്ടുകൾ

കാലാവസ്ഥാവ്യതിയാനവും അനുബന്ധപ്രശ്നങ്ങളും കാരണം 2050ഓടെ ദക്ഷിണേഷ്യൻ സമ്പദ് വ്യവസ്ഥകളിൽ ജിഡിപിയുടെ രണ്ടു ശതമാനം നഷ്ടപ്പെടും. 2100ഓടെ ഇത് ഒമ്പത് ശതമാനമാകും. ചില പ്രദേശങ്ങളിൽ ആളുകൾ പലായനം ചെയ്യുന്നത് താമസിക്കാനാകാത്തവിധം ചൂടു കൂടുന്നതുകൊണ്ടാകാം. ചില പ്രദേശങ്ങളിൽ കടൽ കയറി അധിവാസയോഗ്യമല്ലാതാകാം. സുരക്ഷിതസ്ഥലങ്ങൾ തേടി പലായനത്തിനിറങ്ങുന്ന ദരിദ്രർ അവരുടെ ഉള്ള സമ്പാദ്യം മുഴുവൻ ഈ യാത്രകൾക്കു വിനിയോഗിക്കേണ്ടിവരുന്ന സ്ഥിതിയുമുണ്ടാകും. ഈ പലായനങ്ങൾ മനുഷ്യരെ സ്വാഭാവികവാസസ്ഥലങ്ങളിലെ ഉപജീവന മാർഗങ്ങളിൽനിന്നുള്ള പറിച്ചെറിയലാണെന്നോർക്കണം. ആരും സന്തോഷത്തോടെയല്ല ഈ ദേശാടനം നടത്തുന്നത്.

### ഈ ദുരവസ്ഥയ്ക്കു പരിഹാരം കാണാൻ

വികസിതരാജ്യങ്ങൾ പറയുന്നത് എല്ലാവരും ഒരുപോലെ സംഭാവന ചെയ്യണമെന്നാണ്. എന്നാൽ വികസ്വരരാജ്യങ്ങൾ വാദിക്കുന്നത് ആനുപാതിക സംഭാവനയെക്കുറിച്ചാണ്. വ്യവസായരാജ്യങ്ങളാണ് കൂടുതൽ കാർബൺ ബഹിർഗമനം നടത്തുന്നത്. അതുകൊണ്ട് അവരാണ് ക്ലീൻ എനർജിയിലേക്ക് ആദ്യം മാറേണ്ടത്. ഫോസിൽ ഇന്ധനങ്ങൾക്ക് ബദൽ ഉപയോഗിച്ചു തുടങ്ങേണ്ടതും വൻകിട രാജ്യങ്ങളാണെന്ന് ഇന്ത്യയുടെ നേതൃത്വത്തിലുള്ള വികസ്വരചേരി വാദിക്കുന്നു. ക്യോട്ടോയിലും കോപൻഹേഗനിലും പാരീസിലുമെല്ലാം ഈ ആശയമാണ് മേൽക്കൈ നേടിയത്. അതുകൊണ്ട് ഡൊണാൾഡ് ട്രംപ് അമേരിക്കൻ പ്രസിഡന്റായപ്പോൾ ആദ്യം ചെയ്തത് കാലാവസ്ഥാ ഉടമ്പടിയിൽനിന്നു പിൻവാങ്ങുകയായിരുന്നു. വികസിത രാജ്യങ്ങളുടെ സാമ്പത്തികസ്ഥിതി അട്ടിമറിക്കാനുള്ള തന്ത്രമാണിതെന്നും കാലാവസ്ഥാ വ്യതിയാനം എന്നൊരു പ്രശ്നം നിലനിൽക്കുന്നില്ലെന്നുമായിരുന്നു അദ്ദേഹം പറഞ്ഞത്. ഇതാണ് മുതലാളിത്തത്തിന്റെ സ്വരം. ഭാവിയിൽ മനുഷ്യരാശി എന്തെങ്കിലും ആയിക്കൊള്ളട്ടെ, ഇന്ന് ഞങ്ങൾ ചൂഷണം ചെയ്യുമെന്നാണ് അവരുടെ മുദ്രാവാക്യം.

### ഇരുളടയുന്ന ഭാവിയിലേക്ക്...

മാലദ്വീപ് അടക്കമുള്ള ദ്വീപുരാഷ്ട്രങ്ങൾ മുങ്ങിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥയിൽ അടിക്കടിയുണ്ടാകുന്ന മാറ്റങ്ങൾ കാർഷികവൃത്തി അസാധ്യമാക്കിത്തീർത്തിരിക്കുന്നു. അന്തരീക്ഷമലിനീകരണം അതിന്റെ പാരമ്യത്തിലാണ്. പല നഗരങ്ങളിലും ശുദ്ധവായു കിട്ടാക്കനിയായിരിക്കുന്നു. പുതിയ രോഗങ്ങൾ കടന്നുവന്ന് മനുഷ്യന്റെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യുന്നു. രോഗകാരികളായ അണുക്കൾ എല്ലാ മരുന്നുകളെയും അതിജീവിക്കുന്നു. എല്ലാ രാജ്യങ്ങളും കൈകോർക്കാത്തിടത്തോളം മാനവരാശിയുടെ ഭാവി ഇരുളടഞ്ഞതായിരിക്കും.

■

---

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

## അസ്വാസ്ഥ്യബാധിതം

“കാശ്മീരിലെ ‘അസ്വസ്ഥബാധിത’ പ്രദേശങ്ങളിലേക്കു കൂടുതൽ സൈന്യത്തെ അയയ്ക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയം തീരുമാനിച്ചു.” ഇതൊരു പത്രക്കുറിപ്പാണ്. അസ്വസ്ഥതാബാധിതപ്രദേശം എന്നുദ്ദേശിച്ചാവണം ലേഖകൻ വാർത്തയെഴുതിയത്. ആ അർത്ഥം ലഭിക്കണമെങ്കിൽ അസ്വാസ്ഥ്യബാധിതപ്രദേശമെന്നോ അസ്വസ്ഥതാബാധിതപ്രദേശമെന്നോ എഴുതണം. അസ്വസ്ഥ(സ്വസ്ഥതയില്ലാത്ത)വും ബാധിത(ബാധിക്കപ്പെട്ട)വും വിശേഷണങ്ങളാണ്. വിശേഷണങ്ങൾ പരസ്പരം സമാസിച്ചുകൂടാ. ‘അസ്വസ്ഥബാധിതം’ തെറ്റായ പ്രയോഗംതന്നെ.

‘അസ്വസ്ഥ’മെന്ന വിശേഷണത്തെ അസ്വാസ്ഥ്യമെന്നോ അസ്വസ്ഥതയെന്നോ ആക്കിയാൽ നാമരൂപങ്ങളായി. അസ്വാസ്ഥ്യത്തോടു ബാധിതം ചേർത്ത് അസ്വാസ്ഥ്യബാധിതം എന്നു സമാസിക്കാം. അസ്വസ്ഥതാബാധിതം എന്നായാലും ശരിയായ പ്രയോഗമാണ്. അസ്വാസ്ഥ്യത്തിനും അസ്വസ്ഥതയ്ക്കും സ്വസ്ഥതയില്ലായ്മ, മനസ്സമാധാനമില്ലായ്മ, ക്ഷോഭം എന്നെല്ലാമാണർത്ഥം; ബാധിതം എന്നതിന് ‘affected' എന്നും. അസ്വാസ്ഥ്യബാധിതപ്രദേശത്തിന് അസ്വസ്ഥത ബാധിച്ച പ്രദേശമെന്ന് അർത്ഥം കല്പിക്കാം. സ്വസ്ഥതയില്ലാത്ത പ്രദേശം, അസ്വസ്ഥമായ പ്രദേശം എന്നീ അർത്ഥങ്ങളിൽ അസ്വസ്ഥപ്രദേശം എന്നു സമാസിച്ചാലും ശരിയായ വിവക്ഷിതം ലഭിക്കും.

ഡോ. ടി.ആർ. ശങ്കുണ്ണി വ്യക്തമാക്കുന്നു: “പ്രളയബാധിതംപോലെ അസ്വസ്ഥബാധിതം പ്രയോഗിച്ചുകൂടാ. പ്രളയം നാമമാകയാൽ പ്രളയബാധിതം ശരി. അസ്വസ്ഥം വിശേഷണരൂപമാകയാൽ അസ്വസ്ഥബാധിതം തെറ്റ്. അസ്വാസ്ഥ്യമാണ് നാമരൂപം. അസ്വസ്ഥത എന്നുമുണ്ട്. അവയോടു ബാധിതം ചേർക്കാം. അസ്വാസ്ഥ്യബാധിതപ്രദേശമെന്നോ അസ്വസ്ഥതാബാധിതപ്രദേശമെന്നോ ശരിയായ രൂപം.*

സംസ്കൃതത്തിൽനിന്നു പദങ്ങൾ സ്വീകരിച്ചു സമസ്തപദങ്ങൾ സൃഷ്ടിക്കണമെങ്കിൽ, സംസ്കൃതവ്യാകരണനിയമങ്ങളെക്കുറിച്ച് സാമാന്യധാരണ ഉണ്ടായിരിക്കണം. അതിനു കഴിയുന്നില്ലെങ്കിൽ ആ ശ്രമത്തിനു മുതിരാതിരിക്കുന്നതാണ് നല്ലത്. അസ്വസ്ഥം വിശേഷണവും അസ്വാസ്ഥ്യം നാമവുമാണെന്നു മനസ്സിലാക്കുന്ന ആൾ ‘അസ്വസ്ഥബാധിതം’ എന്നെഴുതുകയില്ലല്ലോ.

** ശങ്കുണ്ണി, ടി.ആർ., ഭാഷാപ്രയോഗത്തിലെ തെറ്റും ശരിയും, എച്ച്. & സി. ബുക്സ്, തൃശൂർ, 2012, പുറം – 58*

Deepanalam Weekly
RNI No : 16998/68
Vol. 53 No. 36 Date of Publication 14 January 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




# അഡ്മിഷൻ തുടരുന്നു

**+2** SCIENCE COMMERCE HUMANITIES

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Hindi TTC - U.P. School, High School
Regular, Postal & Holiday Classes

**6** മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

- +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം
- എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട്
- തുടർന്നു പഠിക്കാം
- ലളിതമായ സിലബസ്
- 5 വിഷയങ്ങൾ പഠിച്ചാൽ മതി
- 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

31 വർഷത്തെ സേവനപാരമ്പര്യം

## നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി.ഒ., പാലാ
Ph: 9495195739, 9495021259

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

KOTTATHIL AYURVEDIC CENTRE



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

മസ്തിഷ്കരോഗങ്ങൾ, നട്ടെല്ല് രോഗങ്ങൾ, അസ്ഥിരോഗങ്ങൾ, സന്ധിരോഗങ്ങൾ, ശിശുരോഗങ്ങൾ
സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ), ത്വക്‌രോഗങ്ങൾ, വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## ST. MARY'S ENGINEERING INSTITUTE

ESTD: 1963
Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.

**2020 – 21 അഡ്മിഷൻ തുടരുന്നു**

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. പാസായ (പ്ലസ്ടു വിജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4–ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

K. UNNIKRISHNAN NAIR
CHAIRMAN
PH: 9447809605, 04822-212795

S. SREEKUMARY M.Sc.
PRINCIPAL
PH: 9447869882, 04822-214132


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com